# ബാലാരാമം

(ഗവേഷണപഠനം)

## എഫ്. ലായ്



# ബാലാരാമം

(ബാലകവിതകൾ, കുട്ടികളുടെ പാട്ടുകൾ,
ചലച്ചിത്ര ഗാനങ്ങൾ, നാടൻ പാട്ടുകൾ)
ഒരു ഗവേഷണ പഠനം

## എഫ്. ലായ്, നീണ്ടകര

സൈന്ധവ ബുക്സ്
പുന്തലത്താഴം, കൊല്ലം – 4

കേന്ദ്ര മാനവ വിഭവ വികസന മന്ത്രാലയം, സാംസ്ക്കാരിക വകുപ്പ്, ഭാരത സർക്കാർ –
(ജൂനിയർ ഫെലോഷിപ്പ്) 1996 VIII - 1 -1998- VII -38

(Malayalam)
**BALA RAMAM**
(Research Study, Essays & Poems in Children's Literature)
**F.LOY**
**LEYAM, NEENDAKARA - 691582**
**KOLLAM, KERALA.**
First Published : 1998 November 14
Copy Right : Author
Type Setting : Zed Computers, Kollam - 1
Cover Design : Pradeep
Production : P.R.Saji Kumar
Printed at : Sujilee Offset Press, Chathannoor
Publishers :
SAINDHAVA BOOKS
Punthalathazham, Kollam-4, Kerala.
**SB.CL. 98.12.500**

(മലയാളം)
**ബാലാരാമം**
ഗവേഷണ പഠനം
**എഫ്.ലായ്**
**ലയം, നീണ്ടകര-691582, കൊല്ലം.**
*പ്രഥമ മുദ്രണം* : 1998 നവമ്പർ 14
പ്രസാധകർ :
സൈന്ധവ ബുക്സ്
പുന്തലത്താഴം, കൊല്ലം - 4.
*ഫെലോഷിപ്*
കേന്ദ്രമാനവ വിഭവ വികസന മന്ത്രാലയം
സാംസ്കാരിക വകുപ്പ്, ഭാരത സർക്കാർ

MINISTRY OF HUMAN RESOURCE DEVELOPMENT
Department of Culture
Government of India, Junior Fellowship
(1996 VIII.1 - 1998 VII - 31)
D.O.No. F 3-4. 96 Dt. 1996. VII 31

# അനുക്രമണിക


പുറം

ക്രമം

| | | |
|---|---|---|
| 1. | ബാലസാഹിത്യം : ഒറ്റനോട്ടത്തിൽ | 5 |
| 2. | ബാലസാഹിത്യം : ഇന്നലെ | 6 |
| 3. | ബാലസാഹിത്യം : ഇന്ന് | 13 |
| 4. | ബാലസാഹിത്യം : നിഗമനം | 14 |
| 5. | അനുബന്ധം | |
| I. | ബാലകവിതകൾ ബഹുവിധം | 17 |
| II. | ബാലജനങ്ങളും ചലച്ചിത്ര ഗാനങ്ങളും | 32 |
| III. | നാടൻ പാട്ടുകൾ : നന്മയുടെ നാമ്പുകൾ | 37 |
| IV. | ബാലസാഹിത്യം : കവികൾ, കൃതികൾ | 41 |
| V. | ബാലസാഹിത്യം : സ്വന്തം കൃതികൾ | 56 |
| VI. | പ്രബന്ധകാരന്റെ ലഘു ജീവചരിത്രം | 63 |
| VII. | ഗവേഷണ പഠന സംശോധകങ്ങൾ | 64 |

# ബാലാരാമം

**ബാലകവിതകൾ – കുട്ടികളുടെ പാട്ടുകൾ – ശിശുഗാനങ്ങൾ**

**ഒരു ഗവേഷണ പഠനം**

**ജൂനിയർ ഫെലോഷിപ്**

**കേന്ദ്ര മാനവ വിഭവ വികസന മന്ത്രാലയം,**

**സാംസ്ക്കാരിക വകുപ്പ്, ഭാരത സർക്കാർ**

D.O.No. F 3-4. 96-CH. 2 Dt. 1996. VII 31

## 1. ബാലസാഹിത്യം ഒറ്റനോട്ടത്തിൽ

ബാലസാഹിത്യം മലയാളഭാഷയിൽ ഇന്നും സമ്പന്നമായിട്ടില്ല. ബാലകവിതകളും കുട്ടികളുടെ പാട്ടുകളും ശിശുഗാനങ്ങളും വേണ്ടത്രയുണ്ടായിട്ടില്ല. ബാലജനങ്ങൾക്കുള്ള പ്രസിദ്ധീകരണങ്ങളേറെ; പക്ഷെ, നിലവാരം നന്നേ കുറവ്. ബാലജനം ഇന്നു ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ മാസ്മര മായാവലയത്തിലാണ്.

ബാലകവിതകൾ രചിക്കുന്ന 200 ൽപ്പരം കവികൾ ഇന്നു കേരളത്തിലുണ്ട്. ബാലമാസികകളിൽ ഒരു കവിതന്നെ ഒട്ടനവധി കവിതകളെഴുതുന്നുണ്ട്. ബാലകവിതകളിലേറെയും ഇന്നു ഗുളികരൂപത്തിലുള്ള നുറുങ്ങുകളാണ്. ബാലകവിതകളിൽ കൂടുതലും കഴമ്പില്ലാത്തവയും നിലവാരമില്ലാത്തവയുമാണ്.

ബാലജനത്തിനായി 200ൽപ്പരം കവിതകളെഴുതിയ കവികളുണ്ടിവിടെ. ബാലകവിതകളിലധികവും അനുകരണങ്ങളും അപഹരണങ്ങളുമാണ്. ബാലജനത്തെ ആകർഷിക്കാൻ ഇന്നത്തെ മിക്ക ബാലകവിതകൾക്കും കഴിയുന്നില്ല. ബാലജനം ബാലകവിതകളെ 'ബാലിശ' കവിതകളായി കണക്കാക്കുന്നു.

**എഫ്. ലായ്**

# 2. ബാലസാഹിത്യം : ഇന്നലെ

ലോകസാഹിത്യത്തിൽ ആദ്യത്തേതാണ് കാവ്യം. ഭാരതത്തിലും ചീന, ഇറ്റലി, ഗ്രീസ്, റോം, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലും പാട്ടുകളും കവിതകളും വളർന്നു വികസിച്ചു വന്നു.

ഹൃദയങ്ങളെ സ്പർശിക്കാനുള്ള അപാര കഴിവ് കാവ്യത്തിനുണ്ട്. അതിനാൽ അവയ്ക്ക് മാനവ മനസ്സുകൾ സംസ്ക്കരിക്കാനും സംസ്ക്കാരം സൃഷ്ടിക്കാനും സാധിച്ചു.

കാവ്യശാഖയിൽ വൈവിധ്യമേറെയുണ്ട്:

| | |
|---|---|
| പദ്യകഥ | (BALLAD) |
| നീണ്ട പദ്യകഥ | (EPIC) |
| വീരകഥനം | (HEROIC) |
| വ്യക്തി കീർത്തി | (EULOGY) |
| വ്യക്തി – സമൂഹ വിമർശനം | (SATIRE) |
| ദുർഗ്രഹ കവിത | (MISTICISM) |
| വിലാപഗാനം | (ELEGY) |
| പ്രശാന്ത ചെറുകവിത | (THE ODE) |
| നാടകീയം | (DRAMATIC) |
| വികാരപര വ്യക്തി കാവ്യം | (LYRIC) |
| നാലുവരി ഖണ്ഡിക | (QUARTRAIN) |
| അഞ്ചുവരി പദ്യം | (BLANK VERSE) |
| പതിനാലുവരി ലഘുപദ്യം | (SONNET) |
| അഭിനയഗാനം | (ACTION SONG) |

ഇവയിൽ മിക്കവയും ബാലസാഹിത്യത്തിലും കാണാം.

ബാലസാഹിത്യ വിഭാഗത്തിലുൾപ്പെടുത്താവുന്ന തരത്തിലുള്ള കുട്ടികളുടെ പാട്ടുകളുടെ കൂട്ടത്തിൽ മലയാളത്തിലെ താരാട്ടു പാട്ട്, ഓണപ്പാട്ട്, തുള്ളൽപ്പാട്ട്, വഞ്ചിപ്പാട്ട് എന്നിവ മാത്രമല്ല, തോറ്റംപാട്ട്, തീയാട്ടുപാട്ട്, കൃഷിപ്പാട്ട്, കൊയ്ത്തുപാട്ട്, തെക്കൻപാട്ട്, വടക്കൻപാട്ട് തുടങ്ങിയവയും കല്യാണപ്പാട്ട്, ഭഗവതിപ്പാട്ട്, തിരുവാതിരപ്പാട്ട് എന്നിവയും പാനയും പെടും.

ഭാരതത്തിൽ ഏറ്റവും പഴക്കം ചെന്ന ബാലസാഹിത്യകൃതി "പഞ്ചതന്ത്രം" തന്നെയാണ്. ഈ ഹൃദ്യമായ കൃതി ഇന്നും ഇൻഡ്യയിലെ ബാലജനങ്ങളും വൃദ്ധജനങ്ങളും ഒരു പോലെ ഇഷ്ടപ്പെടുന്നു. പുതുമ നശിക്കാത്ത പുതുപുത്തൻ ബാലസാഹിത്യ കൃതിയായി പരിലസിക്കുന്നു.

ബാലസാഹിത്യ സൃഷ്ടി ലാറ്റൻ ഭാഷയിൽ ഏഴാം നാറ്റാണ്ടിൽ തന്നെ നടന്നിരുന്നു. ഈസോപ്പ് (B.C 620–560) രചിച്ച പക്ഷിമൃഗാദികളുടെ കഥ കാലത്തെ അതിജീവിച്ച് അനുവാചകർ ആസ്വദിക്കുന്നു.

പത്താം നൂറ്റാണ്ടിലും പല സാഹിത്യ കൃതികൾ പ്രത്യക്ഷപ്പെട്ടിരുന്നു. 1484 ൽ കാക്സ്റ്റൺ വില്യം ഇസോപ്പുകഥകൾ ആദ്യമായി അച്ചടിപ്പിച്ചു.

18–ാം നൂറ്റാണ്ടിൽ സചിത്ര ബാലസാഹിത്യസൃഷ്ടികളും പ്രസിദ്ധീകൃത

ങ്ങളായി. 19–ാം നൂറ്റാണ്ടിലാകട്ടെ, ഒട്ടേറെ ബാലസാഹിത്യകാരന്മാർ പ്രത്യക്ഷപ്പെട്ടു. ജർമ്മനിയിലെ ഗ്രിം ബ്രദേഴ്സ്, ഹാൻസ് കൃസ്ത്യൻ ആൻഡേഴ്സൺ, സ്റ്റിവൻസൺ, ലിവിസ് കരോൾ തുടങ്ങിയവർ ലോകബാലസാഹിത്യം സമ്പുഷ്ടമാക്കി.

20–ാം നൂറ്റാണ്ടിൽ ലോകരാഷ്ട്രങ്ങളിലെല്ലാം ബാലസാഹിത്യം പ്രചരിപ്പിക്കാൻ ക്രിസ്ത്യൻ മിഷനറിമാരും യത്നിക്കാതിരുന്നില്ല. വിദ്യാഭ്യാസം വ്യാപകമാകുകയും സാക്ഷരതാശതമാനം ഉയരുകയും ചെയ്തതോടെ ബാലസാഹിത്യത്തിന്റെ വ്യാപ്തിയും വർദ്ധിച്ചു. ലോകസാഹിത്യത്തിൽ ബാലസാഹിത്യത്തിനു പ്രമുഖ സ്ഥാനവും ലഭിച്ചു.

ബാലസാഹിത്യത്തിൽ കുട്ടികൾക്കിഷ്ടപ്പെട്ടത് കഥകളും കവിതകളുമായിരുന്നു. പാട്ടുകൾ പാടി രസിക്കാനായിരുന്നു അവർക്കു അധികം താത്പര്യം. സംഗീതം സാനന്ദം അവർ ആസ്വദിച്ചു.

കാലക്രമേണ കവിതാരചനയ്ക്ക് അക്ഷരക്ലിപ്തതയുണ്ടായി. വൃത്തം വന്നു. സംഗീതത്തിനും അളവുകോലുണ്ടായി. പ്രാർത്ഥനകളിലും മന്ത്രങ്ങളിലും മാത്രമല്ല പഴമൊഴികളിൽ പോലും വൃത്തത്തിന്റെ സ്വാധീനം ദർശിക്കാം.

വൃത്തവും നർമ്മബോധവും ജീവിതാദർശവും ഉപാസനയും ഭാവനയും സംഗീത ശാസ്ത്രവും ഒക്കെക്കൂടി പാട്ടുകൾ കുട്ടികളുടെ പ്രിയപ്പെട്ടതാക്കി.

സാഹിത്യത്തിൽ മുഖ്യം കാവ്യമാണല്ലോ. ഗദ്യത്തെക്കാൾ പദ്യം തന്നെ മുന്നിൽ. ലോകത്തെ ആദ്യത്തെ നാടകം പോലും പദ്യത്തിലായിരുന്നു, യവന ദേശത്തെ "അജപാലഗാനങ്ങൾ"

ഭാരതത്തിലെ ഭാഷകളുടെ മാതാവ് സംസ്കൃതമാണെന്നു കരുതാം. മലയാളം ദ്രാവിഡ ഭാഷാ കുടുംബത്തിലും എങ്കിലും സംസ്കൃതത്തിൽ നിന്നും മലയാളം ധാരാളം സ്വീകരിച്ച് സമ്പന്നയായിട്ടുണ്ട്.

മലയാളത്തിലെ ദ്രാവിഡ വൃത്തങ്ങൾ നാടോടിപ്പാട്ടുകളുടെ ഈണത്തിലാണു ചിട്ടപ്പെടുത്തിയിട്ടുള്ളത്. "മഞ്ജരി" (ഗാഥ) യും "കേകയും" "കാകളിയും" "കളകാഞ്ചിയും" "വഞ്ചിപ്പാട്ടും" മറ്റും മറ്റും ഈ വൃത്തങ്ങളിലാണ് മുമ്പ് മിക്ക ബാലകവിതകളും രചിക്കപ്പെട്ടിട്ടുള്ളത്.

മലയാളത്തിലെ പ്രാചീന കവിത്രയങ്ങളും ബാലസാഹിത്യത്തെ പരിപോഷിപ്പിച്ചിട്ടുണ്ട്. 'എഴുത്തച്ഛൻ' എന്നറിയപ്പെടുന്ന തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ 16–ാം നൂറ്റാണ്ടിൽ "അദ്ധ്യാത്മരാമായണം കിളിപ്പാട്ട്" എഴുതി. കഥ കിളിയെക്കൊണ്ടു പറയിപ്പിക്കുന്ന, പാടിപ്പിക്കുന്ന പുതുമയുള്ള അവതരണ രീതി ആബാലവൃദ്ധം ജനങ്ങളെയും ആകർഷിച്ചു.

'മഞ്ജരി' വൃത്തത്തിൽ ചെറുശ്ശേരി നമ്പൂതിരി 15–ാം നൂറ്റാണ്ടിൽ തന്നെ കൃഷ്ണഗാഥ എഴുതിയിരുന്നു. പുരാണമാണു കൈകാര്യം ചെയ്തതെങ്കിലും ഭാഷ ലളിതമായിരുന്നതിനാൽ കൊച്ചുകുട്ടികൾക്കു പോലും ആസ്വദിക്കാൻ സാധിച്ചു.

കലക്കത്ത് കുഞ്ചൻ നമ്പ്യാർ 17–ാം നൂറ്റാണ്ടിൽ കുട്ടികൾക്കു ഏറെ ഇഷ്ടപ്പെടുന്ന വിധം 'സ്യമന്തകം' തുടങ്ങിയ തുള്ളൽപ്പാട്ടുകൾ രചിച്ചു. കേരളത്തിലെ ആദ്യത്തെ ഈ ജനകീയ കവിയുടെ കൃതിയിൽ നർമ്മബോധവും നൈർമ്മല്യവും നിശിത വിമർശനവും കാണാൻ കഴിയും.

രാമപുരത്തു വാര്യരുടെ 'നതോന്നത' വൃത്തത്തിലെ വഞ്ചിപ്പാട്ടും താളത്തിൽ,

മേളത്തിൽ പാടാൻ പാകത്തിലായതിനാൽ പിഞ്ചോമനകൾക്കും പ്രിയങ്കരമായി തീർന്നു.

പൂന്താനം നമ്പൂതിരിയുടെ 'ജ്ഞാനപ്പാന' ഭക്തിരസം കരകവിഞ്ഞൊഴുകുന്നതാണെങ്കിലും ലാളിത്യം ബാലജനങ്ങളാൽ ആകർഷിക്കപ്പെട്ടു. ഈ കവിയുടെ കൃതികളും പൗരാണിക കഥകളെ ആസ്പദമാക്കി എഴുതിയവയാണെങ്കിലും എല്ലാം, ബാലജനങ്ങൾക്കും പ്രയങ്കരങ്ങളായിരുന്നു.

കേരളത്തിൽ, മാനവപുരോഗതിയോടൊപ്പം കവിതകളിലും മാറ്റം സംഭവിച്ചു. ഈശ്വര സ്തോത്രങ്ങളോടൊപ്പം സാരോപദേശങ്ങളും മഹദ് സന്ദേശങ്ങളും ബാലിക-ബാലന്മാർക്കു വേണ്ടി സുലഭമായി കവിതകളിൽ കലർത്തിയിരുന്നു. പക്ഷേ, പ്രാചീനകവികൾ കുട്ടികൾക്കു വേണ്ടി വളരെ കുറച്ചു മാത്രമേ കുറിച്ചിരുന്നുള്ളു. അവയാകട്ടെ, പ്രത്യേക ബാലസാഹിത്യമായി പരിഗണിക്കപ്പെട്ടിരുന്നുമില്ല.

കേരളത്തിൽ മറ്റു മൂന്നു മലയാളകവികൾ (ആധുനിക കവിത്രയം) 20-ാം നൂറ്റാണ്ടിൽ കുട്ടികൾക്കു വേണ്ടി കവിതകളെഴുതി - കുമാരനാശാനും ഉള്ളൂരും വള്ളത്തോളും - അവരുടെ ബാലകവിതകൾ ബാലജനം നന്നായി ആസ്വദിച്ചു. പാഠപുസ്തകങ്ങളിൽ അവ സ്ഥാനം പിടിച്ചു. മലയാള ഭാഷയിലെ ബാലസാഹിത്യമായി അവ അംഗീകരിക്കപ്പെട്ടു.

### ആശാൻ

'ആശാൻ ആശയഗംഭീരൻ' എന്നൊരു ചൊല്ല് മലയാള സാഹിത്യകാരന്മാരുടെയിടയിലുണ്ട്. കേരളം കണ്ട കവി പ്രതിഭകളിൽ പ്രഥമഗണനീയനായ കുമാരനാശാൻ കവിതയിൽ പുതുപാത തുറന്നു കൊണ്ടു ബഹുദൂരം സഞ്ചരിച്ചു. നിരവധി നൂതന കൃതിക്ൾ നല്കി മലയാള സാഹിത്യത്തെ സമ്പന്നമാക്കി. സുശിക്ഷിതരായ കാവ്യാസ്വാദകരെ സംതൃപ്തമാക്കാൻ സഗൗരവം സൃഷ്ടി നടത്തിയ അദ്ദേഹം രസാത്മകമായ ബാലകവിതകളും രചിച്ചിരുന്ന മണിമാല, വനമാല, പുഷ്പവാടി എന്നീ 3 കൃതികളിലായി അവയെല്ലാം സമാഹരിച്ചു.

കുമാരനാശാൻ കുട്ടികൾക്കു ഇഷ്ടപ്പെടുന്നവയും പെട്ടെന്നു ദഹിക്കുന്നവയുമായ ഒട്ടേറെ ബാലകവിതകൾ രചിച്ചിരുന്നു. 1922 നു ശേഷമെഴുതിയ വാത്മീകി രാമായണം ആരണ്യകാണ്ഡവും ബാലകാണ്ഡവും കുട്ടികളിൽ കൗതുകമുണർത്തിയിരുന്നു. ആശാൻ സീതയെ കുട്ടികൾക്കു മാതൃകയായി നല്കി. ഒറ്റ പദ്യം പോലും മോശമെന്നു പറയാനാവില്ല. മുതിർന്നവർക്കും വായിച്ചാസ്വദിക്കാൻ പറ്റിയവയായിരുന്നു ആശാന്റെ ബാലസാഹിത്യം.

കുമാരനാശാന്റെ കുട്ടിക്കവിതകളിൽ ശിശുസഹജമായ സംശയങ്ങളും ജിജ്ഞാസയും കുസൃതികളും നിറഞ്ഞു നില്ക്കുന്ന വരികൾ വളരെയധികമുണ്ട്. ചെടിയിൽ നിന്നും പറന്നുയരുന്ന പൂക്കളെപ്പറ്റിയുള്ള കുഞ്ഞിന്റെ ചോദ്യം അത് വ്യക്തമാക്കുന്നു. അവ പൂമ്പാറ്റകളാണെന്ന് അമ്മ തിരുത്തിക്കൊടുക്കുന്നത് എത്ര ഹൃദ്യമായാണു ചിത്രീകരിച്ചിരിക്കുന്നത് !

അമ്മയുടെയും കുഞ്ഞിന്റെയും മാത്രമല്ല അതു വായിക്കുന്നവരുടെയും, വദനങ്ങളിൽ മന്ദഹാസം വിരിയാതിരിക്കില്ല. ഒടുവിൽ ഒരു തത്വോപദേശവും ആശാൻ നല്കുന്നുണ്ട് - "നാമറിയുന്നത് അല്പം മാത്രമെന്ന്". കൂടുതലറിയാൻ കുട്ടിയിൽ കുത്തിവയ്ക്കുന്ന ദോഷരഹിതമായ ഒരു ഔഷധം! ചികിത്സ!

ആശാൻ പരിക്കേറ്റ കുട്ടിയോടും പറയുന്നുണ്ട് :-

"കരയേണ്ട; മുറിവ് ഭൂഷണമാണ് ".

ദൗർലഭ്യം ദൂരീകരിക്കാൻ തീർച്ചയായും ഈ നിർദ്ദേശം ഉപകരിക്കും.

ആശാന്റെ ബാലസാഹിത്യ കൃതികളിൽ മികച്ച കവിതകളായ പൂക്കാലം, മിന്നാമിനുങ്ങ്, തോട്ടത്തിലെ എട്ടുകാലി, ഉദ്ബോധനം, സ്വാതന്ത്ര്യഗാഥ എന്നിവ ഓരോന്നും വ്യത്യസ്ത വിഷയങ്ങളിലാണെങ്കിലും കൊച്ചു കുട്ടികൾക്കു രുചിക്കുന്നവ തന്നെ.

"ഉണരുവിൻ, ഊർജ്ജസ്വലരാകുവിൻ ......" എന്നാഹ്വാനം ചെയ്യുന്ന "പ്രഭാതനക്ഷത്രം" വിദ്യാർത്ഥികളുടെ മനസ്സിൽ നിന്നും മാഞ്ഞു പോകുന്ന ഒന്നല്ല.

ദേഹവും ദേഹിയും ഒന്നെന്നുൽഘോഷിക്കുന്ന അച്ഛനും അവിസ്മരണീയൻ ആണ്.

തേനീച്ചക്കൂട്ടത്തിന്റെ കഠിനാധ്വാനം അനുകരണാർഹമായ ഒരു സാമൂഹ്യ സത്യം വ്യക്തമാക്കുന്നു.

സത്യം ശ്വസിച്ചു ജീവിക്കാനും ആശാൻ ആഹ്വാനം ചെയ്യുന്നുണ്ട്.

നളിനി-ദിവാകരന്മാരുടെ ബാല്യവും ബാലജനങ്ങൾക്കു പ്രിയങ്കരമാംവിധം ചിത്രീകരിച്ചിട്ടുണ്ട്. ജീവിത ശാശ്വത സത്യം കുട്ടികളെ പഠിപ്പിക്കാൻ കുമാരനാശാൻ കുട്ടിക്കവിതകളിലൂടെ ശ്രമിച്ചിരുന്നു. അവ ആലോചനാമൃതവും ആസ്വാദ്യകര വുമായിരുന്നു.

**ഇരയിമ്മൻ തമ്പി**

മലയാളത്തിലെ മാധുര്യമൂറുന്ന മനോഹരമായൊരു താരാട്ടുപാട്ടു കേട്ടാണ് ഈ നൂറ്റാണ്ടിലെ, കേരളനാട്ടിലെ (തിരുവിതാംകൂറിലെ മാത്രമല്ല, കൊച്ചിയിലെയും മലബാറിലെയും) കുട്ടികൾ വളർന്നു വന്നത്. അതീവ ഹൃദ്യമായ "ഓമനത്തിങ്കൾ ക്കിടാവോ......." എന്ന ഇരയിമ്മൻ തമ്പിയുടെ (1783-1856) ആ ഉറക്കുപാട്ടിന്റെ മധുരിമയും പുതുമയും ഇന്നും നശിച്ചിട്ടില്ല. *(പ്രസ്തുത താരാട്ട് പാട്ട് പൂർണ്ണരൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്).*

തിരുവിതാംകൂറിലെ രാജകുടുംബത്തിലെ ഒരു രാജശിശുവിനെ സുഖ സുഷുപ്തിയിൽ ലയിപ്പിക്കാൻ രചിച്ച ആ ശിശുഗാനം കാവ്യാത്മകമാണ്. ഓരോ വരിയിലെയും ഓരോ വാക്കിലെയും ഓരോ അക്ഷരത്തിലെയും തേൻതുള്ളികൾ നുണഞ്ഞു സുന്ദര സ്വപ്നങ്ങൾ കണ്ടുറങ്ങിയ കേരളശിശുക്കളിൽ പലരും കവികളും കവയിത്രികളുമായി മാറിയെന്നതും മറക്കാനാവാത്ത മഹദ്കാര്യമാണ്.

എന്നാൽ ഇന്നു ആ അതിസുന്ദരഗാനം ആലപിക്കുന്ന അമ്മമാർ അത്യ പൂർവ്വമാണ്. ഓമനത്തിങ്കൾ കിടാവുപോലെ മധുരമനോഹര നിദ്രാഗാനം മറ്റൊരു മലയാള മഹാകവിക്കും ഇതേവരെ എഴുതാൻ കഴിഞ്ഞിട്ടുമില്ല.

കേരളത്തിൽ പുരോഗമന പരിവേഷമണിഞ്ഞ പല കവികളും പാവങ്ങളുടെ കാര്യം പ്രതിപാദിക്കുന്ന റൊമാന്റിക് കവിതകൾ രചിച്ചിരുന്നു. നിർജീവ വസ്തുക്കൾക്കു ജീവനുണ്ടെന്നു സങ്കല്പിച്ചു കവിത എഴുതുന്ന പുതിയ യുവകവികളുമുണ്ട്. എന്നാൽ, എന്തുകൊണ്ടോ പഴയ കവികളുടെ അറിവും കഴിവും നന്മയും മേന്മയും പുത്തൻകൂറ്റുകാർക്കുണ്ടെന്നു പറയാൻ പറ്റുന്നില്ല.

മഹാകവി ജി.ശങ്കരക്കുറുപ്പ് പ്രകൃതിയുടെ പാട്ടുകാരനായിരുന്നു. വാങ്മയ ചിത്രങ്ങളിലൂടെ അതീവ സുന്ദരങ്ങളായ അനേകം ബിംബങ്ങൾ ബാലമനസ്സുകളിൽ അദ്ദേഹം പ്രതിഷ്ഠിച്ചു. പ്രകൃതിയേയും കുട്ടികളെയും കൂട്ടിയിണക്കുന്ന കണ്ണിക്കൂടിയായിരുന്നു ജി.

കവലകളായി വിരിഞ്ഞ കൊമ്പുകളുള്ള കലമാനിനേയും കൂ കൂ കൂകും കുയിലിനെയും കുട്ടികളുടെ കൂട്ടുകാരാക്കി. രാജ്ഞിയോടൊപ്പം എഴുന്നെള്ളി വരുന്ന മൃഗരാജാവായ സിംഹത്തെയും കാടുകുലുക്കി കടന്നുവരുന്ന കാട്ടാനയേയും കുട്ടികളുടെ മനോനേത്രങ്ങൾക്കു മുമ്പിൽ നിരത്തി നിറുത്തി.

മഹാകവി ജി സ്വയം ഒരു ബാലനായി ചമഞ്ഞു മേലേ താരകക്കൂട്ടങ്ങളെ നോക്കി അവരുടെ "പള്ളിക്കൂടം പകലാക്കിക്കൂടെ ?" എന്നു ചോദിച്ചു. താഴെ ഇത്തിരി പൂവിനോടു കിന്നാരം പറഞ്ഞു.

"ഇത്തിരി പൂവേ ചുവന്ന പൂവേ
ഇത്തറ നാളും നീ എങ്ങു പോയി ?

എന്നു സംശയം പ്രകടിപ്പിച്ചു.

"മണ്ണിനടിയിൽ ഒളിച്ചിരുന്നോ?
മറ്റു പൂവുകളെ കാത്തിരുന്നോ? ....... എന്നും

" ആരു നിനക്കീ നിറമേകി
ആരുണ്ടു നിനക്കൊരുമ്മ തരാൻ ? ...... എന്നും

ശിശുസഹജമായ ചില ചോദ്യങ്ങളും ഉന്നയിച്ചു
പാവം പൂവിനെ നോവിക്കരുതെന്നു കരുതി :
" ചെയ്യരുതിങ്ങനെ കാറ്റേ നീ
ചെയ്യരുതിങ്ങനെ കാറ്റേ ........" എന്നു വിലക്കുന്നുമുണ്ട്
"കാടും മലയും ഇരുണ്ടല്ലോ-ഇനി എന്തു ചെയ്യും?"
എന്ന ചോദ്യം തികച്ചും കുട്ടിയുടേതുതന്നെ.
"എന്തൊരു ശാന്തത! എന്തൊരു സൗമ്യത!! ....."

എന്ന വർണ്ണന കൊണ്ടു മാനിനെ കുട്ടികളുടെ കൂട്ടുകാരനാക്കി.

ജി യുടെ കുട്ടിക്കവിതകളിൽ പൂവിരിയുന്ന മൃദു-മധുരഗാനവും കേൾക്കാം. സാരോപദേശം "മകനോട്" എന്ന കവിതയിലുണ്ട്. പ്രകൃതി മാതാവിന്റെ ഛായ ജി കവിതകളിൽ നിഴലിക്കുന്നുമുണ്ട്.

മഹാകവി ജിയുടെ ബാലകവിതകളിൽ മുഖ്യങ്ങളായ ഓലപീപ്പി, പുഷ്പകിരീടം, രാധാ റാണി, കാറ്റേ വാ, കടലേ വാ..... മുതലായവ മധുരതരവും മനോഹരവും മറക്കാനാവാത്തവയുമാണ്. അദ്ദേഹത്തിന്റെ ആന വർണ്ണന അതീവ രസകരമാണ്.

"കാടുകുലുക്കി നടന്നു വരുന്നൂ
കരിമലപോലൊരു കൊമ്പൻ
മുമ്പിൽ ചെന്നാൽ ചെമ്പുലിയേയും
കൊമ്പിൽ കോർക്കും വമ്പൻ ......."

ഈ സജീവ ബിംബങ്ങൾ സഹൃദയരുടെ മാനസ യവനികയിൽ നിന്നും മായുകയില്ല.

### "ബാലൻ", ബാലഗ്രന്ഥം, ബാലമാസിക

1950 കളിൽ മാത്യു എം. കുഴിവേലി കുട്ടികളുടെ സാഹിത്യത്തിനു വേണ്ടി ഒരു പ്രത്യേക വിഭാഗം തുറന്നു - ബാലൻ പ്രസിദ്ധീകരണം. ഈ ബാലസാഹിത്യ വിഭാഗത്തിലൂടെ അനവധി ആകർഷകങ്ങളായ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. വളരെ വിലകുറച്ചു വിറ്റ അവ ബാലികാ-ബാലന്മാർ സന്തോഷപൂർവ്വം സ്വീകരിച്ചു. ബാലസാഹിത്യ ചരിത്രത്തിലെ ഒരു നാഴികകല്ലായിരുന്നു അത്.

1960 കളിൽ NBS (SPCS) ബാലസാഹിത്യത്തിനു മുതൽക്കൂട്ടായ ഒട്ടേറെ മെച്ചപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 12 പുസ്തകങ്ങളടങ്ങിയ "സമ്മാനപ്പെട്ടി" കുട്ടികൾക്കു കിട്ടിയ നേട്ടമായിരുന്നു. പ്രശസ്ത സാഹിത്യകാരന്മാരുടെ തെരഞ്ഞെടുത്ത കഥകളും കവിതകളുമടങ്ങിയ ആ സചിത്ര ബഹുവർണ്ണ പുസ്തകങ്ങൾ കുട്ടികളുടെ പ്രിയപ്പെട്ട പുത്തൻകൂട്ടുകാരായിരുന്നു. ഓരോ വർഷവും. നവമ്പർ 14 നു ശിശു ദിനത്തിൽ വിതരണം ചെയ്ത അവ വിവിധ വിഭാഗം വിദ്യാർത്ഥികളുടെ വായന തൃഷ്ണ വർദ്ധിപ്പിച്ചു.

1970 കളിൽ മിക്ക മുഖ്യ മലയാള പത്രങ്ങളും കുട്ടികൾക്കുവേണ്ടി പ്രത്യേക പ്രസിദ്ധീകരണം ആരംഭിച്ചു. മാസികകളിലെയും വാരികകളിലെയും "ബാലപംക്തി" കൾ തുടരേവയായിരുന്നു ബാലമാസികകളുടെ വരവ്. "മാതൃഭൂമി" "കൗമുദി" തുടങ്ങിയ അഴ്ചപതിപ്പുകളിലെ ബാലപംക്തികളിലെഴുതി വളർന്നു വലുതായ കവികളും സാഹിത്യകാരന്മാരും വളരെയുണ്ട്. 'ജനയുഗം' വാരിക 'ബാലയുഗം' പ്രസിദ്ധീകരിച്ചത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

1972 ഫെബ്രുവരി 27 ന് "മലയാള മനോരമ" കോട്ടയത്തുനിന്നും "ബാലരമ" പ്രസിദ്ധീകരിച്ചു തുടങ്ങുകയും രാജ്യത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ബാലമാസിക (ദ്വൈവാരിക)യായി വളരുകയും ചെയ്തു. "പൂമ്പാറ്റ", "മുത്തശ്ശി", "ബാലമംഗളം", "കുട്ടികളുടെ ദീപിക" മുതലായവയും ബാലസാഹിത്യത്തെ പരിപോഷിപ്പിച്ച പ്രസിദ്ധീകരണങ്ങളാണ്.

1980 കളിൽ കുടുതൽ കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ മലയാളത്തിലുണ്ടായി. ബഹുവർണ്ണ ചിത്രങ്ങളും അത്യാധുനിക അച്ചടിയും അവയെ കുട്ടികളുടെ കൂട്ടുകാരാക്കി. അവ സാക്ഷരർക്കു ഒഴിച്ചുകൂടാനാവാത്തതായി മാറി. അവയിൽ ചിത്രകഥകളും കോമിക്സും ശാസ്ത്രകൗതുകങ്ങളും വിചിത്രവാർത്തകളും നുറുങ്ങുകവിതകളും ശിശുഗാനങ്ങളും വേണ്ടുവോളമുണ്ടായി. അവ കുട്ടികളുടെ ഉറ്റതോഴരായി.

1990 കളിൽ ബാലമാസികകൾ ബഹുവർണ്ണ ചിത്രങ്ങൾ മാത്രമല്ല ബഹുവർണ്ണ മേനിത്താളുകൾ സഹിതം DTP അച്ചടിയോടെയാണ് കുട്ടികളുടെ കൈകളിലെത്തിയത്. വിഭവങ്ങളിലും വൈവിദ്ധ്യമുണ്ടായി. പ്രാസപ്രാധാന്യമേറി. 'കാപ്സ്യൂൾ' പാട്ടുകൾ കൂടി. കാർട്ടൂണുകളും കുസൃതി ചോദ്യങ്ങളും കൗതുകവാർത്തകളും ശാസ്ത്ര സത്യങ്ങളും അക്ഷരക്കളികളും സാഹിത്യ മത്സരങ്ങളും സമ്മാനപദ്ധതികളും ഇക്കാലത്തെ ബാലമാസികകളുടെ സവിശേഷതകളാണ്. അവ അധികം ആകർഷകങ്ങളും ആസ്വാദ്യകരങ്ങളും ആയിത്തീർന്നു.

കുഞ്ഞുമനസ്സുകളിൽ കവിത മുളപ്പിച്ച കേരള കവികളിൽ കാവാലം നാരായണപ്പണിക്കർക്കുള്ള സ്ഥാനം വളരെ വലുതാണ്.

''പിച്ച നടക്കും പിഞ്ചോമനയുടെ പിടിവാശിക്കൊരു മുത്തം'' കൊടുത്തുകൊണ്ടു

"കൊച്ചരിപ്പല്ലുകൾ കാട്ടി പുഞ്ചിരിപൊഴിക്കുന്ന" കൊച്ചുകുഞ്ഞിനു നറുമുത്തം നല്കുന്ന, നാടൻ പാട്ടുകളുടെ ആ നവീന സമുദ്ധാരകൻ ബാലജനത്തിനു ഹൃദ്യമായ കാവ്യങ്ങളാണു രചിച്ചത്.

കുഞ്ഞുങ്ങളിൽ 'കവിത' വിതയ്ക്കാൻ കുഞ്ഞുണ്ണിമാഷ്, ചെപ്പിനുള്ളിൽ തേച്ചുമിനുക്കിയ മുത്തുമണികളുമായി വന്നതും ഒരു വലിയ സംഭവമായിരുന്നു. ഒരു മാറ്റത്തിന്റെ കാറ്റുവീശാൻ അതിടയാക്കി. പരിചയമുള്ള വിഷയം, പുതുമയുള്ള അവതരണം, പരിമിതമായ പദങ്ങൾ, വളരെ ചുരുങ്ങിയ വരികളിൽ കുറിച്ച, കാച്ചിക്കുറുക്കിയ കാവ്യാമൃതമായിരുന്നു കുഞ്ഞുണ്ണിക്കവിതകൾ.

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലുവച്ച പാത്രം
വൃത്തിയാക്കി വെച്ചു.

ഈ വരികൾ വായിക്കുമ്പോൾ വദനം പ്രസന്നമാകാത്തതാർക്കാണ്? പൂച്ചകളെ ഇഷ്ടപ്പെടാത്ത കൊച്ചു കുട്ടികൾ ആരെങ്കിലും എവിടെയെങ്കിലുമുണ്ടോ? പാവം പൂച്ചക്കുട്ടികളുടെ കുസൃതികളിൽ കൗതുകപൂർവ്വം വീക്ഷിക്കാത്ത കഠിനഹൃദയന്മാർ എങ്ങും ഉണ്ടാകാനിടയില്ല. പമ്മി പമ്മി നടക്കുന്ന പൂച്ച പാൽപ്പാത്രം നക്കി വൃത്തിയാക്കുന്നു, തന്റെ ദേഹവും വൃത്തിയാക്കുന്നു. ശുചിത്വം ശീലിക്കാൻ ശിശുക്കളെ പ്രേരിപ്പിക്കാൻ പര്യാപ്തം.

********

# 3. ബാലസാഹിത്യം : ഇന്ന്

മലയാളത്തിൽ ഇന്നു കുട്ടികൾക്കു വേണ്ടി കവിത രചിക്കുന്ന ഒട്ടേറെ പ്രമുഖ കവികളുണ്ട്. അക്കിത്തം. M.P. അപ്പൻ, O.N.V., ചെമ്മനം, പാലാ, കുഞ്ഞുണ്ണി, സിപ്പി, P.I. ശങ്കരനാരായണൻ, ബാലാമണിയമ്മ, സുഗതകുമാരി, പെരുമ്പുഴ ഗോപാലകൃഷ്ണൻ, ഉമ്മന്നൂർ ഗോപാലകൃഷ്ണൻ, ശൂരനാട് രവി, മണ്ണും്മൂട്, കണ്ടച്ചിറ ബാബു, പുലിയൂർ രവീന്ദ്രൻ, പുഷ്പാംഗദൻ, ചവറ K.S. പിള്ള, ശ്രീപാദം, ബിമൽ, മുത്തലപുരം മുതലായവരുടെ ബാലകവിതകൾ ബാലജനം ആസ്വദിക്കുന്നുണ്ട്.

ഇവരിൽ ചിലർ ചിരിക്കാനും, ചിലർ ചിന്തിക്കാനും മറ്റുചിലർ വികാരപരമായും വേറെചിലർ ജീവൽ പ്രശ്നങ്ങളെപ്പറ്റിയും എഴുതുന്നു. പ്രാസഭംഗിയേറുമെങ്കിലും പ്രസാദാത്മകത കമ്മിയാണെന്നു കാണാം. കീർത്തനങ്ങൾ കുറിക്കുന്നവർ ഇന്നും ഉണ്ടെങ്കിലും ദുർഗ്രഹ കവിതകൾ എഴുതുന്നവർ വളരെ വിരളമാണ്. പക്ഷേ, ദ്വയാർത്ഥ പ്രയോഗങ്ങൾ ദുർലഭമാണെന്നു പറയുക വയ്യ. പലരുടേയും പല്ലവി പ്രയോഗം ആവർത്തന വിരസത വരുത്താറുമുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും പാട്ടിന്റെ താളലയങ്ങൾ ആകർഷണീയവും ആസ്വാദ്യകരവും ആണ്. മുതിർന്നവരുടെ കവിതകൾ രൂപ, ഭാവ ചലനങ്ങൾ കൊണ്ടു സുന്ദരവും സജീവവുമാണ്. എന്നാൽ ഇന്നു മിക്ക യുവകവികളും വാക്കുകൾ കൊണ്ടു കസർത്തു കാണിക്കാൻ വെമ്പുന്നു. അവ തികച്ചും യാന്ത്രികമായിപ്പോകുന്നു. കേമം പഴയതുതന്നെ.

# 4. ബാലസാഹിത്യം : നിഗമനം

മലയാളത്തിലെ ഏറ്റവും ശക്തമായ സാഹിത്യവിഭാഗങ്ങളിൽ ഒന്നാണു ബാലസാഹിത്യം. കുട്ടികൾക്കുവേണ്ടി ഒട്ടേറെ പ്രസിദ്ധീകരണങ്ങൾ നമ്മുടെ നാട്ടിൽ "നല്ല നിലവാര" ത്തോടെ പ്രകാശനം ചെയ്യുന്നുണ്ട്. പക്ഷേ, പല പോരായ്മകളും ഇവയ്ക്ക് ഇല്ലാതില്ല.

ബാലജനങ്ങൾക്കു വായിക്കുവാനും കളിക്കുവാനും ചിരിക്കുവാനും ചിന്തിക്കുവാനും പറ്റിയവ നന്നെ കമ്മി. "അമ്മേ എനിക്കാ പുസ്തകം ഇഷ്ടപ്പെട്ടു, വാങ്ങിച്ചു തരണേ. ഞാനെന്നും സൂക്ഷിക്കാം അമ്മേ ...." എന്നു കുഞ്ഞുങ്ങൾ പറയുന്ന പുസ്തകമാണ് സാക്ഷാൽ ബാലസാഹിത്യ ഗ്രന്ഥം. മെച്ചപ്പെട്ട പുസ്തകം കുട്ടികൾ കൗതുകപൂർവം കയ്യിലെടുക്കുകയും മറിച്ചു നോക്കുകയും വായിച്ചു രസിക്കുകയും അലമാരിയിൽ കാത്തുസൂക്ഷിക്കുകയും ചെയ്യും. അങ്ങനെ പ്രവർത്തിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന ബാല സാഹിത്യകൃതികൾ വളരെ വളരെ വിരളമാണിന്നും.

മലയാളത്തിൽ ഇന്നു മൂന്നാംകിട മുതൽ പത്താംകിട വരെയുള്ള ബാലസാഹിത്യകൃതികൾ വായിച്ച് വിലയേറിയ സമയം പാഴാക്കേണ്ട ഗതികേടിലാണു പാവം കുഞ്ഞുങ്ങൾ. ദരിദ്രമായ ബാലസാഹിത്യ ശാഖയിലും കച്ചവട മനസ്ഥിതി കടന്നുകൂടിയിട്ടുണ്ട്. അവിടെയും ആഗോളവല്ക്കരണവും വ്യവസായവല്ക്കരണവും വ്യാപിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ തിക്തക ഫലവും ദൃശ്യമാണ്.

ബാലസാഹിത്യ കൃതികൾ വില്ക്കുന്ന പുസ്തകശാലകൾ ഒരുകാലത്ത് ദുർലഭമായിരുന്നു. ആ ദൗർലഭ്യം ഇക്കാലത്ത് കുറെയൊക്കെ മാറിയിട്ടുണ്ട്. ഏറ്റവും കൂടുതൽ എഴുത്തുകാർ ബാലസാഹിത്യ സൃഷ്ടിയിൽ ഏർപ്പെട്ടിട്ടുണ്ട്. കുട്ടികൾക്കു വേണ്ടിയുള്ള പുസ്തകങ്ങൾക്കു ഇപ്പോൾ വലിയ ദാരിദ്യമൊന്നുമില്ല. നിലവാരമുള്ള നല്ല ബാലസാഹിത്യ ഗ്രന്ഥങ്ങൾ തെരഞ്ഞെടുക്കേണ്ടി വരുമ്പോൾ ചിലരെങ്കിലും ചിന്താക്കുഴപ്പത്തിലാകുമെന്നു മാത്രം.

ബാലസാഹിത്യ ഗ്രന്ഥങ്ങളുടെ ഇപ്പോഴത്തെ വർദ്ധിച്ച വിലയും വിഷമിപ്പി ക്കാതിരിക്കില്ല. അതിനൊക്കെ പുറമെ, ആനുകരണവും അപഹരണവും ആവോളമുണ്ട്. ആശയങ്ങൾ കടമെടുത്തും കട്ടെടുത്തും കൃതികൾക്കു രൂപം നൽകുന്നവർ ഏറെയുണ്ട്. ആവർത്തന വിരസങ്ങളായവ, അനാകർഷകങ്ങളായവ, ഒക്കെ ഒത്തിരിയുണ്ട്.

എന്നാൽ, കൂട്ടത്തിൽ ലോക ക്ലാസിക്കുകളുടെ പുനരാഖ്യാനങ്ങളും ലോകപ്രസിദ്ധരുടെ ജീവചരിത്രങ്ങളും ശാസ്ത്രകഥകളും ചിത്രകഥകളും മാന്ത്രിക കഥകളും വിചിത്രവിശേഷങ്ങളും പിഞ്ചോമനകൾക്കു കൊഞ്ചിക്കുഴഞ്ഞു പാടാനുള്ള പാട്ടുകളും മറ്റും മറ്റും ഇന്നത്തെ ബാലസാഹിത്യത്തിലെ വൈവിധ്യമാർന്ന വിഭവങ്ങളാണ്, വിശിഷ്ടങ്ങളായവ വിരളമാണെങ്കിലും

ഇന്നു ഇരുപതിൽപ്പരം ബാലമാസികകളും ബാലജനങ്ങൾക്കുവേണ്ടി കവിത രചിക്കുന്ന ഇരുനൂറോളം കവികളും ഇരുപതിനായിരത്തോളം ബാലകവിതകളും കൊണ്ടു മലയാള ബാലസാഹിത്യ കാവ്യശാഖ സംപുഷ്ടമായിക്കൊണ്ടി രിക്കുകയാണെങ്കിലും സംതൃപ്തിക്കു വകയായിട്ടില്ല.

ബാലമനസ്സുകളെ രമിപ്പിച്ചു രസിപ്പിക്കുന്ന കുട്ടിക്കവിതകൾ വളരെ വളരെ വിരളമാണ്. പ്രസിദ്ധീകൃതങ്ങളാകുന്നവയിൽ അധികവും അധികനേരം ബാലമാനസ യവനികയിൽ തങ്ങിനില്ക്കത്തക്ക വിധം ഈടുള്ളവയല്ല.

കുമാരനാശാന്റെ 'മിന്നാമിനുങ്ങി' നെ പോലെയോ ജി യുടെ കാട്ടാനയെ പ്പോലെയോ വൈലോപ്പിള്ളിയുടെ മാമ്പഴം പോലെയോ ഇന്നത്തെ ഒട്ടുമിക്ക കുട്ടിക്കവിതകളും ഹൃദ്യമല്ല, ആലോചനാമൃതമല്ല, ആസ്വാദ്യകരമല്ല, സജീവ ബിംബങ്ങൾ കൊണ്ടു സമൃദ്ധവുമല്ല.

ബാലകവിതകളുൾപ്പെടെയുള്ള ബാലസാഹിത്യ സൃഷ്ടികൾ ഇന്നത്തെ ബാലജനം ഒന്നു ഓടിച്ചുനോക്കി വായിച്ചിട്ടു, ഒരു നിമിഷം ഒന്നു ആലോചിക്കാനോ ആസ്വദിക്കാനോ തയ്യാറാകാതെ ദൂരെ വലിച്ചറിയുന്ന പ്രവണതയും ദൃശ്യമാവുന്നുണ്ട്. കാരണം കണ്ടെത്താൻ പണിപ്പെടേണ്ടതില്ല. പണ്ട് പലരും എഴുതിയ കാര്യങ്ങൾ യാതൊരു കൂസലും കൂടാതെ അല്പ സ്വല്പ മാറ്റങ്ങൾ വരുത്തി മറ്റു ചിലർ എഴുതുന്നുണ്ട്. കാവ്യശാഖയിലാണു ഈ ക്രമക്കേടുകൾ കൂടുതലും കണ്ടു വരുന്നത്. ആശയ ദാരിദ്ര്യമാകാം കാരണം.

ബാലപ്രസിദ്ധീകരണങ്ങളിൽ പലതിലും വായിച്ചിട്ടുള്ളവ വീണ്ടും വായിക്കാനിടയാകുമ്പോൾ പുച്ഛവും നീരസവും വിരസതയും അനുവാചകരിൽ അനുഭവപ്പെടുക സ്വാഭാവികമാണ്. അത്തരത്തിലുള്ളവ ആർക്കും ആസ്വദിക്കാൻ ആവില്ല. ഇന്ന് എല്ലാം കച്ചവടവല്ക്കരണത്തിന്റെ പിടിയിലമർന്നു കഴിഞ്ഞു. എന്തെഴുതിയാലും പ്രസിദ്ധീകരിക്കാനും പണമുണ്ടാക്കാനും പറ്റുമെന്നായിട്ടുണ്ട്.

ബാലസാഹിത്യ കാവ്യശാഖയിൽ കാശിനുകൊള്ളാത്ത കവിതകൾ പേരും പെരുമയുമുള്ള പല കവികളും എഴുതുന്നുണ്ട്. പ്രശസ്തരുടെ തരംതാണ രചനകൾ മതി പ്രസിദ്ധീകരണങ്ങൾക്ക്. ഒരു നവാഗതൻ നല്ല നിലവാരമുള്ള ബാലകവിത എഴുതിയാലും പ്രസിദ്ധീകരിക്കാൻ പ്രയാസപ്പെടുന്നുണ്ട്. ഈ ദുസ്ഥിതി മാറാതെ ആശാവഹമായ മാറ്റം ഈ രംഗത്തുണ്ടാവില്ല.

ബാലസാഹിത്യത്തിൽ ഇപ്പോൾ ശിശുസാഹിത്യവും ഉൾപ്പെടുന്നു. ഇനിയെങ്കിലും ഈ ശിശുസാഹിത്യത്തെ ബാലസാഹിത്യത്തിൽ നിന്നും അടർത്തി മാറ്റേണ്ടിയിരിക്കുന്നു.

മലയാള മനോരമ നഴ്സറി ശിശുക്കൾക്കായി "കളിക്കുടുക്ക" എന്ന മാസിക പ്രസിദ്ധീകരിക്കുന്നത് നല്ല കാര്യമാണ്. ശിശുസാഹിത്യം വളരാൻ വെള്ളവും വളവും നല്കാൻ ഇത്തരം പ്രസിദ്ധീകരണങ്ങൾ പ്രേരക ശക്തിയാകാതിരിക്കില്ല. ഇപ്പോൾ തന്നെ ശിശുസാഹിത്യം വളരെ വേഗം വളർന്നുകൊണ്ടിരിക്കുകയാണ്.

അഭിനയഗാനങ്ങളും നഴ്സറി പാട്ടുകളും താരാട്ടുപാട്ടുകളും അടങ്ങിയ അനവധി രചനകൾ ഏഴുവയസിനു താഴെയുള്ള ശിശുക്കൾക്കു വേണ്ടി പ്രകാശം കാണുന്നുണ്ട്. അവയിലും നിലവാരം ഇല്ലാത്തവ ഇല്ലാതില്ല. ഒരു പ്രത്യേക സാഹിത്യ ശാഖയായി ശിശുസാഹിത്യം വേർതിരിഞ്ഞു വളർന്നു വരേണ്ടതുണ്ട്.

ശിശു-ബാല-കൗമാര-യുവ-പ്രൗഢ-വൃദ്ധ സാഹിത്യങ്ങൾ (ഒപ്പം വനിതാ സാഹിത്യവും) ഉരുത്തിരിഞ്ഞു ഉയർന്നു വരുന്നത് ഉത്തമം തന്നെ. ഈ തരംതിരിവ് അഭിരുചിക്കനുസരിച്ചുള്ള സാഹിത്യ ഗ്രന്ഥം തെരഞ്ഞെടുക്കുന്നതിന് സഹായകര മായിരിക്കും. ഇപ്പോൾതന്നെ NBS കാറ്റലോഗിലും മറ്റും ശിശുക്കൾക്കുവേണ്ടിയുള്ള പ്രത്യേക വിഭാഗം പ്രത്യക്ഷപ്പെടുന്നുണ്ട്. എങ്കിലും സാർവത്രികമായ അംഗീകാരം സിദ്ധിക്കേണ്ടിയിരിക്കുന്നു.

ബാലലോകം തികച്ചും വ്യത്യസ്തമാണ്. മുതിർന്നവരിൽ നിന്നും തീർത്തും വിഭിന്നമാണ്. ശൈശവത്തിൽ ലീലാലോകത്തും കൗമാരത്തിൽ കൗതുക ലോകത്തും വിഹരിക്കുന്നവരാണു ഈ വളരുന്ന തലമുറക്കാർ.

ബാലജനങ്ങൾ യുവജനങ്ങളാകുമ്പോൾ മനോഭാവത്തിലും മാറ്റം വരും.

വീക്ഷണത്തിൽ വ്യതിയാനം വരും. ഈ സവിശേഷത സാഹിത്യകാരന്മാർ സ്മരിക്കാറേയില്ലെന്നു തോന്നുന്നു.

കുട്ടികളടെ കൂട്ടുകാരനാകാൻ കുട്ടികൾക്കു വേണ്ടിയുള്ള ഗ്രന്ഥങ്ങൾക്കു കഴിയണം. അവർ അവ ആഹ്ളാദപൂർവ്വം ആസ്വദിക്കണം. അവരുടെ അത്ഭുത ലോകത്തിലെ കളിത്തോഴരാകണം ബാലസാഹിത്യകൃതികൾ. പക്ഷേ, അത്തരമൊരു മാറ്റം ഇപ്പോഴും ബാലസാഹിത്യശാഖയിൽ ദൃശ്യമായിട്ടില്ല. അത്യാധുനിക അച്ചടിശാലയിൽ അച്ചടിക്കുന്ന അതിമനോഹരങ്ങളായ പുതുപുത്തൻ പുസ്തകങ്ങൾ പോലും സുവ്യക്തമായ ചിത്രങ്ങളും അക്ഷരങ്ങളും കൊണ്ട് അലങ്കരിക്കപ്പെടുന്നില്ല.

ബാലസാഹിത്യ രചനയിൽ തത്പരരായ വനിതകൾ വളരെ വിരളമാണ്. ബാലകവിതകൾ എഴുതുന്ന കവയിത്രികൾ കൈവിരലുകളിലെണ്ണുവാനേ കാണുകയുള്ളൂ. അവരിൽ പലരും ശ്രദ്ധേയമായ ബാലകവിതകൾ സൃഷ്ടിച്ചിട്ടുമില്ല. ഈ പോരായ്മ പരിഹരിക്കാൻ പുതുതലമുറയിലെ പെൺകുട്ടികൾ പലരും പര്യാപ്തമാകുന്നുണ്ട്.

ബാലമാസികകളിൽ ബാലകവയിത്രികളുടെ രചനകൾ കണ്ടുതുടങ്ങിയിട്ടുണ്ട്. മിക്കവരും LPS, UPS, HS വിദ്യാർത്ഥിനികളാണ്. ഈ ബാലികമാർ പ്രോത്സാഹനം അർഹിക്കുന്നു.

ബാലമാസികക്കാരും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും ഈ ബാലപ്രതിഭകളെ കാര്യമായി ശ്രദ്ധിച്ചാൽ ബാലസാഹിത്യശാഖ സംപുഷ്ടമാകാതിരിക്കില്ല. ബാലസാഹിത്യത്തിന്റെ വിവിധ ശാഖകളെപ്പറ്റി വിപുലവും സമഗ്രവുമായ പഠനം, ഗൗരവമേറിയ ഗവേഷണം നടത്താൻ ഗവൺമെന്റും ഗൗനിക്കേണ്ടതുണ്ട്.

## അനുബന്ധം – I

# ബാലകവിതകൾ ബഹുവിധം

### "ഓമനത്തിങ്കൾക്കിടാവോ ?" – ഇരയിമ്മൻ തമ്പി

*(1814 ൽ ശ്രീ സ്വാതി തിരുനാൾ എന്ന രാജശിശുവിനെ പാടിയുറക്കാൻ രചിച്ചത്. മലയാളത്തിന്റെ സ്വന്തം പാട്ട് – അമ്മയുടെ മുലപ്പാലു പോലെ, ഇളനീർ പോലെ, ഇലഞ്ഞിപ്പൂമണം പോലെ കേരളീയർക്കു ഏറെ ഹൃദ്യമായത്).*

ഓമനത്തിങ്കൾ കിടാവോ – നല്ല
കോമളത്താമരപ്പൂവോ?
പൂവിൽ നിറഞ്ഞ മധുവോ – പരി
പൂർണ്ണേന്ദു തന്റെ നിലാവോ ?
പുത്തൻ പവിഴക്കൊടിയോ – ചെറു
തത്തകൾ കൊഞ്ചും മൊഴിയോ?
ചാഞ്ചാടിയാടും മയിലോ – മൃദു
പഞ്ചമം പാടും കുയിലോ?
തുള്ളുമിളമാൻ കിടാവോ – ശോഭ
കൊള്ളുന്നോരോമൽക്കൊടിയോ?
ഈശ്വരൻ തന്ന നിധിയോ – പര
മേശ്വരിയേന്തും കിളിയോ?
പാരിജാതത്തിൻ തളിരോ – എന്റെ
ഭാഗ്യദ്രുമത്തിൻ ഫലമോ?
വാത്സല്യ രത്നത്തെ വയ്പ്പാൻ – മമ
വാച്ചൊരു കാഞ്ചനച്ചെപ്പോ?
ദൃഷ്ടിക്കു വച്ചൊരമൃതോ – കൂരി –
രുട്ടത്തു വച്ച വിളക്കോ?
കീർത്തിലതയ്ക്കുള്ള വിത്തോ – എന്നും
കേടുവരാതുള്ള മുത്തോ?
ആർത്തിതിമിരം കളവാൻ – ഉള്ള
മാർത്താൺഡ ദേവ പ്രഭയോ?
സൂക്തിയിൽ കണ്ട പൊരുളോ – അതി
സൂക്ഷ്മമാം വീണാരവമോ?
പിച്ചകത്തിൻ മലർച്ചെണ്ടോ – നാവി –
നിച്ച നൽകുന്ന കൽക്കണ്ടോ?
കസ്തൂരി തന്റെ മണമോ – നല്ല
സത്തുക്കൾക്കുള്ള ഗുണമോ?
പൂമണമേറ്റോരു കാറ്റോ – ഏറ്റം
പൊന്നിൽക്കലർന്നൊരു മാറ്റോ?
കാച്ചിക്കുറുക്കിയ പാലോ – നല്ല
ഗന്ധമെഴും പനിനീരോ?
നന്മ വിളയും നിലമോ – ബഹു
ധർമ്മങ്ങൾ വാഴും ഗൃഹമോ?
ദാഹം കളയും ജലമോ – മാർഗ്ഗ
ഖേദം കളയും തണലോ?
വാടാത്ത മല്ലികപ്പൂവോ – ഞാനും
തേടിവച്ചുള്ള ധനമോ?
കണ്ണിനു നല്ല കണിയോ – മമ
കൈവന്ന ചിന്താമണിയോ?
ലാവണ്യ പുണ്യനദിയോ – ഉണ്ണി –
ക്കാർവർണ്ണൻ തന്റെ കണിയോ?
ലക്ഷ്മി ഭഗവതി തന്റെ –തിരു
നെറ്റിമേലിട്ട കുറിയോ?
എന്നുണ്ണിക്കൃഷ്ണൻ ജനിച്ചോ – പാരി –
ലിങ്ങനെ വേഷം ധരിച്ചോ?
പദ്മനാഭൻ തൻ കൃപയോ – ഇനി
ഭാഗ്യം വരുന്ന വഴിയോ?

*(തളിര് 1995 ഡിസ:)*

### കുമാരനാശാന്റെ കുട്ടിക്കവിതകൾ

#### വണ്ടിനോട്

കൊടുമുടിയിൽ കഴുകൻ വസിക്കട്ടെ
കൊടുതാം സിംഹം ഗുഹയിലും വാഴട്ടേ;
വടിവേലും തങ്കക്കുന്നേ, നിൻ പൂത്തൊരീ–
നെടിയ കാടാർന്ന സാനുവിൽ മേവും ഞാൻ.
പതിച്ചിടാ നോട്ടം നാറും പിണങ്ങളിൽ
കുതിച്ചു നിർദയം കൊന്നിടാ ജീവിയെ,
പതിവായിക്കാട്ടിൽ കാലത്തുമന്തിക്കും
പുതിയ പൂകണ്ടു നിൻപുകൾ വാഴ്ത്തും
ഞാൻ.

അഴകേറും പൂവിൽ നീയലിഞ്ഞേകും തേ –
നഴലെന്യേ നുകർന്നാനന്ദമാർന്നുടൻ
ഒഴിയാതോലും മണമാർന്ന തെന്നലിൻ
വഴിയേ നിൻപുകൾ പാടിപ്പറക്കും ഞാൻ.
മുകളിൽ സൂര്യനും ചന്ദ്രനും വന്നിരു–
ളകലുമാറു പരത്തും കതിരുടെ
പകലും രാവും പൊന്നോമനക്കുന്നേ, നിൻ
സകല ശോഭയും കണ്ടു രസിക്കും ഞാൻ.

*(തളിര് 1997 മേയ്)*

#### ചെറിയവ

ചെറുതുള്ളികൾ ചേർന്നു തന്നെയീ

കരകാണാറെ ുമാഴിയായതും
തരിമണ്ണുകൾ ന്നെ ചേർന്നു നാം
മരുവും നല്. ഴുമൂഴിയായതും

.....................................................

ചെറുതമ്പുകലർന്നു ചെയ്വതും
ചെറുതുള്ളത്തിലലിഞ്ഞു ചൊൽവതും
പെരുകിബ്ഭൂവി പുഷ്പവാടിയായ്
നരലോകം സുരലോകതുല്യമാം.

### കുട്ടിയും തള്ളയും

ഈ വല്ലിയിൽ നിന്നു ചെമ്മേ – പൂക്കൾ
പോവുന്നിതാ പറന്നമ്മേ !
തെറ്റീ ! നിനക്കുണ്ണി ചൊല്ലാം – നൽപൂ –
മ്പാറ്റകളല്ലേയിതെല്ലാം.
മേല്ക്കുമേലിങ്ങിവപൊങ്ങി – വിണ്ണിൽ
നോക്കമ്മേ,യൊന്തൊരു ഭംഗി!
അയ്യോ ! പോയ്ക്കൂടികളിപ്പാൻ – അമ്മേ !
വയ്യേയെനിക്കു പറപ്പാൻ !
ആകാത്തതിങ്ങനെ എണ്ണീ – ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണീ !
പിച്ചനടന്നു കളിപ്പൂ – നീയി –
പ്പിച്ചകമുണ്ടോ നടപ്പൂ ?
അമ്മട്ടിലായതെന്തന്നാൽ –ഞാനൊ
രുമ്മ തരാമമ്മ ചൊന്നാൽ
നാമിങ്ങറിയുവതല്പം – എല്ലാ –
മോമനേ, ദൈവസങ്കല്പം.

(സർഗ കൈരളി – 2)

### സങ്കീർത്തനം

ചന്തമേറിയ പൂവിലും
ശബളാഭമാം ശലഭത്തിലും
സന്തതം കരതാരിയന്നൊരു
ചിത്രചാതുരി കാട്ടിയും
ഹന്ത ! ചാരുകടാക്ഷ മാലക –
ളർക്ക രശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ
വിളങ്ങുമീശനെ വാഴ്ത്തുവിൻ!

### ബോധേശ്വരൻ

### കേരളഗാനം

ജയ ജയ കോമള കേരള ധരണീ
ജയ ജയ മാമക പൂജിത ജനനീ
ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരള ധരണീ
പ്രേമദമാകും പ്രമദവനം താൻ
ശ്യാമളസുന്ദരമെന്നുടെ രാജ്യം
മലയജ സുരഭിലമാരുതനേൽക്കും
മലയാളം ഹാ! മാമകരാജ്യം.
(ജയ ജയ
കല്പക തരുനികരങ്ങൾ നിരക്കും
കല്പിത ഭൂവാണെന്നുടെ രാജ്യം
കളകളമോതിയിണങ്ങിവരുന്നൊരു
സലില സമൃദ്ധം മാമക രാജ്യം.
ജാതി മതാന്ധ്യമതാന്തമെതിർക്കും
ബോധവിഭാവിതമെന്നുടെ രാജ്യം.
(ജയ ജയ
പാലൊളി തൂകും പൂന്തുകിൽ ചാർത്തും
ലോലകൾ വിലസും മലയാളത്തിൽ
ചന്ദനമണിയും ചാരുകിശോരകർ
ബന്ധുരമാക്കും മലയാളത്തിൽ
തുഞ്ചശുകീ കളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമകഗേഹം
മാമക നാകം മാമക വിലയം
(ജയ ജയ

*സ്വാതന്ത്ര്യ സേനാനി കൂടിയായ കവി 1930 കളിൽ രചിച്ചത്. ഐക്യകേരളം എന്ന ദേശ സ്നേഹികളുടെ സ്വപ്നം സാക്ഷാത്കരിക്കാൻ സഹായിച്ച ഗാനം*

(തളിര് 1996 നവ:)

### വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

### കുട്ടിയുടെ കുറ്റം

പാഠശാലയിലുച്ച കഴിഞ്ഞപ്പോൾ
കൂടിനാർ വന്നു പിന്നെയും കുട്ടികൾ
ഘണ്ടതൻ നാവിൽ നിന്നു പുറപ്പെട്ടു
മിണ്ടരുതാരുമെന്ന വിളംബരം.
ഒച്ച നിർത്തി സ്വകൃത്യനിരതരായ്
നിശ്ചിത സ്ഥാനമാർന്നിതെല്ലാവരും.
'ഉത്തമാഹാര'മെന്നുള്ള പാഠത്തിൽ
ദത്തചിത്തരായ് തീർന്നു വിദ്യാർത്ഥികൾ,
വെണ്ണയും പാലുമുത്തമാഹാരമാ –
യെണ്ണിടുന്നതിൻ കാരണമെന്തെന്നും,
കട്ടികൂടിയ പോഷകദ്രവ്യങ്ങൾ
മുട്ടയിലെത്രമാത്രമുണ്ടെന്നതും
പാടവമോടെ വിസ്തരിച്ചീടവേ
പാരമൗൽസുക്യമാർന്നു വിദ്യർത്ഥികൾ
ക്ഷിപ്രമാരംഗമൊന്നു പകർന്നുപോയ്
സുപ്രസന്നത കൈവിട്ടു ശിക്ഷകൻ;
ഞെട്ടിനോക്കിനാർ ശിഷ്യ;–രിടയ്ക്കൊരു
കുട്ടിയുണ്ടതാ കൂർക്കം വലിക്കുന്നു !
ചൂരലേന്തിയ ശിക്ഷകൻ തൻ മുമ്പിൽ
ചൂളിനിന്നു വിറയ്ക്കുന്നു ബാലകൻ

"എന്തൊരശ്രദ്ധ ", ശാസിച്ചു ദേശികൻ
"എന്തവിവേക, മെന്തന്തതിക്രമം !"
ഒന്നടിച്ച ഗുരുവിൻ മുഖത്തിലേ-
യ്ക്കുന്നമിപ്പിച്ച കണ്ണുമായ് ബാലകൻ,
നിന്നു വിമ്മിക്കരഞ്ഞു ചൊല്ലീടിനാൻ
"ഇന്നു ഞാനൊരു വസ്തു കഴിച്ചില്ല;
കഞ്ഞിവെച്ചില്ല കാലത്തു വീട്ടിലെ-
ക്കുഞ്ഞു പോലും വിശന്നു കരയുന്നു;
ആരുമില്ലകടംതരാനമ്മയ്ക്കു
നീരുവന്നു കിടക്കുകയാണിന്നലെ"
ശോകമഗ്നനാം ബാലന്റെ കണ്ണീരിൽ
ഹാ ! ഗുരുവിന്റെ കോപമലിഞ്ഞുപോയ് !

(തളിര് 1997 ഫെബ്രുവരി)

**ബാലാമണിയമ്മ**

**സഹപാഠികൾ**

ഓണനാളൂണിനിങ്ങെത്താമെന്നേറ്റിട്ടു-
മോമനത്തോഴൻ വരാഞ്ഞതെന്തേ?
പൊന്നുടുപ്പൂരിയിടാദിത്യനീ വീട്ടിൽ
പിന്നിലെത്തോപ്പിലേക്കോടിയല്ലോ!
പാണർ കളിയുടെ പാട്ടും തുടികൊട്ടും
പാടത്തിന്നക്കരെ കേൾക്കായല്ലോ!
..........................................................
തേച്ചു തുടച്ചിട്ട കോലായിൽ പിന്നെയും
കാൽച്ചളിപ്പാടുകൾ വന്നുപെട്ടു,
വാടിക്കുഴഞ്ഞു ഞാനോണപ്പെരുമാളെ-
ച്ചൂടിച്ച താമരപ്പൂം കിരീടം; ......................
എണ്ണ വിളക്കു പുകയുമാറായ് ഞങ്ങൾ-
ക്കുണ്ണാനിലയിട്ട മുൻതളത്തിൽ
അമ്മയെപ്പിൻ നിന്നലട്ടി ഞാൻ വെപ്പിച്ചൊ-
രഞ്ചാറുകൂട്ടം കറിയ്ക്കരികിൽ.................
ഒറ്റയ്ക്കിരുന്നുണ്ണാ,മമ്മയാപ്പാവത്തെ
ക്കുറ്റപ്പെടുത്തുമെന്നാണു ഖേദം.
കൂട്ടുകാരന്നെന്തോ പറ്റിയെന്നാ, മല്ല,
വീട്ടുകാർ വിട്ടയച്ചീലയെന്നാം;-
പാരമറിവുള്ളോർ, നല്ല വാക്കോതുന്നോർ;
ക്രൂരത കാട്ടുമോ കുട്ടികളിൽ?
ചെന്നുവിളിയ്ക്കെ ഞാനെന്തിനെൻ തോഴന്റെ
ചേച്ചിക്കു ചെഞ്ചുണ്ടു ചെറ്റുകോടി?
എന്തുകൊണ്ടച്ഛനു നെറ്റിചുളിഞ്ഞുപോ-
യെന്തിനേ മെല്ലെച്ചിരിച്ചതമ്മ?
മേൽക്കുമേൽ വാടും മുഖവുമായ് ദൂരേക്കു
നോക്കിയുമോർത്തുമുഴന്നു നിൽക്കെ,
പുത്രന്റെ കൺതുടച്ചമ്മ നിമന്ത്രിച്ചാ-
ളിത്രനാളൻപാൽ മറച്ച സത്യം
പാഠശാലയത്തിലേ പ്രാമാണ്യമുള്ളവർ
പാവങ്ങളോടൊത്തിണങ്ങലുള്ളു.
പാഞ്ചാമൃതക്കൂട്ടും ഞാവൽപ്പഴങ്ങളും
പങ്കിട്ടെടുത്തു കഴിക്കലുള്ളൂ.
നാളെയ്ക്കു പൂനല്ലുമുണ്ണികൾ ഘോഷിച്ചു;
'മാലോകരെല്ലാരുമൊന്നു പോലെ'.

*(തളിര് 1997 സെപ്റ്റംബർ)*

**ബാലാമണിയമ്മ**

**പഠിക്കാൻ വയ്യ**

എനിക്കു വയ്യമ്മേ പലവിധം ഭാഷ-
യിനി പഠിക്കാനു, മുരുക്കഴിക്കാനും
അരികത്തുനിന്നുമകലത്തു നിന്നും
വരുന്നല്ലോ മനം മയക്കുമൊച്ചകൾ
തഴുകാൻ വെമ്പുന്ന, പരുഷമോതാത്ത
പുഴയലകൾ തൻ കളിചിരി മേളം
കുറച്ചുനേരം കൊണ്ടതിദൂരം താണ്ടി-
ക്കുതിക്കും തീവണ്ടി മുഴക്കും വായ്ത്താരി;
പറന്നുയരത്തിലുയരത്തിൽ ചുറ്റി
പ്രപഞ്ചം കാണുന്ന പരുന്തിന്റെ വിളി.
എനിക്കു ഭൂപടം വരയ്ക്കാൻ വയ്യമ്മേ,
മനസ്സാൽ ത്തെലിടയലഞ്ഞു കൊള്ളട്ടെ-
യമാകൃതികളാം'യെതി'കൾ നീങ്ങുന്ന
ഹിമാലയത്തിന്റെ കൊടുമുടികളിൽ
ഒരു മൂവാണ്ടിനാൽ, പ്പുറപ്പെട്ട ദിക്കി
ലുരുതിരിച്ചെത്തും തിരക്കടൽകളിൽ,
നിറങ്ങൾ പാളുന്ന ഫണമെല്ലാം രാത്രി
നിവർത്തിഴയുന്ന ധ്രുവപ്രദേശത്തിൽ
എനിക്കിപ്പോൾ ജന്തുകുലത്തെയും സസ്യ
ഗണത്തെയും പറ്റിപ്പഠിക്കാൻ വയ്യമ്മേ.
ന ന യ ് ക്കാ ൻ പോ ക ട്ടെ ,
പുറത്തെത്തോട്ടത്തിൽ
നടേണ്ട വിത്തുകൾ പിളർന്നു നോക്കട്ടെ;
ചിലയ്ക്കുമണ്ണാനെക്കുടുക്കട്ടേ, കമ്പി
വലക്കൂട്ടിലിട്ടെന്നറയിൽത്തൂക്കട്ടെ.
എനിക്കിനിശ്ശാസ്ത്രം പഠിക്കേണ്ട
വെയ്ലത്തണുക്കളോടുന്ന നടനം കാണട്ടെ,
ഗലീലിയോവായി, പ്പുരയ്ക്കുമേലേറി
പ്പലകനമാം കല്ലെറിയട്ടേ താഴെ,
വിളക്കിച്ചേർത്തിരുനുറുങ്ങു ചില്ലൊരു
വിദൂരദർശിനി പണിഞ്ഞുവെയ്ക്കട്ടെ,
സ്വയം ചമച്ചൊരീ ടെലിഫോണിൽ ചര-
ടയൻ വീടോളമൊന്നുയർത്തിക്കെട്ടട്ടെ
എനിക്കു വയ്യിപ്പോൾ കണക്കു ചെയ്യാനു,
മിനിക്കുറച്ചമ്മേ വിരലാലെണ്ണട്ടെ,
ഇരുട്ടിൽ വന്നെന്റെ മുഖത്തു നോക്കിയേ
ചിരിച്ചു നില്ക്കുന്ന ചെറുനക്ഷത്രങ്ങൾ

കിണഞ്ഞോ: ട്ടെ ഞാനവയിൽ നിന്നൊരു
കിരണമിങ്ങെത്ത: ാനെടുത്ത വർഷങ്ങൾ
ഗണിക്കട്ടേ പാതവിളക്കൊളിയെത്ര
മിനിട്ടാൽച്ചന്ദ്രനിൽ കടന്നേക്കാമെന്നും !

(തളിര് 1997 മാർച്ച്)

### കൊച്ചു കൂട്ടുകാർക്കുള്ള കുഞ്ഞുണ്ണിക്കവിതകൾ

### കുട്ടമ്മാനെക്കണ്ടോ....?

കുട്ടമ്മാനെക്കണ്ടോ കൂട്ടുകാരേ
കൂട്ടുകാരേ നിങ്ങൾ
കുട്ടമ്മാനെക്കണ്ടോ ?
കുട്ടമ്മാൻ കെട്ടിയ വീടു കണ്ടോ ?
കൂട്ടുകാരേ നിങ്ങൾ
കുട്ടമ്മാൻ കെട്ടിയ
വീട്ടിലിരിക്കുന്ന കൂടു കണ്ടോ ?
കൂട്ടുകാരേ നിങ്ങൾ
കുട്ടമ്മാനെക്കണ്ടോ ?
കുട്ടമ്മാൻ കെട്ടിയ
വീട്ടിലിരിക്കുന്ന
കൂട്ടിൽക്കിടക്കുന്ന
കോഴിയെക്കണ്ടോ ?
കൂട്ടുകാരേ നിങ്ങൾ
കുട്ടമ്മാനേക്കണ്ടോ ?
കുട്ടമ്മാൻ കെട്ടിയ
വീട്ടിലിരിക്കുന്ന
കൂട്ടിൽക്കിടക്കുന്ന
കോഴിയെത്തിന്ന
കുറുക്കനെക്കണ്ടോ ?

..........................................

### ശീലക്കുട

ശീല കറുത്തവനെന്നാലും
ശീലം വെളുത്തവനാണല്ലോ
എട്ടു വില്ലുള്ളവനെന്നാലും
ഒറ്റയുമമ്പവനില്ലല്ലോ
രണ്ടു കുതിരകളുള്ളോനാ–
ണെന്നാലുമാൾക്കഴുത്തേറുന്നു.
ഒറ്റക്കാലനവനെന്നാലും
ഒട്ടേറെ യാത്ര നടത്തുന്നു
കാലുപിടിപ്പോനെ രക്ഷിക്കും
കാരുണ്യവാനിവനാരാണോ?
കുടയാണേ, കുടയാണേ, കുടയാണേ എന്റെ
കുടയാണേ ശീലക്കുടയാണേ !

*(ബാലകവിതകൾ)*

### ഒട്ടകപ്പക്ഷി

എല്ലും കല്ലും ചെല്ലും കുപ്പി–
ച്ചില്ലും ചെല്ലും നന്നായ്
എല്ലാം ചെല്ലും വയറുള്ളോനീ–
യോട്ടക്കാരൻ പക്ഷി.
ഓട്ടത്തിൽക്കൊതിയേറുക കൊണ്ടോ
പറക്ക വയ്യാതായി ?
പറയുക പറവേ നിൻ പേരെന്തേ
മൃഗമൊന്നിന്റേതായി?
കാലിനു രണ്ടു വിരലുകളെങ്കിലു–
മതിലൊരു വിരൽ മതിയല്ലോ
നിന്നുടെ പെരിയൊരു തടിയുടെ തൂക്കം
മുഴുവൻ താങ്ങുവതിനായ്,
എന്തൊരു നീളം നിന്റെ കഴുത്തി–
ന്നെന്തു വലുപ്പം നിന്നുടെ കണ്ണി–
ന്നെന്തു കരുത്താണമ്പോ കാലിനു–
മത്ഭുതമത്ഭുതമത്ഭുതമയ്യാ!

*(ബാലകവിതകൾ)*

### (കടംകവിതകൾ) കുഞ്ഞുണ്ണിമാഷ്

### തെച്ചിപ്പൂവ്

നോക്കൂ നോക്കൂ തെച്ചിപ്പൂ
തെക്കേത്തൊടിയിൽ തെച്ചിപ്പൂ
ചേച്ചീ ചേച്ചീ തെച്ചിപ്പൂ
ചോരയുള്ളൊരു തെച്ചിപ്പൂ
ചേച്ചീ ചേച്ചീ തെച്ചിപ്പൂ
ചക്കര കൊണ്ടോ തെച്ചിപ്പൂ

### ഉരൽ

ഇലയില്ലൊറ്റയിലച്ചില്ലുമില്ലിതി–
നൊറ്റത്തടിയൊരു മുണ്ടൻ തടിയാ–
ണെങ്കിലുമിതിനുടെ ചോട്ടിൽച്ചെന്നാ–
ലാർക്കുമൊരിത്തിരി തരിയോ പൊടിയോ
നുള്ളിയെടുത്തു നുണയ്ക്കാ–
മുരലേ നീയൊരുദാരൻ.

### കനൽക്കട്ട

ഇത്തിരിയുള്ളൊരിറച്ചിക്കഷണം
എത്തറ നല്ലൊരിറച്ചിക്കഷണം
ഈച്ചതൊടാത്തൊരിറച്ചിക്കഷണം
പൂച്ചതൊടാത്തൊരിറച്ചിക്കഷണം
എല്ലില്ലാത്തൊരിറച്ചിക്കഷണം
തൊലിയില്ലാത്തൊരിറച്ചിക്കഷണം
തൊട്ടാൽ നക്കുമിറച്ചിക്കഷണം
നീരിൽ വീണാൽ കഷണം കരിയും.

### നക്ഷത്രപ്പൂക്കൾ

ആനകേറാമലേലുള്ള പൂക്കൾ
ആടുകേറാമലേലുള്ള പൂക്കൾ
ആനകേറാമലേലാടുകേറാമലേ–
ലക്കൊടും കാട്ടിൽ വിരിഞ്ഞ പൂക്കൾ

ആയിരം പൂക്കൾ, വെളുത്ത പൂക്കൾ
ആർക്കാർക്കും കാണാകും കൊച്ചുപൂക്കൾ
നക്ഷത്രപ്പൂക്കൾ നനുത്ത പൂക്കൾ.

**പപ്പടം**

അകമില്ലാത്തില
പുറമില്ലാത്തില
ഞെട്ടില്ലാത്തില
വട്ടത്തിൽ വട്ടം വട്ടം
പപ്പടമൊരുകെ-
ട്ടെടുത്തുകൊണ്ടോ
പെട്ടെന്നൊക്കെയു-
മൊറ്റത്തട്ടിനു
പൊടിപൊടിയാക്കിയകത്താക്കാം.

*(ബാലയുഗം 1971 മാർച്ച്)*

**പി.ഐ.ശങ്കരനാരായണൻ**

**പൂജ്യം = പൂജ്യം**

ചെറിയൊരു പൂജ്യ-
മുരുണ്ടു നടക്കെ,
ചെറിയൊരബദ്ധം പറ്റി,
വലിയൊരു പൂജ്യ-
ത്തിന്മേൽ തരികിട
മറിഞ്ഞു വീണുടൽ പൊട്ടി!
കോപിച്ചലറി
വമ്പൻ പൂജ്യം
"എന്തെട ധിക്കാരീ?
എന്നുടെ മീതേ
വീഴാൻ മാത്രം
വളർന്നുവോ നീ, കഴുതേ?"
" അയ്യോ ചേട്ടാ!
ചെറിയൊരബദ്ധം
പറ്റിയതാണു, ക്ഷമിക്കൂ
അല്ലെങ്കിലുമെ-
ന്തിത്രയ്ക്കരിശം
കൊള്ളാനിതിലിങ്ങുള്ളൂ?
ഞാൻ ചെറു പൂജ്യം
ശരി, എന്നാലോ?
ചേട്ടൻ വലിയൊരു പൂജ്യം
ചെറുതായാലും
വലുതായാലും
നമ്മുടെ വിലയും പൂജ്യം! "

*(തളിര് 1996 മേയ്)*

**മോഹൻദാസ്**

**പാടായി**

ഇത്തിരിയുള്ളൊരു മിഠായി
ഒത്തിരി തിന്നു കുട്ടായി
പല്ലുകളൊക്കെ പോടായി
തെല്ലു കൊറിക്കാൻ പാടായി

*(ബാലഭൂമി 1998 ഏപ്രിൽ 1)*

**പി.കുഞ്ഞിരാമൻ നായർ**

**ഓണക്കാഴ്ച**

വർഷ കരീന്ദ്രമദമടങ്ങീ
കർഷക ചിത്തത്തിലാശ പൊങ്ങി
ചിങ്ങപ്പുലരി കുളിച്ചുവന്നു
ചന്ദനച്ചെപ്പു തുറന്നു വെച്ചു.
സൂര്യകിരണങ്ങൾ നെയ്തു നൽകും
നേരിയ കോടിപ്പുടവ ചുറ്റി
അമ്മയാമൂഴി കനിഞ്ഞു നൽകും
പൊൻമണി മാലയെടുത്തണിഞ്ഞു
ഓണമലരുകൾ താണു നിന്നു
കാണിക്കവെയ്ക്കും വരമ്പിലൂടെ
പൊന്നുഷസ്സിന്റെ പ്രഭയിൽ മുങ്ങി
വന്നുപോയ് വന്നുപോയ് ചിങ്ങമാസം!
അമ്പിളിക്കുട്ടൻ കരം പിടിക്കും
തുമ്പക്കുടത്തിൽ മധുവൂറുന്നു.
കുഞ്ഞിമേഘങ്ങൾ തിരക്കിച്ചെന്നു
മഞ്ഞപ്രസാദം ധരിച്ചുപോന്നു
ഓണനിലാവുമെഴുകും വാനം
ചേണുറ്റ താരകാ കാന്തി ചിന്തി
ഒപ്പമഴകു വിരിഞ്ഞു പൊന്തും
മുപ്പതിതളുള്ള ചിങ്ങപ്പൂവിൽ
തത്തിപ്പറന്നു കളിച്ചു നീളെ
ചിത്രശലഭമാമോണക്കാലം.
മാധുരി ചിന്നിച്ചിരിച്ചു നീളെ
മാവേലി നാട്ടിലെപ്പാൽപ്പുഴകൾ
അമ്പിലുറുമ്പുകൾക്കാകമാനം
തുമ്പകൾ ചോറു വിളമ്പി നിന്നു
കാവിലെത്തെച്ചി മലർക്കുലകൾ
ദേവിക്കു ചാർത്തുവാൻ പട്ടുനെയ്തു
പുത്തനാം തങ്കക്കുടക്കടുക്കൻ
മുക്കുറ്റിക്കുഞ്ഞിന്റെ കാതിൽ കണ്ടൂ
കെട്ടിയ പെണ്ണിനും കുട്ടികൾക്കും
കാട്ടിലെത്തത്തയ്ക്കുമോണം വന്നൂ
വീണു കിടക്കും കുടിലിലെല്ലാം
നൂണു കയറിയോണം
എങ്ങുമൊരാഹ്ളാദക്കോളിളക്കം
എങ്ങുമൊരാനന്ദത്തൂവെളിച്ചം !

*(തളിര് 1996 ആഗസ്റ്റ്)*

**സിപ്പി പള്ളിപ്പുറം**

**കവിയും ശാസ്ത്രകാരനും**

കവി:-
വെള്ളച്ചെമ്മരിയാടുകളോ

വെള്ളിൽപ്പറവച്ചാർത്തുകളോ?
വെള്ളപ്പഞ്ഞിക്കെട്ടുകളോ
വെള്ളത്തുകിലിൻ തുണ്ടുകളോ?
വെള്ളിനിലാവിൻ നാട്ടീന്ന്
പള്ളിത്തേരിലെഴുന്നെള്ളും,
വിണ്ണിലെ ദേവകുമാരികളോ
മണ്ണിൻ ചുടുനെടുവീർപ്പുകളോ?
**ശാസ്ത്രകാരൻ:-**
കടലുകൾ, നീലക്കായലുകൾ
തോടുകൾ, നല്ല തടാകങ്ങൾ
ഇവയിലെ വെള്ളം വറ്റുമ്പോൾ,
ചൂടിൽത്തനിയേ വറ്റുമ്പോൾ,
ആവിച്ചുരുളുകൾ പൊങ്ങുന്നൂ;
ആകാശത്തുനിരക്കുന്നൂ!
അവയാണല്ലോ മേഘങ്ങൾ
അതിമോഹനമാം മേഘങ്ങൾ!

(ബാലയുഗം 1973 ഒക്ടോബർ)

**സിപ്പി പള്ളിപ്പുറം**

**സൈന്യം**

നിരനിരയായി വരുന്നതുകണ്ടോ
നീലയെറുമ്പിൻ പട്ടാളം!
തടുത്തുനിർത്താൻ ചെല്ലുന്നവരെ-
ക്കടിച്ചുകൊല്ലും പട്ടാളം!
മണ്ണിനടിയിൽ 'ട്രഞ്ചു' കുഴിച്ചു
പതുങ്ങിയിരിക്കും പട്ടാളം!
ഒത്തൊരുമിച്ചു കുടിച്ചും തിന്നും
പടകൾ നയിക്കും പട്ടാളം!

*(ബാലയുഗം 1973 ഒക്ടോബർ)*

**സിപ്പി പള്ളിപ്പുറം**

**കള്ളന്റെ ഊട്ടുപുര**

പപ്പന്റെ ശല്യം പെരുത്തു വന്നൂ;
പപ്പന്റെ കള്ളം മുഴുത്തു വന്നൂ
പപ്പടം കട്ടൂ; കിഴങ്ങു കട്ടൂ;
പാപ്പാന്റെ വെറ്റിലച്ചെപ്പു കട്ടൂ;
ചാപ്പുണ്ണി മേനോന്റെ കോട്ടു കട്ടൂ;
ചായക്കടയിലെ ചെമ്പു കട്ടൂ;
പപ്പന്റെ ശല്യം പെരുത്തു വീണ്ടും;
പപ്പന്റെ കള്ളം മുഴുത്തു വീണ്ടും
കൊച്ചമ്മച്ചേച്ചീടെ താലി കട്ടു;
കൊച്ചപ്പുസാറിന്റെ വാച്ചു കട്ടൂ;
കൊച്ചുപള്ളീലെ ക്കുരിശു കട്ടൂ;
കൊച്ചമ്പലത്തിലെ ക്കോലം കട്ടൂ
പപ്പന്റെ കള്ളം മുഴുത്തു വീണ്ടും
പപ്പന്റെ ശല്യം പെരുത്തു വീണ്ടും.
നാട്ടാരും വീട്ടാരും കയ്യൊഴിഞ്ഞു
കണ്ടവരൊക്കെയും കല്ലെറിഞ്ഞു;
പോലീസുകാരും മണത്തിറിഞ്ഞു;
പപ്പനു ശാപ്പാടു 'ജേലി' ലായി.

(ബാലയുഗം 1973 ഒക്ടോബർ)

**സിപ്പി പള്ളിപ്പുറം**

**ഫോറിൻ മാവേലി**

"ഓലക്കുടയും ചൂടി വരുന്നൊരു
പാവം മാബലിയപ്പൂപ്പാ,
കീറക്കുടയിതു മാറ്റിയൊരെണ്ണം
ഫോറിൻ വാങ്ങാൻ വയ്യെന്നോ?"
"കീറിയൊരോലക്കുടയില്ലെങ്കിൽ
മാബലിയാകുവതെങ്ങനെ ഞാൻ?
'ഫോറിൻ മാബലി' യാക്കീട്ടെന്നുടെ
കോലം നിങ്ങൾ കെടുത്തരുതേ!"

*(ബാലഭൂമി 1998 സെപ്റ്റംബർ 1)*

**ശൂരനാട് രവി**

**ശിശുദിന സദ്യ**

കുറുകുറെക്കുറുകുന്നൊ-
രരി വെള്ള പ്രവിന്റെ
ചിറകിന്റെ നിറമേതു
നിറ,മതിൻ തിറമുറ്റ
തൊപ്പിയണിഞ്ഞവൻ
കുപ്പായമിട്ടവൻ
കുട്ടികളെല്ലാരുമിഷ്ടപ്പെടുന്നവ-
നെല്ലാവലിയോരെക്കാളും വലിയവ-
നെല്ലാ ചെറിയോരേക്കാളും ചെറിയവ-
നാരൊന്നു ചൊല്ലെന്ന ചോദ്യമിട്ടാൽ
ഓരോ മിടുക്കനുമോരോ മടയനും
ഒരുപോലെയുത്തരമൊറ്റ വാക്കിൽ
പച്ചവെള്ളം പോലെ "കൊച്ചുചാച്ച"
ഉത്തരം ചൊന്നോർക്കും
ചൊല്ലാതിരുന്നോർക്കും
പത്തു പറയടപ്പാൽപ്പായസം.

*(ബാലയുഗം 1971 നവംബർ)*

**ശൂരനാട് രവി**

**പൂച്ചപ്പാട്ട്**

പൂച്ചേ പുല്ലു മുറിക്കാമോ?
പശുവിനുകൊണ്ടു കൊടുക്കാമോ?
പശുവിനെയൊന്നു കറക്കാമോ?
പാൽക്കല മുറിയിൽ തൂക്കാമോ?
എനിക്കു വയ്യെന്റമ്മച്ചീ
എലിയുടെ വീട്ടിൽ പോണം പോൽ
അവിടൊരു നല്ല വിരുന്നുണ്ട്.
അവിലും പഴവും പാലടയും !

*(ബാലഭൂമി 1997 ഏപ്രിൽ 16)*

ശൂരനാട് രവി

**തുമ്മൽ**

അപ്പൂപ്പൻ തുമ്മി
എല്ലാരും കേട്ടു
തുമ്മലു കേട്ടിട്ടു
ദിക്കെട്ടും ഞെട്ടി.
അമ്മുമ്മ തുമ്മി
എല്ലാരും കേട്ടു
തുമ്മലിൻ കാറ്റേറ്റു
കടലേഴും ഞെട്ടി.
ഞാനൊന്നു തുമ്മി
ആരും കേട്ടില്ല
എല്ലാരും കേൾക്കെ ഞാ–
നെന്നെന്നു തുമ്മും?

*(ബാലയുഗം 1971 മേയ്)*

ശൂരനാട് രവി

**ആര് പറഞ്ഞു**

സിംഹത്തിനു കണ്ണുണ്ടെന്നാര്?
കണ്ണുണ്ടേ, കണ്ണുണ്ടേ, മുയല് !
സിംഹത്തിനു വായുണ്ടെന്നാര്?
വായുണ്ടേ, വായുണ്ടേ, മുയല് !
സിംഹത്തിനു പല്ലുണ്ടെന്നാര്?
പല്ലുണ്ടേ, പല്ലുണ്ടേ, മുയല് !
സിംഹത്തിനു വയറുണ്ടെന്നാര്?
വയറുണ്ടേ, വയറുണ്ടേ, മുയല്!
മുയൽ തിന്നാൻ കൊള്ളാമെന്നാര്?
കൊള്ളാമേ, കൊള്ളാമേ, സിംഹം!

*(തളിര് 1998 ഫെബ്രുവരി)*

ആർ.മാധവൻ

**പൊൻമുട്ട**

**(കഥാകവിത)**

"കഥ പറയാമോ മുത്തപ്പാ?"
"വരുവിൻ, പറയാം പിള്ളേരേ!"
"പണ്ടു പണ്ടൊരു രാജ്യത്തെ
മണ്ടൻ കഥയോ, മുത്തപ്പാ?"
"കുരുന്നു പിള്ളേരേ, നിങ്ങൾ
ഇരുന്ന ശേഷം കാൽ നീട്ടൂ
ഒരു കാലത്തീ ഗ്രാമത്തിൽ
ക്ഷുരകനൊരുത്തൻ പാർത്തല്ലോ",
" ക്ഷുരകൻ ചത്തോ മുത്തപ്പാ?"
"വളരെക്കാലം മുമ്പല്ലേ!"
"അതുകൊണ്ടാണോ മുത്തപ്പൻ
താടി വളർത്തി നടക്കുന്നു?"
" നോക്കൂ, നിങ്ങളു വെടിവെക്കാൻ
തോക്കിനുള്ളിൽ കയറേണ്ടാ"
"എങ്കിൽ പ്പറയൂ മുത്തപ്പാ
വങ്കത്തരമിനി വരുകില്ല"
"പണിചെയ്യാതവനവിടെ
നുണയും ചൊല്ലി നടന്നല്ലോ"
"വയറു വിശക്കുന്നേരത്തോ?"
"കയറിച്ചെല്ലും ചില വീട്ടിൽ"
"നുണയൻമാർക്കേ ധനവാൻമാർ
പണവും ചോറും നൽകീടൂ"
"എന്നിട്ടെന്തായി മുത്തപ്പാ?"
"എന്നിട്ടല്ലേ പൊടിപൂരം –
ഒരു നാൾ വെറുതെ കാട്ടിൽപ്പോയ്
അലഞ്ഞു തിരിയും നേരത്ത്
ക്ഷുരകച്ചാർക്കൊരു താറാവും
കരഗതമായി ഭാഗ്യവശാൽ
നിത്യം നിത്യം രണ്ടല്ലോ
മുട്ടയിടുന്നൂ, പൊൻമുട്ട!"
"പൊൻമുട്ടകളോ, മുത്തപ്പാ?"
പിന്നെപ്പറയാനെന്തുള്ളൂ!
സ്വത്തുകളനവധി കൈവന്നൂ
പുത്തൻ പുത്തൻ മാളികയും....."
"പിള്ളേർക്കെല്ലാം കുപ്പായം
സ്വർണ്ണം കൊണ്ടോ തുന്നിച്ചു?"
"അവനൊരു ലുബ്ധൻ, പിള്ളേരേ,
അവനതിമോഹം വർദ്ധിച്ചു.
അതിമോഹത്താൻ മരമണ്ടൻ
ഒരു നാളിങ്ങനെ ചിന്തിച്ചാൻ–
നിത്യവുമിങ്ങനെ ഈരണ്ടായ്
മുട്ടകിടച്ചാലെന്തുള്ളൂ?
മുട്ടകളെല്ലാമൊന്നായി
കിട്ടുകിലണ്ടൊരു പ്രഭുവാകാം.
ചടപട പിടയും താറാവിൻ
പിടലി പിടിച്ചു ദുർമ്മോഹി,
കത്തിയെടുത്തു നിവർത്തിയവൻ
കുത്തിയിറക്കി പള്ളയ്ക്ക്
ചോരപ്പുഴയായവിടെല്ലാം
പേരിനുമില്ലൊരു പൊൻമുട്ട!"
"കഷ്ടം! പിന്നീടെന്തുണ്ടായ്?"
"കുത്തിയിരുന്നു കരഞ്ഞല്ലോ!"

*(ബാലയുഗം 1973 ഒക്ടോബർ)*

മോഹൻദാസ്

**ചെണ്ടവിശേഷം**

ഉണ്ടോ ചെണ്ടേ തെല്ലുവിശേഷം?
ഉണ്ടേ പറയാൻ തല്ലുവിശേഷം!!

*(ബാലഭൂമി 1998 ആഗസ്റ്റ് 1)*

മുതുകുളം ഗംഗാധരൻ പിള്ള

**പേടമാൻ**

ദ്രോഹിക്കാത്തൊരു മാനേ, നിന്നെ
സ്നേഹിക്കുന്നൂ ഞാനും
തുള്ളിത്തുള്ളി നടക്കാനാരി–
പ്പുള്ളിയുടുപ്പണിയിച്ചു?
കലമാൻ കൊമ്പിലുരസും നേരം
കണ്ണിന് നൊമ്പരമില്ലേ?
വരയൻ പുലിയും നരിയും കരിയും
വരുന്ന വഴി പോകാതെ!
വലിയ പാമ്പുകൾ ചുമലിൽ വീഴാൻ
വളഞ്ഞു നിൽപ്പൂ മുകളിൽ!
വനത്തിനുള്ളിൽ വസിച്ചിടുന്നോർ
വൻചതിയന്മാരല്ലേ?
കാടിനു വെളിയിൽ പോരൂ, നല്കാം
കറുകത്തളിരും നീരും.

*(ബാലയുഗം 1973 മേയ്)*

**കല്ലിയൂർ മധു**

**കൺമണി**

അങ്ങേനാട്ടിലെ മാളിക വീട്ടിലൊ–
രമ്പിളി ക്കുട്ടനുണ്ട് – ഒരു കൺമണിക്കുട്ടനുണ്ട്
ചമ്പകമൊട്ടിന്റെ ചേലാണ്
ആമ്പൽപ്പൂവിൻ ചിരിയാണ്
കോടക്കാറിൻ കതകിനു പിന്നിലാ–
യോടിയൊളിച്ചു കളിയാണ്–അവ–
നോടിയൊളിച്ചു കളിയാണ്.
മാനത്തൊരായിരം നക്ഷത്രപ്പൂക്കളാൽ
മാലകൊരുത്തുകളിയാണ് – മുല്ല
മാല കൊരുത്തു കളിയാണ് .....!
നീലക്കടലമ്മ താഴത്തെ വീട്ടിലെ
നീലക്കടലമ്മ കൈനീട്ടി............
(അക്കടലമ്മയ്ക്കും പാലു ചുരന്നു പോ–
യമ്പിളിക്കുട്ടനെ കണ്ടപ്പോൾ!)

*(ബാലയുഗം 1970 ഏപ്രിൽ)*

**സെബാസ്റ്റ്യൻ പള്ളിത്തോട്**

**നിറങ്ങൾ**

നിറങ്ങൾ നീന്തും നീലാകാശം
കടലല നീല
നീലമാമല മേലേ വിരിയും
കുറുഞ്ഞികൾ നീല!
ഉണ്മ,
തുമ്പപ്പൂവിനു വെണ്മ,
കൈതവമില്ലാക്കുഞ്ഞു മനസ്സിനു–
മെന്റെയുടുപ്പിനുമൊരു പോൽ!
ഹരിതഗന്ധം പാടിയുറങ്ങും
വയലുകൾ പച്ച,
തളർന്നു നീങ്ങും പഥികനു നീട്ടും
തണലുകൾ പച്ച,
അന്തിമാനത്തോപ്പിൽ നിറയും
നിറങ്ങളനവധിയായ്
കറുത്തരാത്രിയ്ക്കകമ്പടിയായ്
വരുന്നു താരങ്ങൾ !

*(തളിര് 1998 ഫെബ്രുവരി)*

**കെ.വി.ദേവ്**

**ഒന്നാം കുന്ന്**

ഒന്നാം കുന്നുമ്മേലോമനക്കൊന്നകൾ
ഒന്നാമതായ് പൂത്ത നാളു വന്നു
ഒന്നിച്ചൊരായിരം മൈനകളാ മണി–
ക്കൊന്നയിൽ കൂടിട്ടു പാടി നിന്നു
ഒന്നാം കണ്ടത്തിൽ വിത്തിറക്കീടുവാൻ
ഒന്നാമതായ് മഴക്കാറു വന്നു.
ഒന്നിച്ചു കർഷകരേലാ വരമ്പത്ത്
വന്നൊത്തു മേട വിഷുക്കണിയും,
ഒന്നാം പൂക്കണി കണ്ടുതൊഴാനെന്നി–
ക്കമ്മേമച്ഛനും കൂട്ടു നിന്നു.
ഒന്നല്ലോ നമ്മളീ നാട്ടിലെന്നാ വിഷു –
കൈനേട്ടമല്ലോ പറഞ്ഞുതന്നു .......!

*(ബാലയുഗം 1971 ഏപ്രിൽ)*

**ശിശുഗാനങ്ങൾ** **നഴ്സറി**

**സി.വാസന്തി**

**ഞ്ച**

സഞ്ചിയെടുത്തു കുടഞ്ഞു
മഞ്ചാടിക്കുരു വീണു
എണ്ണിയെടുത്തു കുട്ടൻ
പതിനഞ്ചുണ്ടേ മഞ്ചാടി.
അഞ്ചും അഞ്ചും പത്തു
പത്തുമഞ്ചും പതിനഞ്ച്
പുഞ്ചിരിച്ചു കുട്ടൻ
കൊഞ്ചി വന്നു കുഞ്ഞ്
ഏട്ടനു വേണോ പഞ്ചാര?
കുഞ്ഞിനു വേണോ മഞ്ചാടി...?

*(ബാലയുഗം 1971 ഡിസംബർ)*

**ദ്ദ**

രണ്ടുണ്ടു മൂക്കവനി–ദ്ദ
ദ–യല്ലേ ഭ, യല്ലേ – ദ്ദ
അദ്ദേഹമിദ്ദേഹമി – ദ്ദ
മദ്ദളമേളത്തിലി – ദ്ദ
മർദ്ദനമേല്ക്കുമ്പോൾ ചാട്ടം
റബ്ബർ പന്തിന്റെ മർദ്ദത്തിലി–ദ്ദ
അച്ഛനടിക്കുമ്പോളയ്യോ
അതിൻ മർദ്ദവും ചൂടും കഠോരം

(ബാലയുഗം 1971 ഏപ്രിൽ)

**ണ്ഡ**

ഭാണ്ഡമെടുത്തു നടന്നൂ
പാണ്ഡവർ ദിക്കു കടന്നൂ
കുണ്ഡലമുള്ളൊരു കർണ്ണൻ
കൗരവപക്ഷം നിന്നൂ.
ഭണ്ഡാരത്തിനു വേണ്ടി
തമ്മിലിടഞ്ഞു മക്കൾ
പണ്ഡിതനല്ലേ ഭീഷ്മർ
പണ്ഡിതനത്രേ കൃഷ്ണൻ.

*(ബാലയുഗം 1971 മേയ്)*

**ത്സ**

ഉത്സവമേളത്തിലി-ത്സ
ഉത്സാഹമുണ്ടാക്കുമി-ത്സ
മത്സ്യാവതാരത്തിലി-ത്സ
ജോത്സ്യൻ വരുന്നല്ലോ-ത്സ
മത്സരമാത്സര്യമി-ത്സ
വത്സരമാകുമ്പോളി-ത്സ

*(ബാലയുഗം 1971 ഏപ്രിൽ)*

**ട്ട**

ട്ട-ട്ട പൊട്ടൻ
കട്ടൻ കാപ്പി കുടിച്ചു
വട്ടിയെടുത്തു നടന്നു
വീട്ടിൽക്കേറി പൊട്ടൻ
വല്ലോം തരണേ കുട്ടാ
പട്ടിവരുന്നേ പൊട്ടാ
അയ്യന്റമ്മോ ഓട്ടം
തട്ടിമറിഞ്ഞു പൊട്ടൻ
പൊട്ടക്കിണറു ചതിച്ചേ
തിത്തിത്തകതിധിതോം
കുട്ടനു കിട്ടി സമ്മാനം
അമ്മ കൊടുത്തു അടിയപ്പം!

*(ബാലയുഗം 1971 ജനുവരി)*

**വിത്തും വിതയും**

ആരു കിളച്ചു?
ആരു വിതച്ചു?
നിങ്ങൾ വിതച്ചോ?
ഞങ്ങൾ വിതച്ചോ?
ഞങ്ങൾ കിളച്ചതിൽ
നിങ്ങൾ വിതച്ചോ?
നമ്മൾ കിളച്ചു വിതച്ചു
കൊയ്തതു നമ്മൾ
ഉണ്ടതു നമ്മൾ
ഊണും കൊയ്ത്തും തിരുതകൃതി
വിതച്ചവരേ, കൊയ്തവരേ
വിതച്ചവരല്ലേ കൊയ്യാവൂ.
കിളയും വിതയും വിത്തും
വിത്തും കിളയും വിതയും
പഠിച്ച നാളിൽ ജയിച്ച നമ്മൾ.

*(ബാലയുഗം 1971 മാർച്ച്)*

**പ്പ**

പ്പ-യുണ്ടേ-തപ്പിൽ
മ്മ-വേണോ-ഉമ്മ
ണ്ട-കണ്ടോ-കണ്ടൻ
ങ്ങ-യാണേ-മൂങ്ങ
ക്ക-വരുന്നു-ചക്ക
ത്ത-തന്നെ-തത്ത
ച്ച-നോക്കൂ-പച്ച
ട്ട-കൊണ്ടൊരു-പൊട്ടൻ

*(ബാലയുഗം 1971 ജനുവരി)*

**മായം**

മായം തന്നെ മായം
ചായപ്പൊടിയിൽ മായം
പാലിൽ ചേർക്കും മായം
കായക്കൂട്ടിൽ മായം
കായം തീരെ മെലിഞ്ഞു
പാടാണിവിടെ കഴിയാൻ.

*(ബാലയുഗം 1971 ഡിസംബർ)*

**സ്ത**

സ്ത-സ്ത-ഗുസ്തി
സ്തംഭച്ചോട്ടിൽ ഗുസ്തി
വിസ്തരിക്കാൻ വയ്യേ
അസ്തമിക്കാറായി.

*(ബാലയുഗം 1971 മേയ്)*

**സുകു**

**വല്യമ്മ**

ഞൊറിഞ്ഞുടുത്തു വരുന്നുണ്ടേ
മകളെ കാണാൻ വല്യമ്മ;
ഒരല്പനേരമിരിക്കാതെ
ചിരിച്ചുപായും വല്യമ്മ!
കൈനിറയെ കൊണ്ടുവരുല്ലോ
'കാഞ്ചനമുത്ത്', 'മണിമുത്ത്'!
മകളുടെ മടിയിലതിട്ടിട്ടേ
പോകൂ നല്ലൊരു വല്യമ്മ!
ഇടവിട്ടിടവിട്ടോടിവരും
തിടുക്കമുള്ളാ വല്യമ്മ;
വരുമ്പോഴെല്ലാം കൊണ്ടുവരും
മകൾക്കു പുത്തൻ സമ്മാനം!
കലിവന്നീടിൽ നോക്കേണ്ട
കടിച്ചുകീറും കൺമണിയെ;
കലിമാറ്റ്യാലോ കൊണ്ടുവരും
വീണ്ടും വീണ്ടും സമ്മാനം!

(ബാലയുഗം 1973 ഒക്ടോബർ)

**പൂവച്ചൽ ഖാദർ**

**കുയിൽ**

മുരളീധരനാം കുയിലേ! നിൻ സ്വര
മധുരിമ ചൊരിയുകയില്ലേ?
കളകള പൂരിത പുളകിതഗീതം
കരളിൽ പകരുകയില്ലേ?
മാനം നെറ്റിയിലിട്ടു തൊടുകുറി,
ബാലദിവാകരബിംബം
വാർമുടി ചിക്കിയുണക്കി മേഘം
വാസനത്തൈലം പൂശി.
തുകിൽ വിളിയില്ലേ.....? തുളസിക്കതിരുകൾ
പുലരിയണിഞ്ഞുവരുമ്പോൾ
അഞ്ജനവർണ്ണാ! വെറുതേ നീയെ-
ന്താരായൽ ക്കൊമ്പിലിരിപ്പൂ .....?

*(ബാലയുഗം 1972 മേയ്)*

**എ.അയ്യപ്പൻ**

**ഉത്സവം**

കാട്ടിനകത്ത്, കാട്ടിനകത്ത്
കാക്കത്തൊള്ളായിരം കൂടുണ്ട്
കൂട്ടിനകത്ത്, കൂട്ടിനകത്ത്
കൂകിവിളിക്കും കിളികളുണ്ട്.
തുമ്പിലയിൽ ചോറുണ്ട്
തുമ്പിക്കൈയിൽ മാലയുമായ്
കൊമ്പനാനയ്ക്കിന്നിവിടെ
വമ്പിച്ചയൊരു കല്യാണം.
കീരിക്കും പാമ്പിനും പോരാട്ടം
മാനിനും മയിലിനും കൂത്താട്ടം
കൂകിവിളിച്ചു കൊഞ്ഞനം കാട്ടാൻ
കൂടി ഞങ്ങൾക്കു സന്തോഷം.

*(ബാലയുഗം 1970 ഏപ്രിൽ)*

**ഭാസ്ക്കരൻ നായർ**

**കുഞ്ഞുചിരിക്കും....**

കുഞ്ഞുചിരിക്കുംനേരം ചുറ്റും
മുല്ലപ്പൂക്കൾ വിടരും
അമ്മിഞ്ഞിപ്പാൽ നുണയും നേരം
കൺമണി തുള്ളിച്ചാടും
ഓമനയുടെ ചാഞ്ചാട്ടം കണ്ടാൽ
ഉമ്മ കൊടുക്കാൻ തോന്നും
ആനന്ദത്തിൻ പൂത്തിരി കത്തും
ചുറ്റും മിന്നിപ്പടരും.

*(ബാലയുഗം 1970 ഏപ്രിൽ)*

**സൂര്യ എസ്. കൊല്ലം**

**അണ്ണാറക്കണ്ണൻ.**

ചിൽ ചിൽ എന്നു ചിലച്ചുംകൊണ്ടേ
ഓടിച്ചാടി നടക്കുന്നോൻ
മൂന്നു വരക്കുറി മുതുകിൽച്ചാർത്തീ-
ട്ടങ്ങോട്ടിങ്ങോട്ടോടുന്നോൻ.
മിനുത്തവാലതു മിനുക്കിയങ്ങനെ
വെറുതെ സമയം കളയുന്നോൻ
കാക്കച്ചേച്ചിയെയെങ്ങാൻ കണ്ടാൽ
ഓടിപ്പോണോൻ മലയണ്ണാൻ.

*(തളിര് 1995 ഡിസംബർ)*

**പ്രീജ സക്കറിയ**

**ഒന്നു മുതൽ പത്തു വരെ**

ഒന്നേ ഒന്നേ ഒന്നേ വാ
ഒന്നാണീശ്വരനിപ്പാരിൽ
രണ്ടേ രണ്ടേ രണ്ടേ വാ
രണ്ടുണ്ടല്ലോ കണ്ണുകളും
മൂന്നേ മൂന്നേ മൂന്നേ വാ
മൂക്കെണ്ണുണ്ടു തേങ്ങയ്ക്ക്
നാലേ നാലേ നാലുണ്ടേ
നാല്ക്കാലികളിൽ കാലുകളും
അഞ്ചേ അഞ്ചേ അഞ്ചാണേ
അഞ്ചാണേ കൈവിരലുകളും
ആറേ ആറേ ആറേ വാ
ആറല്ലോ കാൽ പ്രാണിക്ക്
ഏഴേ ഏഴേ ഏഴേ വാ
മഴവില്ലിൽ നിറം ഏഴല്ലോ?
എട്ടേ എട്ടേ എട്ടുണ്ടേ
എട്ടുണ്ടേ ദിക്പാലകരും
ഒമ്പത് വമ്പൻ തന്നല്ലോ
രസവും ഗ്രഹവും നവമല്ലോ
പത്തേ പത്തേ പത്തേ വാ
അത്തം പത്തിനു പൊന്നോണം

*(തളിര് 1997 മേയ്)*

**സംഗീത. വി. (Std. VII തേഞ്ഞിപ്പാലം)**

**കണിക്കൊന്ന**

മഞ്ഞപ്പൂവേ കൊന്നപ്പൂവേ
എന്തേ ഇന്നൊരു കിന്നാരം?
അമ്പിളി തന്നുടെ മഞ്ഞിനിലാവിൽ
മന്ദഹസിക്കുകയാണോ നീ?
ഏപ്രിൽ മാസമടുത്താലേ
മഞ്ഞയുടുപ്പു ധരിക്കൂ നീ.
വിഷുവിൻ നാൾ കണികാണും നിന്നെ
അയ്യട! എന്തൊരു സൗഭാഗ്യം!

*(തളിര് 1995 ഡിസംബർ)*

**പാറങ്കോട്ട് ഗോപിനാഥൻ**

**കുസൃതിക്കുട്ടി**

അവനൊരു കുട്ടി, കുസൃതിക്കുട്ടി
കുസൃതി നിറഞ്ഞൊരു കുസൃതിക്കുട്ടി
ജനതതി കാണാൻ
കൊതി വന്നവനൊരു
പരദേശത്തേയ്ക്കോടിപ്പോയി.
കണ്ടവനിത്തറ

കട്ടിയിലിത്തറ
കണ്ടൊരുവാര-
യതിത്തറ ദൂര-
മോരോമനഗാന-
മതിത്തറ മോഹന-
മിനിയൊരു പഴമോ-
യിത്തറ ചെന്നിറ-
മീയത്തൂക്കം
യിത്തറ തൂക്കം
ഒരു നാലിരുപതു-
മിതു പോലെൺപതു
തന്നേ കതകുക-
ളെല്ലാം തടികൾ......!
നിന്നവനത്ഭുതമൂറി കണ്ണിൽ
വീണ്ടും നിന്നവനത്ഭുതമൂറി...

*(Keats ന്റെ Naughty Boy)*
*(ബാലയുഗം 1972 മേയ്)*

**ദേവകി കോടനാട്**
**മാവേലി പോയപ്പോൾ**

മാവേലി നാടുവെടിഞ്ഞേപ്പിന്നേ
മാലോകർക്കേതുമേ സൗഖ്യമില്ല.
ആനന്ദമെന്നതശേഷമില്ല
അല്ലലൊഴിഞ്ഞിട്ടു നേരമില്ല.
സത്യവുമില്ല, കരുണയില്ല,
സന്മാർഗ്ഗബോധം മനുഷ്യനില്ല.
കള്ളക്കടത്തും കരിഞ്ചന്തയും
കള്ളത്തരങ്ങളില്ലാത്തതില്ല.
സ്വാർത്ഥതയില്ലാത്തോരാരുമില്ല
അർത്ഥ വ്യാമോഹമല്ലാതെയില്ല
കൊല്ലും കൊലയും കവർന്നെടുപ്പും
തെല്ലും സമാധാനമില്ലയാർക്കും.
എങ്ങും സമരം പണിമുടക്ക്
എന്തിനുമിന്നു വിലക്കയറ്റം.
സമ്പൽ സമൃദ്ധിതൻ കാലം പോയി
സമ്പാദ്യമാർക്കുമില്ലാതെയായി
രോഗമില്ലാത്തവരാരുമില്ല
രോഗങ്ങൾ പണ്ടുള്ളതൊന്നുമല്ല.
ദുർമരണങ്ങളേ കേൾപ്പാനുള്ളൂ
ദുർമാർഗികൾക്കേ വിജയമുള്ളൂ.
കാലചക്രത്തിന്നുഴവു ചാലിൽ
കാലടി വച്ചു കുഴഞ്ഞു മർത്ത്യർ.

*(ബാലരമ)*

**ഉമ്മന്നൂർ ഗോപാലകൃഷ്ണൻ**
**കുട്ടായി**

പര പര പുലരും നേരത്ത്
ചറ പറ പെയ്യും മഴയത്ത്
പട പട ചാടി നടന്നല്ലോ
കുടയില്ലാതൊരു കുട്ടായി!
കറുകറെ നേരമിരുണ്ടപ്പോൾ
കിടുകിടെ കിടുകിടെ വിറയായി,
ചുടുചുടു ചുടുചുടു പനിയായി
അടിമുടി മൂടി കുട്ടായി.

*(ബാലഭൂമി 1997 ഫെബ്രുവരി 16)*

**പുതുശ്ശേരി രാമചന്ദ്രൻ**
**കുയിൽ**

പാടിപ്പതിഞ്ഞു വന്ന
കരിങ്കുയിലേ നിൻ
പാട്ടിതറിഞ്ഞു വന്നേൻ
കരിങ്കുയിലേ!
കാതുകുളിരെപ്പാടും
കരിങ്കുയിലേ, നിന്നെ
കാക്ക വളർത്താറുണ്ടോ
കരിങ്കുയിലേ?
മാമരച്ചോലകളിൽ
കരിങ്കുയിലേ, വന്നു-
മറഞ്ഞിരിക്കുന്നതെന്തേ?
കരിങ്കുയിലേ?
ഇനിമയായ് പ്പാടിടുമെൻ
കരിങ്കുയിലേ, പാട്ടി-
തെവിടുന്നുപഠിച്ചു നീ
കരിങ്കുയിലേ?
വാനിടമോ മന്നിടമോ
കരിങ്കുയിലേ-നീ
വാഴുമിടമേത്? ചൊല്ലൂ
കരിങ്കുയിലേ?

*(നാകനരരാജയ്യരുടെ തമിഴ് കവിതയുടെ പരിഭാഷ)*

*(ബാലയുഗം 1971 മാർച്ച്)*

**മടവൂർ രാധാകൃഷ്ണൻ**
**ചെണ്ടമിടുക്ക്**

കൊണ്ടാൽ മിണ്ടും
പണ്ടേ മിണ്ടും
മിണ്ടുകയല്ലോ
ചെണ്ട മിടുക്ക് !

*(മുത്തശ്ശി 1997 ഫെബ്രുവരി)*

**എൻ.കെ.ദേശം**
**ഒരു കൂടിക്കാഴ്ച**

പുലരിയൊരു ചെറുപൈങ്കിളി ഞങ്ങടെ
പുരയുടെ മുറ്റത്തെത്തി.
പവിഴച്ചെങ്കഴൽ വച്ചു പതുക്കെയൊ-
തവിടെ നടപ്പതു കാൺകെ,
ഉള്ളവെയിലേറ്റു മയങ്ങും പൂച്ച-
യ്ക്കിളകിയൊരിക്കിളി കരളിൽ.
സാദരമെഴുന്നേറ്റവളുരിയാടി
സ്വാഗത വചനം:"മ്യാവു!"
കണ്ടതുന,ന്നതിലതുലകുതൂഹല-
മുണ്ടു നമുക്കെന്നർത്ഥം.
നെന്മണി കൊത്തിനടക്കും വേളയിൽ
നന്മൊഴിയരുളിതു കേൾക്കെ
'കലപില'യെന്നു പറഞ്ഞു പറന്നാ-
ക്കിളിയൊരു തരുവിലിരുന്നു............
തൻ കരൾ കാഞ്ഞുകൂറുഞ്ഞി കരഞ്ഞു

സങ്കടമോടെ "മ്യാവൂ"!

*(ബാലരമ)*

**പൂവച്ചൽ ഖാദർ**

**അരുവിയും കുരുവിയും**

അരുവിക്കരയിൽ കുരുവിയിരുന്നു
'ചലപില'യെന്തോ ചൊല്ലി.
"കളകള" യെന്നതിനുത്തരമേകി
കവിതക്കാരന്നരുവി.
കുരുവി പറഞ്ഞു:- "ഞാനും നീയും
പാടുവതൊന്നല്ലേ?"
അരുവി പറഞ്ഞു:-"നീയും ഞാനും
തേടുവതൊന്നല്ലേ?" ............

*(ബാലയുഗം 1971 ഏപ്രിൽ)*

**കെ.എൻ.കുടമാളൂർ**

**മഞ്ചാടിക്കുരു**

കേരളനാട്ടിൻ
ഭൂഷണമായി
കീർത്തി പരത്തും
മനോഹരി ഞാൻ.
മഞ്ചാടിക്കുരു
മാലയുമായി
മാനത്തെത്തുമ്പോൾ
അമ്പിളിമാമനു
കുമ്പിളിൽ ഞാനൊരു
പുത്തൻ സമ്മാനം!
പുത്തരിയുണ്ണു
കഴിയുമ്പോൾ
അച്ഛൻ കട്ടിലിൽ
ഒന്നു മയങ്ങും
അമ്മയും ഞാനും
കൂടിപ്പെറുക്കും.
അമ്മയുരച്ചു
തുളയ്ക്കും കുരുക്കൾ
സ്വർണ്ണവള്ളിയിൽ
കോർക്കാനെളുപ്പം.
പഞ്ചാരച്ചിരി
തൂകി രസിക്കാൻ
അന്തി വിളക്കു
കൊളുത്താം ഞാൻ.
കേരളനാട്ടിൻ
ഭൂഷണമായി
കീർത്തി പരത്തും
മനോഹരി ഞാൻ.

*(ബാലയുഗം 1970 ഏപ്രിൽ)*

**നീലമ്പേരൂർ മധുസൂദനൻ നായർ**

**കുഞ്ഞിക്കാറ്റ്**

കുഞ്ഞിക്കാറ്റേ, കുരുന്നു കയ്യാൽ
കുസൃതികൾ കാട്ടി നടക്കാതെ
അടുത്തിരിക്കൂ നീയെൻ കാതിൽ
അടക്കമോടൊരു കഥ പറയൂ!
തളിർത്തു പൂത്തൊരു മുല്ലക്കാട്ടിൽ
തണലിൽ നിന്നു പരുങ്ങാതെ
അടുത്തുവായെന്നരികിൽ മിഴികൾ-
ക്കദൃശ്യനാണെന്നാലും നീ !
മനോജ്ഞരാഗം മൂളാൻ പാഠം
പഠിച്ചതാരിൽ നിന്നാവാം?
എവിടുന്നെവിടുന്നാവാം മെയ്യിൽ
എടുത്തു ചാർത്തി കളഭം നീ?
തണുപ്പണിയും പൊയ്കകൾ നീന്തി-
ക്കടന്നുപോരും നേരത്തിൽ
വിറച്ചിടാതെയെങ്ങനെ, ചൊല്ലുക,
മിടുക്കനായി നീ വന്നു?

*(ബാലയുഗം 1971 മാർച്ച്)*

**എ.സി.എൻ**

**മലർ**

പുതുമലർ നറുമലർ
തേന്മലർ കണ്ടാ-
ലഴകെഴുമൊരു മലർ
നന്മലർ കണ്ടാ-
ലണിമലർ നിറമലർ
കതിർമലർ കണ്ടാ-
ലകമലരൊരു മണി
മലരാകും.

*(ബാലഭൂമി 1996 മേയ് 1)*

**നീലേശ്വരം രാമൻകുഞ്ഞി**

**പിരിയാത്ത കൂട്ട്**

പാത്തു പതുങ്ങി നടക്കും പൂച്ച
പാത്തു വളർത്തും പൂച്ച.
പച്ചപ്പാലു കുടിക്കും നിത്യം
പച്ചപ്പുമീൻ തിന്നും.
ഉച്ചയ്ക്കെന്നുമുറങ്ങും, പിന്നെ
മച്ചിൽച്ചാടി നടക്കും.
തക്കം നോക്കി തൈരിൻ പാത്രം
തട്ടിമറിക്കും കേമൻ.
പാത്തുവുറങ്ങും പായിൽത്തന്നെ
പൂച്ചയുറങ്ങും ചാരെ
പാത്തു കരഞ്ഞാൽ മ്യാവൂ ! മ്യാവൂ!
പൂച്ചയുമപ്പോൾ കരയും.
പാത്തു ചിരിച്ചാൽ പൂച്ചയുമൊപ്പം
പല്ലുകൾ വെളിയിൽ കാട്ടും.
പാത്തു പഠിക്കും നേരത്തവളുടെ
മടിയിൽ കുറുകിയിരിക്കും.
എലിയുടെ ശബ്ദം കേട്ടാൽ മാത്രം
കലിയറുന്നതു കാണാം.
പുലിയെപ്പോലെ വിറയ്ക്കും 'മീശ'
എലികൾക്കില്ലിനി രക്ഷ.

*(തളിര് 1998 ഫെബ്രുവരി)*

**ജെ. ഇലഞ്ഞി**

**പൊല്ലാപ്പ്**

കാട്ടിൽക്കൂടി പോകുന്നേരം
കാലിൽ കൊണ്ടൊരു മുള്ള്
മുള്ളുമെടുത്തു നടക്കുന്നേരം
കാലിൽ കൊണ്ടൊരു കല്ല്

കല്ലും മുള്ളും കൂടിട്ടാകെ
പൊല്ലാപ്പാക്കി കാല്.

*(തളിര് 1996 ആഗസ്റ്റ്)*

**സുജ കണ്ണപുരം**

**മുന്നറിയിപ്പ്**

മരമില്ലെങ്കിൽ മഴയില്ല
മഴയില്ലെങ്കിൽ വിളവില്ല
മരമില്ലെങ്കിൽ തണലില്ല
തണലില്ലേലൊരു സുഖമില്ല.
മരമില്ലേലോ വിറകില്ല
വിറകില്ലേ, ലരി വേകില്ല
മരമില്ലെങ്കിൽ മാനവരേ
കരുതിയിരിക്കൂ, നാമില്ല.

*(തളിര് 1996 നവംബർ)*

**ചന്തിരൂർ താഹ**

**പാത്തുമ്മ**

കുത്തരി കുത്തി പത്തിരി ചുട്ടു
പത്തു വെളുപ്പിനു പാത്തുമ്മ.
പള പള മിന്നണ പത്തിരി നോക്കി
കുത്തിയിരുന്നു പാത്തുമ്മ.

*(ബാലഭൂമി 1996 ജൂൺ 1)*

**ബി.ഇന്ദിര**

**കുട്ടിക്കൊമ്പനും കുട്ടിയും**

കൊച്ചുവെളുപ്പാൻ കാലത്ത്
കുട്ടനുണർന്നൊരു നേരത്ത്
വെട്ടം വീണൊരു മുറ്റത്ത്
കുട്ടിക്കൊമ്പൻ നില്ക്കുന്നു !
അമ്പല നടയിലെ ആനച്ചാർ
എന്തിനു വന്നീ മുറ്റത്ത്
കുട്ടനോടിഷ്ടം കൂടാനോ-
ശർക്കര വാങ്ങി തിന്നാനോ?
കൊമ്പൻ തുമ്പിക്കൈ നീട്ടി
മുമ്പോട്ടങ്ങനെ വന്നപ്പോൾ
കുട്ടൻ നൽകീ മടിയാതെ
ശർക്കരയുണ്ടകൾ രണ്ടെണ്ണം.
മദിച്ചു പാഞ്ഞു മറഞ്ഞോരവനെ
തളച്ചിടാനായ് എത്തിയവർ
ബാലനോടൊത്തു കളിച്ചീടും
ആനയെ നോക്കി മിഴിക്കുന്നു.

*(തളിര് 1996 ആഗസ്റ്റ്)*

**സിപ്പി പള്ളിപ്പുറം**

**പച്ചക്കറിപ്പാട്ട്**

ഒന്നേ-ഒന്നേ-ഒന്നേ- പോ
ഒന്നാം തോട്ടത്തിൽ - ഓമയ്ക്ക!
രണ്ടേ-രണ്ടേ-രണ്ടേ പോ
രണ്ടാം തോട്ടത്തിൽ - വെണ്ടയ്ക്ക !
മൂന്നേ-മൂന്നേ-മൂന്നേ- പോ
മൂന്നാം തോട്ടത്തിൽ - മുള്ളങ്കി !
നാലേ-നാലേ-നാലേ- പോ
നാലാം തോട്ടത്തിൽ - നാരങ്ങ !
അഞ്ചേ-അഞ്ചേ-അഞ്ചേ-പോ
അഞ്ചാം തോട്ടത്തിൽ- ചെഞ്ചീര !
ആറേ-ആറേ-ആറേ-പോ
ആറാം തോട്ടത്തിൽ- അച്ചിങ്ങ !
ഏഴേ-ഏഴേ-ഏഴേ-പോ
ഏഴാം തോട്ടത്തിൽ - വാഴയ്ക്ക !
എട്ടേ-എട്ടേ-എട്ടേ- പോ
എട്ടാം തോട്ടത്തിൽ - പൊട്ടറ്റോ !
ഒൻപതേ-ഒൻപതേ-ഒൻപതേ-പോ
ഒൻപതാം തോട്ടത്തിൽ - കുമ്പളങ്ങ !
പത്തേ- പത്തേ-പത്തേ-പോ
പത്താം തോട്ടത്തിൽ - മത്തങ്ങ !

*(ബാലഭൂമി 1998 ജൂൺ 16)*

**ശൂരനാട് രവി**

**സംഖ്യാഗാനം**

നത്തിന് രണ്ടേ കണ്ണ്
നത്തിന് രണ്ടേ കാല്
നത്തക്കായുടെ കാലിൽ
എത്തറയുണ്ടേ വിരല് ?
കൊക്കിന് രണ്ടേ കാല്
കൊത്തിവലിക്കാൻ ചുണ്ട്
ഞണ്ടു പിടിക്കും നേരം
കണ്ടോ നല്ലൊരു ചേല് !
നത്തിനു കാലുകളെത്ര ?
കൊക്കിന് കാലുകളെത്ര ?

*(ബാലഭൂമി 1996 മെയ് 16)*

**ശ്രീപാദം**

**തക്കിട തരികിട**

അപ്ഫൻ വരുമെട
അപ്പം തരുമെട
അപ്പോൾ തിന്നെട
തക്കിട തരകിട

*(ബാലഭൂമി 96ജൂൺ 1)*

**ബാലജനങ്ങളുടെ ബാലകവിതകൾ**

**അദ്ഭുതം !**

ഒരുനാൾ രാത്രിയി-
ലെന്നുടെ വീട്ടിൽ
വിരുന്നു വന്നൊരു
ചക്കി പൂച്ച
പെരുവയർ താങ്ങി
വലിച്ചും കൊണ്ടും
മ്യാവൂ മ്യാവൂ
മൂളിക്കൊണ്ടും
പൂച്ചപതുക്കെ
തട്ടിൻ മുകളിൽ
കയറിയൊ-
രൊറ്റയിരിപ്പായി.
പിറ്റേനാളിൽ
തള്ളപ്പൂച്ച-
യ്ക്കിരുപുറമേറെ
കുഞ്ഞുങ്ങൾ!
അദ്ഭുതം! ഇതു

കണ്ടാഹ്ളാദിച്ചു
കുട്ടികൾ ഞങ്ങൾ
എല്ലാരും.

*നിഷ്ണ ജി നാഥ്*
*ക്ലാസ് 3*
*പാനൂർ ഈസ്റ്റ്*
*(തളിര് 1997 മേയ്)*

### നെഴ്സറി

കുട്ടീ കുട്ടീ
ബുക്കെവിടെ?
അക്ഷരമൊന്ന–
ങ്ങെഴുതിക്കോ
അ, ആ, ഇ, ഈ
എഴുതിക്കോ
പാഠം മുഴുവൻ
വായിച്ചോ
അക്ഷരമാലകൾ
വായിച്ചോ?
ഒന്നേ രണ്ടേ
ചൊല്ലിക്കോ

*ആതിര ആർ.എസ്*
*ക്ലാസ് 4*
*പട്ടം Govt.H.S., തിരുവനന്തപുരം*
*(തളിര് 1997 ആഗസ്റ്റ്)*

### തത്തമ്മ

അത്തിമരത്തിൻ
കൊമ്പിൽ
തത്തിനടക്കും
തത്തേ
കീപി കീപി പാടി
പാറി നടക്കും
തത്തേ,
അത്തിക്കായകൾ
കൊത്തി
വയറു നിറയ്ക്കും
തത്തേ,
'മ്യാവൂ ശബ്ദം
കേൾക്കുമ്പോൾ
പമ്പ കടക്കുക–
യില്ലേ നീ ?

*നിഷാ. ടി.മോഹൻ*
*വയസ് 12*
*(ബാലഭൂമി 1996 ജനുവരി 16)*

### ഘടികാരം

എന്നുടെ വീട്ടിലെ
ഘടികാരം
പേടിത്തൊണ്ടൻ
ഘടികാരം
സമയം പറയും
ഘടികാരം
നെഞ്ചിലിടിക്കും
ഘടികാരം
ചുവരിൽ തൂങ്ങും
ഘടികാരം
ടിക് ടിക് ടിക് ടിക്
ഘടികാരം
ണിംണോം ണിം ണോം
ഘടികാരം!

*നസീബ*
*വയസ് 12*
*(ബാലഭൂമി 1996 ഒക്ടോബർ 1)*

### അകവും പുറവും

വെളുക്കുമ്പോൾ
കുളിക്കണം
വെടിപ്പായി നടക്കേണം
വെടിപ്പായി നടക്കുവാൻ
മടിക്കരുതൊരു നാളും
പുറം മാത്രം വെടിപ്പായ–
ലതുംപോരാ കൂട്ടുകാരെ
പുറം പോലെയകവും നാം
വെടിപ്പാക്കാൻ ശ്രമിക്കേണം

*ജോമറ്റ് എൻ.ജെ.*
*ക്ലാസ് 6*
*പാലക്കാട്*
*(തളിര് 1997 ഫെബ്രുവരി)*

### പപ്പടം

പപ്പടം കുട്ടപ്പനു നല്കി
കുട്ടപ്പനതു മണ്ണപ്പനു നല്കി
മണ്ണപ്പനതു ചിന്നപ്പനു നല്കി
ചിന്നപ്പനതു സ്വർണ്ണപ്പനു നല്കി
സ്വർണ്ണപ്പനതു തട്ടപ്പനു നല്കി
തട്ടപ്പനതു ഉരുപ്പടിയാക്കി
മാളോർക്കു നല്കി.

*ദിവ്യാ വിജയൻ*
*ക്ലാസ് 6 റാന്നി*
*(തളിര് 1997 മാർച്ച്)*

### യാത്ര

അരുവീ അരുവീ
കുഞ്ഞരുവീ
നിന്നുടെയുള്ളിൽ മീനില്ലേ?
നിന്നുടെയുള്ളിൽ പാമ്പില്ലേ?
അവയ്ക്കു വാസമൊരുക്കീട്ട്
എവിടേക്കാണീ യാത്ര?
ജൂണിൽ നിന്നെ കാണുമ്പോൾ
ചോന്നു നിറഞ്ഞിട്ടാണല്ലോ
ഏപ്രിലിൽ നിന്നെക്കാണാതായ്
കുനിഞ്ഞു വേണം നോക്കീടാൻ
വഴിയിൽ കാണുവതെല്ലാം നീ
തട്ടിയൊഴുക്കിപ്പോവില്ലേ
കുതിച്ചുപായും നീയെപ്പോൾ

പതുക്കെ നീങ്ങും കുഞ്ഞരുവീ ?

*വിജിന.കെ*
*ക്ലാസ് 8*
*കണ്ണൂർ*
*(തളിര് 1997 സെപ്റ്റംബർ)*

**'ഞ്ച' 'മ്മൂ മ്മ'**

പഞ്ചാബിലുള്ളൊരു
പാഞ്ചാലിയമ്മൂമ്മ
പഞ്ചാര വാങ്ങുവാൻ
മഞ്ചേരിയെത്തി.
പഞ്ചാരയില്ലാഞ്ഞ്
പാഞ്ചാലിയമ്മൂമ്മ
മഞ്ചാടി വാങ്ങി
തിരിച്ചുപോയി.

*മഞ്ജു ആർ.കെ*
*വയസ് 8*
*(ബാലഭൂമി 1998 ജൂൺ 1)*

**നുണപ്പാട്ട്**

അപ്പാട്ടെ അമ്മൂമ്മ
അപ്പം ചുട്ടു.
അപ്പം മുളച്ചൊരു
മുട്ട വന്നു.
മുട്ട വിരിഞ്ഞപ്പം
ആനക്കുട്ടി.
കുട്ടി ചിരിച്ചപ്പം
മുത്തുമഴ!

*ലത.വി*
*(ബാലഭൂമി 1997 ഒക്ടോബർ 1)*

**കൊച്ചു നുണ**

ആനമുട്ടയിട്ടു
കാക്ക
മലർന്നു പറന്നു
കുതിരയ്ക്ക്
കൊമ്പു മുളച്ചു
വെള്ളത്തിൽ
ആണി തറച്ചു!

*സ്മിത. ആർ*
*(ബാലഭൂമി 1997 സെപ്റ്റംബർ 1)*

# ബാലജനങ്ങളും ചലച്ചിത്രഗാനങ്ങളും

ബാലികാ–ബാലന്മാരെക്കുറിച്ചും ബാലജനങ്ങൾക്കു വേണ്ടിയും ഒട്ടേറെ മെച്ചപ്പെട്ട ചലച്ചിത്രഗാനങ്ങളും മലയാളത്തിലുണ്ടായിട്ടുണ്ട്. അവയിൽ പലതും പഴയവയാണ്. പക്ഷേ, പിഞ്ചു കുഞ്ഞുങ്ങൾ പോലും അവ പാടി രസിക്കുക പതിവായിരിക്കുന്നു.

അഭയദേവും വയലാറും ഭാസ്ക്കരനും ONV യും ശ്രീകുമാരൻ തമ്പിയും യൂസഫലി കേച്ചേരിയും ബിച്ചു തിരുമലയും ഗിരീഷ് പുത്തഞ്ചേരിയും മറ്റും കലാമൂല്യമുള്ള അതീവസുന്ദരമായ സിനിമാപ്പാട്ടുകൾ കുട്ടികൾക്കുവേണ്ടി കുറിച്ചിട്ടുണ്ട്.

അമ്മയ്ക്ക് ഞാനൊരു കിലുക്കാംപെട്ടി ......................
ആ കയ്യിലോ ..................................................
ആലിപ്പഴം പെറുക്കാൻ ....................................
ആർക്കു തരും ...............................................
ABCD ചേട്ടൻ KD .........................................
കഥ കഥ പൈങ്കിളിയും ....................................
കാക്കയ്ക്കും പൂച്ചയ്ക്കും ..................................
കുഞ്ഞിനെ വേണോ ........................................
ചിന്നക്കുട്ടീ, ചെല്ലക്കുട്ടീ ..................................
തലകുലുക്കും ബൊമ്മ ....................................
തുമ്പീ തുമ്പീ വാ വാ .......................................
പിഞ്ചു ഹൃദയം ദേവാലയം ...............................
മാനത്തുള്ളൊരു വല്യമ്മാവനു ...........................
മഞ്ഞകുഞ്ഞിക്കാതുള്ള ..................................
മുറി വാലൻ ....................................................
വെണ്ണിലാ ചന്ദനക്കിണ്ണം ........................... തുടങ്ങിയവ

**ചലച്ചിത്ര ഗാനങ്ങൾ**

**ഉമ്മ**

അപ്പം തിന്നാൻ തപ്പു കൊട്ട്
താമരക്കയ്യാൽ തപ്പുകൊട്ട്
പൂവിലെ വണ്ടിനാൽ തപ്പിനു തംബുരു
പുന്നാരം പാടി തപ്പു കൊട്ട്
പുന്നാരം പാടി തപ്പു കൊട്ട്
(അപ്പം ...........)
കിങ്ങിണി കെട്ടിയ പിച്ചകം തുള്ളുമ്പോൾ
ചേങ്ങില മുട്ടി തപ്പു കൊട്ട്
കയ്യിൽ കിടക്കണ കല്ലു വള രണ്ടും
കൊഞ്ചിക്കിലുങ്ങാൻ തപ്പുകൊട്ട്
ചെല്ലക്കിനാവിൻ ചിറകടി പോലെ
മെല്ലെ മെല്ലെ തപ്പുകൊട്ട്
(അപ്പം ............)
തപ്പും കൊട്ടിത്തരിവളയും പൊട്ടി
തങ്കക്കയ്യുകൾ നൊന്തുപോയാൽ
കയ്യിൽ നിറച്ചും കുഞ്ഞിനു കിട്ടും
കാതേലപ്പം നെയ്യപ്പം

## രാഗം

ആ കയ്യിലോ ഈ കയ്യിലോ -അമ്മാനപ്പൂച്ചെണ്ട്
കണ്ണനു സമ്മാന പൂച്ചെണ്ട്
അമ്പലപ്പുഴയമ്പലത്തിൽ തൊഴുതുണർന്നൊരു പൂച്ചെണ്ട്
അറുത്തിങ്കൽ പള്ളിയിൽ പോയി മുട്ടുകുത്തിയ പൂച്ചെണ്ട്
( ആ കയ്യിലോ ........)
കുടുമ നരച്ചൊരു നമ്പൂരച്ചന് - കുടമാളൂരുന്നു കല്യാണം
ഇന്നു കുടമാളൂരുന്നു കല്യാണം
പെണ്ണിന്റെ മുടിയിൽ ചൂടാനോ - പട്ടു കിടക്കയിൽ തൂകാനോ
പത്തു പനിനീർ പൂവിനു വന്നു നമ്പൂരച്ചൻ
ചുറ്റിലും വെറ്റില മുറുക്കിത്തുപ്പി നിറക്കണ നമ്പൂരച്ചൻ
പൂക്കട ചെന്നു തുറന്നോട്ടെ
പൂവെടുത്തു കൊടുത്തോട്ടെ
പിന്നെ കാളനോലനവിയൽ കൂട്ടി
പിറന്നാൾ ഉണ്ണാൻ വന്നോട്ടെ ...................... ( ആ കയ്യിലോ.......)
കുറവലങ്ങാട്ടൊരു കുഞ്ഞേനാച്ചന്
കുന്നേപ്പള്ളിപ്പെരുന്നാള് ഇന്ന് കുന്നേപ്പള്ളി പ്പെരുന്നാള്
പള്ളിചന്തയിൽ വില്ക്കാനോ - പെൺ മക്കൾക്കു കൊടുക്കാനോ
പത്തുവട്ടി പൂവിനുവന്നു കുഞ്ഞേനാച്ചൻ
പൂക്കട ചെന്നു തുറന്നോട്ടെ - പൂവെടുത്തു കൊടുത്തോട്ടെ
പിന്നെ പരിപ്പു പച്ചടി കിച്ചടി കൂട്ടി
പിറന്നാളുണ്ണാൻ വന്നോട്ടെ .................... ( ആ കയ്യിലോ ..........)
കൊടിവച്ച കാറിലെ പുത്തൻ മന്ത്രിക്കു
കൊച്ചീക്കോട്ടയിൽ സ്വീകരണം
നടവഴി തോറും വിരിക്കാനോ - കുടവയറിന് മേൽ ചാർത്താനോ
നൂറുവണ്ടി പ്പൂവിനു വന്നു നേതാക്കന്മാർ
നമ്മളെ നാക്കു കൊണ്ടു പോക്കറ്റടിക്കുന്ന നേതാക്കന്മാർ
പൂക്കട ചെന്നു തുറന്നോട്ടെ - പൂവെടുത്തു കൊടുത്തോട്ടെ
പിന്നെ നാലുകൂട്ടം പ്രഥമൻ കൂട്ടി
പിറന്നാളുണ്ണാൻ വന്നോട്ടെ ....................... ( ആ കയ്യിലോ ........)
*(വയലാർ - സലിൽ ചൗധരി - യേശുദാസ്)*

## മൈഡിയർ കുട്ടിച്ചാത്തൻ

ആലിപ്പഴം പെറുക്കാം
പീലിക്കുട നിവർത്തി
പൂങ്കുരുവി പൂവാങ്കുരുവി
പൊന്നോലഞ്ഞാലിക്കുരുവീ
ഈ വഴി വാ ......................................... ( ആലിപ്പഴം)
അപ്പൂപ്പൻ താടിയിലുപ്പിട്ടു ചേർക്കുന്ന
ചെപ്പടി വിദ്യ കാണാം
തല കീഴായ് നീന്താം, തലകീഴായ് നീന്താം
അമ്മൂമ്മ വന്നപ്പോൾ അമ്മിക്കു കെട്ടുന്ന
തെമ്മാടി വേല കാണാം - പല കൂട്ടം കൂടാം
കരിമാറാലയിൽ കളിയൂഞ്ഞാലിടാം
കൈയോട് കൈ ചേർത്ത് കൂത്താടാം

(ആലിപ്പഴം)

കെട്ടിലും തട്ടിലും മച്ചിലും കെട്ടിപ്പിടിച്ച് പാടാം
തുടി താളം പോടാം, തുളി താളം പോടാം
വട്ടം കറങ്ങുന്ന പങ്കപ്പുറത്തിരുന്നൊപ്പം
സവാരി ചെയ്യാം
ചുവരിൻ മേലോടാം വിളയാട്ടങ്ങളായ്
തമ്മിൽ തരം പോലെ ചാഞ്ചാടാം

## കുടുംബം

ഉണരൂ ഉണരൂ ...............
ഉമ്മതരാനുണ്ണിയുണരൂ
(ഉണരൂ

കൈവളരുന്നോ കാൽവളരുന്നോ
കള്ളനു നെഞ്ചിൽ കൊതിവളരുന്നോ
ആക്കയ്യിൽ
ഈക്കയ്യിൽ
അവില് തരാം മലരു തരാം
അമ്മയ്ക്കമ്മിണിയെന്തു തരും
എന്തു തരും (ഉണരൂ
കവിൾ കമലപ്പൂ കണ്ണാമ്പൽപ്പൂ
കണ്ണനു ചുണ്ടിൽ തിരുമധുരപ്പൂ
ആ പൂവിൽ
ഈ പൂവിൽ
അണിമുത്തം മണിമുത്തം
അമ്മയ്ക്കമ്മിണി കൊണ്ടുവരും (ഉണരൂ

*(വയലാർ – ജാനകി)*

## അമ്മയെകാണാൻ

കഥകഥപ്പൈങ്കിളിയും കണ്ണുനീർപ്പൈങ്കിളിയും
കാവേരിപ്പുഴതന്നിൽ കുളിയ്ക്കാൻ പോയ് –
കുളിയ്ക്കാൻ പോയ്
കടവത്തു കാലുതെറ്റി –
കഥകളിപ്പൈങ്കിളിയാൾ
കാവേരിയൊഴുക്കിലേക്കൊലിച്ചു പോയി ..........
കൈകാലിട്ടടിച്ചപ്പോൾ,
ഒരു വിധം കരയ്ക്കെത്തി
കാലിന്മേൽ കണ്ടു രണ്ടു മിന്നും പൊന്നിൻ തളയും
(കഥ കഥ .............
കണ്ണുനീർപ്പൈങ്കിളിയ്ക്കോ –
കണ്ടപ്പോൾ കൊതി തോന്നി
തണ്ണീരിൻ നടുവിലേയ്ക്കെടുത്തു ചാടീ ...........
നീർക്കുത്തിലൊലിച്ചപ്പോൾ
കൈകാലിട്ടടിച്ചപ്പോൾ
നീർക്കോലി കാലിൽച്ചുറ്റി – കിട്ടീ, നല്ല കടിയും.
(കഥ കഥ ...............

*(പി. ഭാസ്കരൻ – കെ. രാഘവൻ)*

## പകൽക്കിനാവ്

കാക്കയ്ക്കും പൂച്ചയ്ക്കും കല്യാണം
കാട്ടിൽ മുഴുക്കെ പൊന്നോണം
സുന്ദരി കാക്കയ്ക്ക് പുന്നാരം
പൊന്നിളം വെയിലത്ത് കല്യാണം ..............

(കാക്കയ്ക്കും
കുഴലുവിളിക്കാൻ കുയിലാണ്
കുരവ മുഴക്കാൻ മയിലാണ്
പന്തലൊരുക്കാൻ വെയിലാണ്
പായ വിരിക്കാൻ നിഴലാണ്
(കാക്കയ്ക്കും
പനിനീർ തളിച്ചത് കാട്ടരുവി
പായസം വെച്ചത് തേൻകുരുവി
വെറ്റില മുറുക്കുന്നു തത്തമ്മാ
ചുറ്റിനടക്കുന്നു പൂന്തെന്നൽ
(കാക്കയ്ക്കും
ചെറുക്കന്റെ തോഴൻ ചെങ്കീരി
പെണ്ണിന്റെ തോഴി മലയണ്ണാൻ
കയ്യു പിടിച്ചത് കുരങ്ങച്ചൻ
പെണ്ണു കൊടുത്തത് കുറുക്കച്ചൻ
(കാക്കയ്ക്കും
*( പി. ഭാസ്ക്കരൻ - യേശുദാസ്)*

## ഭാര്യ

പഞ്ചാരപ്പാല് മിട്ടായി - പുഞ്ചിരി
പഞ്ചാര പ്പാല് മിട്ടായി
ആർക്കുതരും ആർക്കുതരും ആർക്കുതരും?
പപ്പയല്ലേ കൊണ്ടുതന്നതു കുഞ്ഞുടുപ്പ്
മമ്മിയല്ലേ ചുട്ടുതന്നത് നെയ്യപ്പം
എനിക്കു തരൂ എനിക്കു തരൂ എനിക്കു തരൂ
പഞ്ചാരപ്പാല് മിട്ടായി - പുഞ്ചിരി
പഞ്ചാരപ്പാല് മിട്ടായി
പച്ചതുമ്പിയെ കാട്ടൂല്ലാ
പിച്ച പിച്ച നടത്തൂല്ലാ .......... (പച്ചത്തുമ്പി
കൊച്ചോലപ്പന്തു കെട്ടിത്തരൂല്ലാ
കൊച്ചേച്ചി - നിന്റെ കൊച്ചേച്ചി (കൊച്ചോല
ഇനിയ്ക്കു തരൂ ഇനിയ്ക്കു തരൂ ഇനിയ്ക്കു തരൂ
ആനപ്പുറത്തൊന്നു കേറേണ്ടേ
അമ്മാനാട്ടം കാണേണ്ടേ
മാത്തൂച്ചേട്ടന്റെ ചക്കരക്കുടം
പൊട്ടിച്ചേ - തല്ലിപ്പൊട്ടിച്ചേ
എനിക്കൊരുമ്മ എനിക്കൊരുമ്മ
എനിക്കൊരുമ്മ
ഓ പഞ്ചാരപ്പാല് മിട്ടായി - പുഞ്ചിരി
പഞ്ചാരപ്പാല് മിട്ടായി
ആർക്കു തരും ആർക്കു തരും ആർക്കു തരും?
ഓ പഞ്ചാരപ്പാല് മിട്ടായി
*(വയലാർ - ദേവരാജൻ)*

## സർവേക്കല്ല്

പൂത്തുമ്പീ - പൂവൻ തുമ്പീ
നീയെന്തേ തുള്ളാത്തൂ - തുള്ളാത്തൂ?
പൂ പോരാഞ്ഞോ, പൂക്കുല പോരാഞ്ഞോ
നീയെന്തേ തുള്ളാത്തൂ - തുള്ളാത്തൂ?
ഞായറുദിച്ചല്ലോ മണ്ണിലെ
ഞാവൽപ്പഴവും തുടുത്തല്ലോ
ആറ്റിൻകരയിലെ കാവൽ മാടത്തിൽ
ആരോ ചൂളമടിച്ചല്ലോ
കാറ്റിൻ തേൻകൂട്ടം കൊണ്ടു നടക്കുന്ന
ഞാറ്റുവേലക്കിളിയാണല്ലോ
മാനം തെളിഞ്ഞല്ലോ മണ്ണിലെ
മാണിക്യച്ചെപ്പും തുറന്നല്ലോ
കാണാതെ പോയൊരു പൂവുകൾ പിന്നെയും
ഓണം കാണാൻ വന്നല്ലോ
തന്നാനം മയിൽ - തന്നാനം കുയിൽ
താളത്തിൽ പാടുകയാണല്ലോ.
(പൂത്തുമ്പീ
*(ഓ.എൻ.വി - ദേവരാജൻ - യേശുദാസ്, മാധുരി)*

## മൈനത്തരുവി കൊലക്കേസ്

പോയീവരാം മമ്മ - പോയി വരാം
പൊൻമുട്ടയിടുന്നൊരു പൈങ്കിളിയെ
കൊണ്ടുവരാം മമ്മ ........ കൊണ്ടു വരാം
(പോയ്
..........
പോയിവരുമ്പോൾ അമ്മ തരാം
ജോയിമോനൊരു കളിപ്പാവ
കണ്ണടച്ചു തുറക്കണ പാവ
കൈമണി കൊട്ടണ പാവ
(പോയ്........
കളിപ്പാവ - ജോയിമോനൊരു
കളിപ്പാവ
കായലരികിൽ പണിയിക്കാമൊരു
കണ്ണാടിമേട പൂമേട
(കായലരികിൽ)
ഇട്ടിരിക്കാൻ പൊൻപലക
ഇരുന്നുണ്ണാൻ പൊൻതളിക (പോയ്.....
മാറിലിടാൻ തീർത്തുതരാമൊരു
മരതകമാല മണിമാല (മാറിലിടാൻ....

കണ്ടാലാരും കണ്ണുവയ്ക്കണ
കാശുമാല - പവൻമാല. (പോയ് വരാം........
*(വയലാർ - ദക്ഷിണാമൂർത്തി)*

### മൂടുപടം

മാനത്തുള്ളൊരു വല്യമ്മാവനു
മതമില്ല; ജാതിയുമില്ല
പൊന്നോണത്തിനു കോടിയുടുക്കും
പെരുന്നാളിനു തൊപ്പിയിടും
ഓണനിലാവ് പരന്നപ്പോൾ
പാലടവെച്ച് വിളിച്ചല്ലോ
വലിയ പെരുന്നാൾ വന്നപ്പോൾ
പത്തിരിചുട്ടു വിളിച്ചല്ലോ
ഓടും നേരം കൂടെ വരും
ഓരോ കളിയിലും കൂടീടും
കാട്ടു പുഴയിൽ കുളിച്ചീടും
കരിമുകിൽ കണ്ടാലൊളിച്ചീടും.
*(പി. ഭാസ്ക്കരൻ)*

### പഴശ്ശിരാജ

മുത്തേവാവാവോ മുത്തുക്കുടമേ വാവാവോ
ആകാശഗംഗയിൽ നീ വിടർന്നതാണോ
(മുത്തേ .....
മണ്ണിന്റെ കണ്ണുനീരിൽ വിരിഞ്ഞതാണോ
ഉറങ്ങൂ വീണുറങ്ങൂ നീ ആരോമലേ
(മുത്തേ........
കാട്ടുമൈനക്കിളിക്കുഞ്ഞേ പാട്ടുപാടൂ
ഞാറ്റുവേലക്കതിർക്കാറ്റേ കൂട്ടുപോരൂ
(കാട്ടു ........
അച്ഛന്റെ രാജധാനി അകലെയാണല്ലോ
ഉറങ്ങൂ വീണുറങ്ങൂ, നീ ആരോമനേ
(മുത്തേ ........
കാനന പൊയ്കയിലെ തോണിയേറി
അരയന്നം തുഴയുന്ന തോണിയേറി
ആ നല്ല രാജധാനി എന്നും കാണും
ആരിരാ രാരോ രാരാരി രാരാരോ
(മുത്തേ .......
*(വയലാർ - ശേഖർ - പി. ലീല)*

### ഡോക്ടർ

വണ്ടീ - പുകവണ്ടീ .........
വണ്ടീ - വണ്ടീ, നിന്നെപ്പോലെ
വയറിലെനിക്കും തീയ്യാണേ .......
തെണ്ടി നടന്നാൽ രണ്ടു പേർക്കും
കയ്യിൽ വരുന്നതു കായാണേ ........
(വണ്ടീ .......
പള്ള വിശന്നാൽ തൊള്ള തുറക്കും
തൊള്ള തുറന്നാൽ കൂക്കി വിളിക്കും
ചെല്ലുന്നേടം തണ്ണികുടിക്കും
എല്ലാ ഭാരവുമേറ്റി നടക്കും .........
(വണ്ടീ ........
ചക്രത്തിന്മേൽ നിന്റെ കറക്കം;
ചക്രം കിട്ടാനെന്റെ കറക്കം;
വെള്ളം കിട്ടാൻ നിനക്കു മോഹം
കഞ്ഞി കുടിക്കാനെനിക്കു ദാഹം
(വണ്ടീ .......
മലയിൽക്കൂടി നിന്റെ കയറ്റം
ജനലിൽക്കൂടെ എന്റെ കയറ്റം
സ്റ്റേഷൻ വിട്ടാൽ നീയും പായും
നിന്നുടെ പുറകെ ഞാനും പായും.
(വണ്ടീ ........
*(പി. ഭാസ്ക്കരൻ - ദേവരാജൻ - മെഹബൂബ്)*

## അനുബന്ധം - III

# നാടൻ പാട്ടുകൾ : നന്മയുടെ നാമ്പുകൾ

അധികമാരും അറിഞ്ഞിട്ടില്ലാത്ത, അച്ചടിക്കപ്പെടാത്ത അനവധി നാടൻപാട്ടുകൾ നമ്മുടെ നാട്ടിലുണ്ട്.

മലയാളത്തനിമയും താളവും മേളവും മാധുര്യവും മനോഹാരിതയുമുള്ള ആ പാട്ടുകൾ തേടി പിടിച്ചു കൊച്ചു കുട്ടികളെ കേൾപ്പിക്കാൻ കുറച്ചു പേർക്കെങ്കിലും കഴിയുന്നുണ്ട്. നന്ന്.

പി. പുഷ്പാംഗദന്റെ 50 പാടിപ്പതിഞ്ഞ നാടൻപാട്ടുകൾ അമ്മാതിരി ഒന്നാണ്.

"ഒന്നാനാം കൊച്ചു തുമ്പീ ......................................
"ഓടുന്നുണ്ടോടുന്നുണ്ടേ ......................................
"കൊശകൊശലേ ......................................
"അയ്യപ്പന്റമ്മ......................................

എന്നിങ്ങനെയുള്ള ഒട്ടനവധി പഴമ്പാട്ടുകൾ, വളരുന്ന മലയാളികൾ മറക്കാതിരിക്കാൻ ഒരു നവീന ഗ്രാമീണ സമഗ്ര ഗാനസമാഹാരം സൃഷ്ടിക്കപ്പെടുന്നത് സകലർക്കും ഒരനുഗ്രഹമായിരിക്കും.

അവ ആടിപ്പാടി കളിക്കാനും കാണാപാഠം പഠിക്കാനും ഉപകരിക്കും. ഓരോ പാട്ടിന്റെയും പശ്ചാത്തലവും ചെറുവിവരണവും ഉൾപ്പെടുത്തിയാൽ ഈ ബാലസാഹിത്യ കൃതി സുക്ഷിച്ചു വയ്ക്കാനും സാധിക്കും.

ബാലജനങ്ങൾക്കു പ്രിയങ്കരങ്ങളായ പ്രസ്തുത നാടൻ പാട്ടുകളും ഗ്രാമീണ ഗാനങ്ങളും പ്രാചീന കവിതകളും മറ്റും മലയാളത്തിലും എത്രയെങ്കിലുമുണ്ട്. അവ സമാഹരിക്കാൻ പലരും പരിശ്രമിച്ചിട്ടു ണ്ടെങ്കിലും പൂർണ്ണമായി ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല.

"അയ്യപ്പന്റമ്മ നെയ്യപ്പം ചുട്ടു
കാക്കകൊത്തി കടലിലിട്ടു
മുങ്ങാപ്പിള്ളേര് മുങ്ങിയെടുത്തു
തട്ടാപ്പിള്ളേര് തട്ടിയെടുത്തു.

ഈ കുട്ടിപ്പാട്ടിന്റെ മേന്മ നോക്കൂ. എത്ര ലളിതം! എത്ര മധുരം!! എന്തൊരു പ്രാസഭംഗി!!! നെയ്യപ്പത്തിന്റെ രുചിയും കാക്കയുടെ കൊതിയും പിള്ളേരുടെ മുങ്ങലും തട്ടിയെടുക്കലും മറ്റും 4 വരികളിൽ സരസമായി വിവരിച്ചിരിക്കുന്നു. അമ്മ, കാക്ക, പിള്ളേർ എന്നീ കഥാപാത്രങ്ങളുടെ സജീവ ബിംബങ്ങൾ മനോ നേത്രങ്ങൾക്കു മുമ്പിൽ തങ്ങി നില്ക്കുക തന്നെ ചെയ്യുന്നു. ഒരുൾചിരി ആരിലും അങ്കുരിക്കും.

ഇതാ മറ്റൊന്നു:

"കാക്കേ, കാക്കേ കൂടെവിടെ?
കൂട്ടിനകത്തു കുഞ്ഞുണ്ടോ?
കുഞ്ഞിനു തീറ്റ കൊടുക്കാഞ്ഞാൽ
കുഞ്ഞു കിടന്നു കരഞ്ഞീടും"

പതിറ്റാണ്ടുകൾ പാടിപതിഞ്ഞിയും പുതുമ നശിക്കാത്ത ഈ കുട്ടിക്കവിതയിൽ കാരുണ്യമുണ്ട്, ജിജ്ഞാസയുണ്ട്, ജീവിത യാഥാർത്ഥ്യമുണ്ട്. അനായാസം ആർക്കും ആലപിക്കാനുമാവും.

മലയാളികൾക്കു മറക്കാനാവാത്ത, മുൻകാലത്തെ മധുര സ്മരണകൾ ഉണർത്തുന്ന, ഓണക്കാലത്തെ ഓമനകുട്ടികളെപ്പറ്റി ചിത്രീകരിക്കുന്ന മറ്റൊരു മനോഹരകവിതയിലെ 2 വരികൾ ശ്രദ്ധിക്കൂ.

"കുട്ടികളെത്തിയ കുറ്റിക്കാട്ടിൽ
പൊട്ടിവിടർന്നു പൊന്നോണം..........."

ഈ രണ്ടു വരികളിൽ എത്രയെത്ര ചിത്രങ്ങളാണുള്ളത്! കാടും പൂവും കുട്ടികളും കളികളും മറ്റും മറ്റും ..........

"കല്ലിന്റുള്ളിലെ ഞണ്ടേ
കല്യാണത്തിനു പോണ്ടേ..............?

കടലും കായലും തോടും കുളവും മറ്റും കേരളത്തിനു കിട്ടിയ പ്രകൃതിയുടെ അനുഗ്രഹങ്ങളാണല്ലോ. ഇവയുടെ തീരത്ത് തുള്ളിച്ചാടി ഓടിനടക്കുന്ന ഓമനകൾ

ഒന്നുമാലോചിക്കാതെ, താനേ പാടിപ്പോകുന്ന പാട്ടുകളിലൊന്നാണിത്. കളിയും കാര്യവും വേണ്ടുവോളമിതിൽ കാണാം.

"തുമ്പപ്പൂം തുമ്പത്തു
തുള്ളുന്ന തുമ്പികൾ
തൂവുന്ന മധു ................"

ഒരു "തു" പ്രാസപ്രിയരെ മാത്രമല്ല, കാവ്യാസ്വാദകരെയാസകലം ആകർഷിക്കാൻ പര്യാപ്തമാണിതു. തുമ്പയും തുമ്പിയും തമ്മിലുള്ള താളാത്മകമായ മേളം ഇതിൽ കാണാം.

## നാടൻ പാട്ടുകൾ

**ചക്കിയും കുട്ടിയും**

"ചക്ക്യേ പനവെട്ടാൻ വാ"
"ന്റേല് കുട്ട്യാണേ "
" ചക്ക്യേ പന ഇടിക്കാൻ വാ"
" ന്റേല് കുട്ട്യാണേ "
" ചക്ക്യേ പന പിഴിയാൻ വാ"
"ന്റേല് കുട്ട്യാണേ "
" ചക്ക്യേ പന വെക്കാൻ വാ "
"ന്റേല് കുട്ട്യാണേ "
" ചക്ക്യേ പന തിന്നാൻ വാ "
" കുട്ട്യവടക്കെട, കുട്ട്യവടെക്കെട
ഞാമ്പോയി പനതിന്നട്ടെ......!

*(ബാലയുഗം 1973 ഒക്ടോബർ)*

**എന്താ ചാന്തേ വർത്താനം?**

എന്താ ചാന്തേ വർത്താനം?
ചാന്താണെങ്കീ മണക്കൂല്ലേ?
മണക്കിണെങ്കിൽ പൂവല്ലേ?
പൂവാണെങ്കി ചൂടില്ലേ?
ചൂടുന്നെങ്കിൽ കുടയല്ലേ?
കുടയാണെങ്കിൽ കാലുപിടിച്ചാ –
തോളിക്കേറിട്ടാകാശത്തോടെതിർക്കില്ലേ?

*(തളിര് 1997 മാർച്ച്)*

**കരയാതമ്മിണി**

പയ്യേ പയ്യേ നീയെന്തിങ്ങനെ
കുഞ്ഞിനു പാലു കൊടുക്കാത്തു ?
കൊടുക്കാമേ ഞാൻ കൊടുക്കാമേ ഞാൻ
പാടത്തു പുല്ലു മുളച്ചോട്ടെ!
പുല്ലേ പുല്ലേ നീയെന്തിങ്ങനെ
പാടത്തു ചെന്നു മുളയ്ക്കാത്തു?
മുളയ്ക്കാമേ ഞാൻ മുളയ്ക്കാമേ, ഞാൻ
മാനത്തു മഴയൊന്നു പെയ്തോട്ടെ!
മഴയേ മഴയേ നീയെന്തിങ്ങനെ
മാനത്തു നിന്നിങ്ങു പെയ്യാത്തു?
പെയ്യാമേ ഞാൻ പെയ്യാമേ ഞാൻ
കരയാതമ്മിണി കരയാതെ!

*(തളിര് 1997 ഒക്ടോബർ)*

**ഹായ്, ച്ഛീ ............**

തെക്കു തെക്കൊരു – പോത്തു ചത്തേ
പോത്തിന്റെ പുറത്തൊരു – പൂമുളച്ചേ
പൂകൊണ്ടേയി – തട്ടാനു കൊടുത്തേ
തട്ടാനൊരു – മിന്നു പണിഞ്ഞേ
മിന്നുകൊണ്ടേയി – പയ്യിനു കെട്ട്യേയ്
പയ്യൊരു കൂന – ചാണകം കൊടുത്തേ
ചാണകം കൊണ്ടേയ് – വാഴയ്ക്കിട്ടേ
വാഴയൊരുകുല – കായ കൊടുത്തേ
കായ കൊണ്ടേയ് – കിണറ്റിലിട്ടേ
കിണറൊരു കിണ്ടി – വെള്ളം കൊടുത്തേ
വെള്ളം കൊണ്ടേയ് – കൊടി നനച്ചേ
കൊടിയൊരു കയ്യ് – വെറ്റില കൊടുത്തേ
വെറ്റില കൊണ്ടേയ് – മുതുപ്പനു കൊടുത്തേ
മുത്തപ്പനൊരു – മുറുക്കും മുറുക്കി
മുത്തുമ്മയൊരു – തുമ്മും തുമ്മീ
"ഹായ് ച്ഛീ !.............."

*(തളിര് 1991 ജൂലായ് )*

**മാനം നെറഞ്ഞ് മഴ**

മാനം നെറഞ്ഞ മഴേ
കോരിക്കെട്ടിപ്പെയ്യരുതേ!
എന്റെയൊരു മാരീമഴേ
കോരിക്കെട്ടിപ്പെയ്യരുതേ!
മഴയെല്ലാം കൊണ്ടീരുട്ടി
മറു മഴ കൊള്ളുന്നല്ലോ!
നാലുമഴയൊത്തു കൂടി
മാനം നെറഞ്ഞു പോയേ!
എന്റെയൊരു മാരീമഴേ
പേമഴ പെയ്യരുതേ!
മാനം നെറഞ്ഞ മഴേ
കോരിക്കെട്ടിപ്പെയ്യരുതേ!

*(തളിര് 1998 ഫെബ്രുവരി)*

**ഏനും ഓണവും**

ആരിയമ്പാടം കൊയ്തെറങ്ങീ – തിന്തോം –
ഏനും എൻപെണ്ണാളും നെല്ലൊരുക്കി–തിന്നെയ് –
നെല്ലു കിടാത്തിയും കുത്ത്യൊരുക്കി–തിന്തോം –
ഓണത്തിൻ തത്തിയപൊടിപൊടിക്കും–തിന്തെയ് –
ഏനോണക്കാച്ചയും വെച്ചിട്ടുണ്ടേ–തിന്തോം –
ആയാനും തമ്മാനം തന്നിടുമ്പോ–തിന്തെയ്
കോടിയും കെട്ടിക്കളിക്കൊരുങ്ങി–തിന്തോം –
കൊടമൂതിക്കിടാത്തീടെ തലതെരിഞ്ഞു – തിന്തെയ്
ഏന്റെ ക്ടാങ്ങക്കൂഞ്ഞാലുകെട്ടീ – തിന്തോം –
നെലം തൊടാതാടിതകർത്തുകേറി–തിന്തോം –
ഓണോം കഴിഞ്ഞങ്ങാളൊഴിഞ്ഞു – തിന്തോം–
ഏനിന്റെ ചാളേലും കൂമ്മിയായി – തിന്തെയ് –
വയറു പയിച്ചിട്ട്ക്ടാങ്ങൾ അമ്പോ–തീന്തോം –
തൊള്ളതൊറന്നതും കേക്കണൊണ്ടേ– തിന്തെയ് –
ഓണത്തിൻ തത്തിയെ ഓർത്തുമൂളും–തിന്തോം –

ചൂളവുമ്പാടുക എൻ വയറേ – തിന്നെയ്.
*(തളിര് 1997 സെപ്റ്റംബർ)*

**വെള്ളിക്കിണ്ണം**

ഒന്നും തല്ലി പാറ്റാ –
രണ്ടും തല്ലി പാറ്റാ –
മൂന്നും തല്ലി പാറ്റാ –
നാലും തല്ലി പാറ്റാ –
അഞ്ചും തല്ലി പാറ്റാ –
ആറും തല്ലി പാറ്റാ –
ഏഴും തല്ലി പാറ്റാ
എട്ടോ മുട്ടോ താമരമുട്ടോ
വെയ്ക്കത്തച്ചി കോതേച്ചീ
കോതകുളങ്ങര കുളിക്കാൻ ചെന്നപ്പം
നല്ലോരച്ഛന്റെ വെള്ളിക്കിണ്ണം
തല്ലിപ്പൊട്ടിച്ചു കുപ്പേലിട്ടു
കൂപ്പക്കാരൻ ഭാഷ പറഞ്ഞു
നെല്ല്, കല്ല്, കടമൊന്ന്.
ഭാഷ മരത്തേൽ –
പഴക്കൊല ഒന്ന്
പഴക്കൊല രണ്ട്
പഴക്കൊല മൂന്ന്......
പഴക്കൊല നാല്
പഴക്കൊല അഞ്ച്
പഴക്കൊല ആറ്
പഴക്കൊല ഏഴ്
പഴക്കൊല എട്ട്.
*(തളിര് 1997 ഫെബ്രുവരി, ബാലയുഗം 1971 ഏ:)*

**നാടൻ പാട്ടുകൾ**

**എലി വിശേഷം**

നച്ചെലി, നരച്ചെലി
കൊച്ചെലി, ചുണ്ടെലി
ചുണ്ടുമ്മെ പാണ്ടെലി
ആറ്റെലി, നീറ്റെലി
വെള്ള പുള്ളെലി
മടിയൻ കൂറ്റെലി
വാവെലി, മുണ്ടെലി
വാതിൽക്കെ പത്തെലി
പത്തവ ചുണ്ടവ
പത്താഴം കറലണ്ണ
പതിനൊന്നു പുള്ളെലി
പകലെ പോകണ
പന്ത്രണ്ട് കൊച്ചെലി
പകിട മറിയണ്
ആറ്റെലി മിത്രം
നീറ്റെലി കൂടി
കറ്റകൾ തകർത്തു തുടങ്ങി.
*(ബാലയുഗം 1971 മെയ്)*

**കുട്ടത്തിപ്രാവ്**

പച്ചക്കൊതുമ്പിലെ
പനംകൊതുമ്പിലെ
തട്ടിമുട്ടിപ്പറക്കുന്ന
മാടപ്പിറാവിന്റെ
കൂടെപ്പറക്കുന്ന
കുട്ടത്തിപ്രാവിന്റെ
കൂടേത്? കൂടേത്?
*(ബാലയുഗം 1972 മെയ്)*

**തൈവച്ചാൽ**

ആ – വന്നേരിനാട്ടിൽ വടക്കും തലയ്ക്കൽ
ആ – പഴുതേ കിടക്കുന്നു പാഴമ്പറമ്പത്ത്
ആ – പാപികളേ പത്തു തൈവച്ചു കൊൾവിൻ
ആ – തൈവച്ചാലെന്തെല്ലാമനുഭവമുണ്ട്
ആ – മടലിടും മുമ്പേ കുലയിടും തെങ്ങ്
ആ – മന്നങ്ങ തിന്നാമിളനീർ കുടിക്കാം
ആ – പാടത്തു പോകുന്ന പാഴ്ക്കണിയാരേ
ആ – തൈവെയ്ക്കാൻ നല്ല മുഹൂർത്തവും ചൊല്ല്
ആ – തിങ്കളും ചൊവ്വയും മകരവും രാശി
ആ – അഞ്ഞൂറും മൂന്നൂറും കുഴിയതുകുത്തി
ആ – അഞ്ഞൂറും മൂന്നൂറും തയ്യതു വച്ചു
ആ – വേനലാറുമാസം വളമതു ചേർത്തു
ആ – വർഷാലാറുമാസം തേവി നനച്ചു
ആ – മന്നങ്ങ തിന്നുള്ള നീരും കുടിച്ചു
ആ – തമ്പുരാൻ പോവുമ്പോൾ തണ്ടതുചാരാം
ആ – രാജാവു പോകുമ്പോൾ തണലിലിരിക്കാം
ആ – നമ്പൂരാർ പോകുമ്പോൾ വെറ്റിലമുറുക്കാം
ആ – ആത്തേമ്മാൾ പോകുമ്പോൾ മറവിലിരിക്കാം
ആ – വൃക്ഷളികൾ പോവുമ്പോൾ ചൂലതുചിന്താം
ആ – തീയത്തിപോകുമ്പോൾ ചക്കര നൊട്ടാം.
*(ബാലയുഗം 1971 മാർച്ച്)*

**കൊട്ടു കാണാൻ**

ഇട്ടിച്ചിരി കൊട്ടുകാലി
കൊട്ടുകാണാൻ പോരേ
ഇങ്ങിനത്തെ കാലും വച്ച്
എങ്ങ്യനാ ഞാൻ പോര്വാ?
തെച്ചിക്കൊമ്പൊടിച്ചു കുത്തി
മെല്ലെമെല്ലെപ്പോരേ
തെച്ചിക്കൊമ്പൊടിഞ്ഞു പോയേ
പല്ലു രണ്ടും പോയേ.
*(ബാലയുഗം 1971 മാർച്ച്)*

**നാടോടിപ്പാട്ടുകൾ**

**പൂവാം കുത്ത്**

കുമ്മിയടി പെണ്ണേ കുമ്മിയടി
കോഴിക്കോട്ടങ്ങാടിയിൽ
കുമ്മികളിക്കാൻ പോയപ്പോൾ
സമ്മാനം കിട്ടിയതും കുപ്പിവള
ഓടോട് എന്നാ ഓട് ഞണ്ടോട്
എന്നാ ഞണ്ട്, പാൽ ഞണ്ട്
എന്നാ പാൽ, ചതുരപ്പാൽ
എന്നാ ചതുരം, നാഴി ചതുരം
എന്നാ നാഴി, വേട്ടനാഴി
എന്നാ വേട്ട, പന്നി വേട്ട
എന്നാ പന്നി, കൂർപ്പന്നി
എന്നാ കൂർ, മങ്കക്കൂർ

എന്നാ മങ്ക, പൊൻ മങ്ക
എന്നാ പൊൻ, കാക്കപ്പൊൻ
എന്നാ കാക്ക, കണ്ടൻ കാക്ക
എന്നാ കണ്ടൻ, ചോർ കണ്ടൻ
എന്നാ ചോർ, പഴംചോർ
എന്നാ പഴം, വാഴപ്പഴം
എന്നാ വാഴ, കറിവാഴ
എന്നാ കറി, നത്തു കറി
എന്നാ നത്ത്, കുളം നത്ത്
എന്നാ കുളം, തിരികുളം
എന്നാ തിരി, വിളക്കുതിരി
എന്നാ വിളക്ക് , കുത്തുവിളക്ക്
എന്നാ കുത്ത്, പൂവാം കുത്ത്.

*(ബാലയുഗം 1971 ഡിസംബർ)*

**എന്തെന്റെ മാവേലീ ......?**

ചന്തത്തിൽ മുറ്റംചെത്തിപ്പറിച്ചീല
എന്തെന്റെ മാവേലീ ഓണം വന്നൂ?
ചന്തയ്ക്കു പോയീല; നേന്ത്രക്കുല വാങ്ങീല,
എന്തെന്റെ മാവേലീ ഓണം വന്നൂ?
പന്തു കളിച്ചീല, പന്തലുമിട്ടീല,
എന്തെന്റെ മാവേലീ ഓണം വന്നൂ?
അച്ഛനും വന്നീല, ആടകൾ തന്നീല,
എന്തെന്റെ മാവേലീ ഓണം വന്നൂ?

*(ബാലഭൂമി 1996 ആഗസ്റ്റ് 16)*

**പൊൻവളവേണം തട്ടാരേ!**

തപ്പാണി കൊട്ടണ
കുഞ്ഞിക്കൈക്കൊരു
പൊൻവള വേണം തട്ടാരേ!
പാഞ്ഞു കളിക്കണ
കുഞ്ഞിക്കാലിന്
കാൽത്തള വേണം തട്ടാരേ!
പറ പറ പറയണ
കുഞ്ഞും വായ്ക്ക്
ചക്കരവേണം തണ്ടാനേ!
കറുകറെ നോക്കണ
കുഞ്ഞിക്കണ്ണിന്
തെയ്യം വേണം മണ്ണാനേ !
കുത്തിയിരിക്കണ
കുഞ്ഞിച്ചന്തിക്ക്
പീഠം വേണം ആശാര്യേ!

*(തളിര് 1997 ജനുവരി)*

**ഓണക്കാല നാടോടിപ്പാട്ടുകൾ**

**ഓണക്കറികൾ**

ഓണത്തപ്പാ കുടവയറാ
നാളേം പോലും തിരുവോണം
തിരുവോണക്കറിയെന്തെല്ലാം?
ചേനത്തണ്ടും ചെറുപയറും
ചെരട്ട പൊട്ടിച്ചൊരുപ്പേരീം!

**ഓണപ്പൂക്കൾ**

എന്തെല്ലാം പുഷ്പങ്ങൾ
ചൂടിവരും മാവേലി
അമ്പ ! നല്ല തുമ്പപ്പൂ
ചൂടി വരും മാവേലി.
ചെത്തി നല്ല ചെന്താമര
ചൂടിവരും മാവേലി.
പന്തുകളി പമ്പരം കളി
ആമ്പിള്ളേർക്കാനന്ദം.
തുമ്പി തുള്ളൽ ചെമ്പഴുക്ക
പെമ്പിള്ളേർക്കാനന്ദം!

**ഉണ്ണിത്തേവര്**

ആന പോകുന്ന പൂമരത്തിന്റെ
ചോടേ പോകുന്നതാരെടാ?
ആരനുമല്ല, കൂരനുമല്ല
കുറ്റിക്കാട്ടുണ്ണിത്തേവര്!

**ഡും ഡും**

കള്ളൻ ചക്കീട്ടു - കണ്ടാമിണ്ടണ്ട
കൊണ്ടെത്തിന്നോട്ടെ - ഡും ഡും ഡും
കാലും മുക്കാലും - കോലും താക്കോലും
പാലും തപ്പാലും - കീലും വക്കീലും
ഡും ഡും ഡും ഡും ഡും

**പൂത്തിരളേ ..........!**

തുമ്പപ്പൂവേ പൂത്തിരളേ
നാളേക്കൊരു വട്ടി പൂ തരണേ!
ആയ്ക്കില ഈയ്ക്കില
ഇളംകൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടൂ !
കാക്കപ്പൂവേ പൂത്തിരളേ
നാളേക്കൊരു വട്ടി പൂതരണേ !
ആയ്ക്കില ഈയ്ക്കില
ഇളംകൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടൂ !
അരിപ്പൂവേ പൂത്തിരളേ
നാളേക്കൊരു വട്ടി പൂ തരണേ!
ആയ്ക്കില ഈയ്ക്കില
ഇളംകൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടൂ !

**പൂവേ പൊലി പാട്ട്**

പൂവേ പൊലി, പൂവേ പൊലി പൂങ്കാവിലമ്മേ
പൂവായ പൂവെല്ലാം പിള്ളേർ പറിച്ചു.
പൂവാംകുറുന്തില ഞാനും പറിച്ചു.
പിള്ളേരുടെ പൂവെല്ലാം കത്തിക്കരിഞ്ഞു.
എന്നുടെ പൂവെല്ലാം മിന്നിത്തെളിഞ്ഞു.
പൂവേ പൊലി, പൂവേ പൊലി
പൂവേ പൊലി പൂവേ ..........!

## അനുബന്ധം - IV

# ബാലസാഹിത്യം : കവികൾ, കൃതികൾ

| കവി | കൃതി | വിവരണം |
|---|---|---|
| തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ (16-ാം നൂറ്റാണ്ടിൽ) | അധ്യാത്മരാമായണം<br>ഹരിനാമകീർത്തനം<br>ദേവീ മാഹാത്മ്യം<br>ഭാഗവതം കിളിപ്പാട്ട്<br>ഇരുപത്തിനാലു വൃത്തം<br>ചിന്താ രത്നം (?) | കിളിയെക്കൊണ്ടു കഥ പറയിപ്പിക്കുന്ന പുതുമയുള്ള ശൈലി |
| ചെറുശ്ശേരി (1474 - 1574) | കൃഷ്ണഗാഥ<br>കൃഷ്ണചരിതം<br>കംസ വധം<br>സുഭദ്രാഹരണം<br>രുഗ്മിണി സ്വയംവരം | മഞ്ജരി വൃത്തത്തിൽ മനോഹരമായി പാടി |
| കലക്കത്ത് കുഞ്ചൻ നമ്പ്യാർ (1705 - 1770) | നളചരിതം<br>ഗരുഡഗന്ധർവഭംഗം<br>ശിവപുരാണം<br>ശീലാവതി | തുള്ളൽപ്പാട്ടുകൾ കുട്ടികൾക്കും ഇഷ്ടപ്പെട്ടു. നർമ്മബോധവും നൈർമ്മല്യവും നിശിതവിമർശനവും ഈ പ്രഥമ ജനകീയ കവിയിൽ കണ്ടു |
| പൂന്താനം നമ്പൂതിരി (16-ാം നൂറ്റാണ്ടിൽ) | ജ്ഞാനപ്പാന | സ്ഥാനമാനങ്ങൾ<br>ചൊല്ലി കലഹിച്ചു<br>നാണം കെട്ടുനടക്കുന്നിതു<br>ചിലർ ...............<br>എന്നിങ്ങനെയുള്ള വരികൾ എത്ര ലളിതം! എത്ര സുന്ദരം !! |
| രാമപുരത്ത് വാര്യർ (1703 - 1753) | കുചേലവൃത്തം വഞ്ചിപ്പാട്ട് | നതോന്നത വൃത്തം തൈ തൈ തിതൈ എന്ന താളം |
| **കണ്ണശ്ശന്മാർ**<br>1. കരുണേശൻ<br>2. മാധവൻ<br>3. ശങ്കരൻ<br>4. രാമപ്പണിക്കർ<br>(14-15 നൂറ്റാണ്ടിൽ) | രാമായണം<br>ഭാഗവതം<br>മണിപ്രവാളം<br>(നിരണംവൃത്തം) | കരുണേശൻ ഉഭയകവി ആലപ്പുഴയിലെ നിരണത്തുള്ള ഇവർ എഴുതിയത് നിരണം വൃത്തത്തിലാണ്. |
| ഇരയിമ്മൻ തമ്പി (1783-1856) | ഓമനത്തിങ്കൾക്കിടാവോ (1814 ൽ താരാട്ടു പാട്ട്) | മാധുര്യമൂറുന്ന മനോഹരമായ ഉറക്കു പാട്ട്, എന്നും പുതുമയുള്ളത്. |
| കെ.സി.കേശവപിള്ള (1865 - 1913) | കേശവീയം<br>സാരോപദേശം | ദ്വിതീയ അക്ഷരപ്രാസ വിരോധി, സന്മാർഗ്ഗ നിർദ്ദേശം |

ബാല കവിതകളിലൂടെ നല്കി.

| | | |
|---|---|---|
| കുമാരനാശാൻ<br>(1873 IV12-1924.1.16) | വനമാല<br>മണിമാല<br>പുഷ്പവാടി<br>വണ്ടിനോട്<br>(തളിര് 97 മേയ്)<br>വീണ പൂവ്<br>കരുണ | പ്രകൃതിയേയും<br>കുട്ടികളേയും<br>കൂട്ടിയിണക്കുന്ന ഒട്ടേറെ<br>കവിതകളെഴുതി ഈ<br>സ്നേഹഗായകൻ, നാരായണ<br>ഗുരുവിന്റെ ശിഷ്യൻ. |
| ഉള്ളൂർ<br>എസ്.പരമേശ്വരയ്യർ<br>(1877–1949) | ബാലദീപിക<br>ഉമാകേരളം<br>കർണ്ണഭൂഷണം<br>പ്രേമസംഗീതം<br>തപ്തഹൃദയം<br>പിംഗള | പരസ്പരം സ്നേഹിക്കാൻ<br>കുട്ടികളേയും മുതിർന്നവ<br>രേയും ഒരു പോലെ<br>ആഹ്വാനം ചെയ്ത ഉന്നതനായ<br>ഉത്തമ കവി |
| വള്ളത്തോൾ<br>നാരായണമേനോൻ<br>(1878 – 1958) | ഗുരുവും ശിഷ്യനും<br>കൊച്ചു സീത<br>ചിത്രയോഗം<br>ബധിരവിലാപം | കേരളദേശീയ മഹാ കവി,<br>അതീവ സുന്ദരമായ അനവധി<br>കവിതകൾ കുട്ടികൾക്കു കൂടി<br>ആസ്വദിക്കത്തക്ക വിധം<br>രചിച്ചു. |
| ബോധേശ്വരൻ | കേരള ഗാനം<br>പതാകവന്ദനം<br>(തളിര് 97 ആഗസ്റ്റ്) | 1930 ൽ രചിച്ച ദേശഭക്തി<br>ഗാനം മികച്ചതായിരുന്നു.<br>കവയിത്രി സുഗതകുമാരിയുടെ<br>കവിയായ പിതാവ് |
| ചങ്ങമ്പുഴ<br>കൃഷ്ണപിള്ള<br>(1912–1948) | പൂമരം<br>രമണൻ<br>രക്തപുഷ്പം<br>ബാഷ്പാഞ്ജലി<br>സ്വരരാഗ സുധ | ഗ്രാമീണ ശൈലിയിൽ<br>സംഗീതാത്മകമായി<br>അന്ത്യപ്രാസ ഭംഗിയോടെ<br>കാവ്യങ്ങൾ രചിച്ചു. |
| ഇടപ്പള്ളി<br>രാഘവൻ പിള്ള<br>(1909 – 1936) | മണിമുഴക്കം<br>തുഷാരഹാരം<br>നവസൗരഭം<br>ഹൃദയസ്മിതം | ദു:ഖഗായകനെങ്കിലും<br>ജീവിത യാഥാർത്ഥ്യങ്ങളെ<br>കവിതയിലാക്കിയ ഹതഭാഗ്യൻ |
| മഹാകവി<br>ജി.ശങ്കരക്കുറുപ്പ്<br><br>1901 ൽ ജനനം | ബാലകവിത<br>ഓലപ്പീലി<br>ഓടക്കുഴൽ<br>ഇളംചുണ്ടുകൾ<br>രാധാറാണി<br>പുഷ്പ കിരീടം<br>കാറ്റേ വാ | പ്രഥമ ജ്ഞാനപീഠം അവാർഡ്<br>'ഓടക്കുഴലിന്' ലഭിച്ചു. ജി<br>യുടെ ബാലകവിതകളെല്ലാം<br>ലളിതവും സുന്ദരവും<br>മധുരതരവുമാണ് |
| വെണ്ണിക്കുളം<br>ഗോപാലക്കുറുപ്പ്<br><br>1902 ൽ ജനനം | കുട്ടിയുടെ കുറ്റം<br>(തളിര് 97 ഫെബ്രുവരി)<br>മാണിക്യ വീണ<br>വെളിച്ചത്തിന്റെ അമ്മ | "...വടിയുമെടുത്തു<br>വടക്കുവശത്തെ<br>പടികളിറങ്ങി<br>നടക്കുന്ന" മുത്തശ്ശനെ<br>മുന്നിൽകാണും വിധം<br>ചിത്രീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| വൈലോപ്പിള്ളി<br>ശ്രീധര മേനോൻ | മിന്നാമിന്നി<br>പച്ചക്കുതിര<br>മാമ്പഴം<br>കുറുക്കനും<br>മുന്തിരിങ്ങയും<br>(പുതിയപാഠം)<br>(ബാലയുഗം) | അങ്കണത്തൈമാവിൽ<br>നിന്നു ആദ്യത്തെപ്പഴം<br>വീണപ്പോൾ അമ്മയി<br>ലുണ്ടായ കുഞ്ഞിനെ<br>പ്പറ്റിയുള്ള ആകുല ചിന്ത<br>ആരെയും കരയിക്കും |
| വയലാർ<br>രാമവർമ്മ<br>1928 – 1975 | മഴവില്ല്<br>മുളങ്കാട്<br>സർഗസംഗീതം | 'മാനത്തെത്തിയ<br>മഴവിൽക്കൊടിയേ മായരുതേ<br>നീ മായരുതേ... എന്ന്<br>മനസ്സിൽ തട്ടുംവിധം പാടിയ<br>കവി കുട്ടികളുടെ കൂട്ടുകാര<br>നായിരുന്നു. |
| തിരുനയിനാർ കുറിച്ചി<br>മാധവൻ നായർ | കൊച്ചുകുട്ടത്തി<br>തീവണ്ടി<br>അമ്പലംവിഴുങ്ങി<br>അകന്നുപോയചിലമ്പൊലി | തെക്കൻ തിരുവിതാംകൂറിലെ<br>ഗ്രാമീണ ഗാനത്തിന്റെ ശൈലി<br>സ്വീകരിച്ചു സുന്ദരഗാനങ്ങൾ<br>രചിച്ചു |
| തായാട്ട് | മഴ മഴ തേൻമഴ | ബാലമനസ്സുകളിൽ തേൻമഴ<br>പെയ്യിച്ച കവിതകൾ രചിച്ചു |
| അക്കിത്തം<br>അച്യുതൻ<br>നമ്പൂതിരി | ഒരു കുല മുന്തിരി<br>കൂത്തു കാണാൻ<br>കോക്കിച്ചി<br>അമ്പലപ്പുഴപാൽപ്പായസം<br>(ബാലയുഗം 71 മാർച്ച്) | വെളിച്ചം ദു:ഖമാണുണ്ണീ<br>തമസ്സല്ലോ സുഖപ്രദം.... എന്നു<br>എഴുതി ചിത്തങ്ങളിൽ<br>ചിന്തയുടെ വിത്തുവിതച്ചു. |
| എം.പി. അപ്പൻ | കിളിക്കൊഞ്ചൽ<br>പുലരൊളി<br>വിടർന്ന പൂക്കൾ | ലക്ഷണമൊത്ത കവിതകൾ<br>കുട്ടികൾക്കായി രചിച്ചു. |
| പി. കുഞ്ഞിരാമൻ നായർ | ബാലദീപം<br>ഓണക്കാഴ്ച<br>(തളിര് 96 ആഗ)<br>സത്യരക്ഷ<br>ആകാശഗംഗ<br>കളിയച്ഛൻ | ഭാരതമേ, ഭാരതമേ കൂപ്പാം<br>എന്ന് പാടി തനി കേരളീ<br>യനായുംഭാരതീയനായും<br>ബാലമനസ്സിൽ ദീപം<br>തെളിയിച്ചു |
| മാത്യു.എം.കുഴിവേലി | ബാലാരാമം<br>കുട്ടികളുടെപാട്ട്<br>വടക്കൻ പാട്ട്<br>വിദ്യാലയഗാനങ്ങൾ | മലയാള ഭാഷയിൽ ബാലൻ<br>പ്രസിദ്ധീകരണങ്ങളിലൂടെ<br>ബാല സാഹിത്യശാഖയ്ക്കു<br>രൂപം നല്കി. |
| മൂലൂർ<br>എസ്. പത്മനാഭപ്പണിക്കർ | ശിവഗിരിയാത്ര<br>സ്ത്രീധർമ്മം<br>പരിഷ്കൃത<br>വിവാഹ വിധി | ”വാളേ തെളിഞ്ഞിടുക<br>നിൻ പണി തീർന്ന<br>തില്ല, നാളേയ്ക്കു<br>നീട്ടിടുക നിന്റെ<br>ഉറക്കമെല്ലാം” – എന്നു<br>ഉദ്ബോധിപ്പിച്ചു |
| കേശവൻ പോറ്റി<br>(85–ാം വയസ്സിൽ | ഉണർത്തുപാട്ട് | പുരോഗമന സാഹിത്യത്തെ<br>പുഷ്ടിപ്പെടുത്താൻ ജീവിതം |

| | | |
|---|---|---|
| 1997 V – 8 ൽ അന്തരിച്ചു | | ഉഴിഞ്ഞുവച്ചു. |
| അമ്പാടി<br>ഇക്കാമ്മ | കുട്ടികളുടെ പൂങ്കാവനം | കുട്ടികൾ വാനമ്പാടിയെ<br>പ്പോലെ മലർവാടിയിൽ പാടി<br>പ്പറന്നു വിഹരിക്കാൻ കാവ്യ<br>വനം നിർമ്മിച്ചു |
| ലളിതാംബിക | തേൻതുള്ളി<br>ആയിരത്തിരി<br>ഒരു പൊട്ടിച്ചിരി | പൊൻതൂലികയിൽ നിന്നും<br>തേൻ തുള്ളികളുതിർത്തു |
| ബാലാമണിയമ്മ<br>(1909 VIII.19) | അമ്മ<br>മുത്തശ്ശി<br>നിവേദ്യം<br>സോപാനം<br>പ്രാർത്ഥനാപുഷ്പം<br>(തളിര് 97 ജനുവരി) | പഠിക്കാൻ വയ്യ, ജനനം<br>തുടങ്ങിയ ബാലകവി<br>തകളെഴുതി കുഞ്ഞു<br>മനസ്സിൽ ഈ മുത്തശ്ശി<br>കവയിത്രി "നിവേദ്യം" നല്കി<br>(തളിര് 1997 മാർച്ച്) |
| സുഗതകുമാരി | മുത്തുച്ചിപ്പി<br>ഇരുൾച്ചിറകുകൾ<br>പാതിരാപ്പൂക്കൾ<br>പാവം മാനവ ഹൃദയം | സുഗതകുമാരിയുടെ കവിത<br>കൾ സുന്ദരം മാത്രമല്ല<br>സുമധുരവുണ്. ഇന്നും ഇളം<br>മനസ്സുകൾ തളിരണിയിക്കുന്നു |
| മേരി ബനീത്താ | പള്ളിത്താരാട്ട്<br>കവിതാരാമം<br>കരയുന്ന കവിതകൾ | കുലീനത്വമുള്ള കവയിത്രി |
| സി. വാസന്തി | പൊട്ടൻ, മായം<br>(ബാലയുഗം 71 ഡി)<br>ഒന്നാം ക്ലാസ്സിൽ<br>(ബാലയുഗം 71 ഏ)<br>ഒന്നാം ക്ലാസ്സിൽ<br>(ബാലയുഗം 71 മേ) | നഴ്സറി കുട്ടികൾക്കു വേണ്ടി<br>പാഠങ്ങൾ കവിതയിലാക്കി<br>'ബാലയുഗ'ത്തിൽ<br>പ്രസിദ്ധീകരിച്ചു. |
| മേരി ജോൺ<br>കൂത്താട്ടുകുളം | മോഹം | "പ്രിയമെഴുമെൻ 'ചാച്ച' യാം<br>ജവഹർ ലാലുണ്ടവിടെ" എന്നു<br>കുട്ടികളെ ഓർമ്മിപ്പിക്കുന്നു |
| ഏവൂർ<br>പരമേശ്വരൻ | പൂക്കാലം<br>പൈതൽപ്പാട്ട്<br>വിവിധ ഭാരതി<br>ഔദാര്യം<br>(ബാലയുഗം 71 മേ)<br>ആമയും മുയലും<br>(ബാലയുഗം 71 മാർച്ച്) | ഭാരതീയത്തം നിറഞ്ഞ<br>നിരവധി കൃതികളുടെ<br>കർത്താവ്. താറാവും<br>പൊൻമുട്ടയും<br>(ബാലയുഗം 71 ജനു)<br>ബുദ്ധിയുള്ള കാക്ക<br>(ബാലയുഗം 71 ഏ) |
| പാലാ<br>നാരായണൻനായർ | ശിശുഗാനങ്ങൾ<br>അഭിനയഗാനങ്ങൾ<br>ഓമനപ്പൈതൽ<br>തേൻകുരുവി<br>കേരളം വളരുന്നു (8 ഭാഗം) | കേരളം വളരുന്നു എന്ന<br>കവിതകൾ കുട്ടികൾ<br>ഇന്നും അസ്വദിക്കുന്നു. |
| പി.ഭാസ്ക്കരൻ | പി.ഭാസ്ക്കരന്റെ ഗാനങ്ങൾ | ചലച്ചിത്രഗാനങ്ങളിലൂ |

| | | |
|---|---|---|
| | സിനിമാ ഗാനങ്ങൾ<br>സ്വപ്ന സീമ<br>ഓർക്കുക വല്ലപ്പോഴും | ടെയും ബാലജനങ്ങളെ<br>രസിപ്പിക്കുന്ന ഭാവനാ<br>സമ്പന്നനായ കവി |
| O.N.V | മയിൽപ്പീലി<br>വളപ്പൊട്ടുകൾ<br>മോഹം<br>ഒരു തുള്ളി വെളിച്ചം | ഒരിക്കലും മറക്കാനാവാത്ത, പുതുമ നശിക്കാത്ത, ഓർക്കും തോറും മധുരിക്കുന്ന ഒട്ടേറെ കവിതകളെഴുതിയ കവി |
| ചെമ്മനം ചാക്കോ | ചക്കര മാമ്പഴം<br>അസ്ത്രം<br>ആഗ്നേയാസ്ത്രം<br>കനകാക്ഷരങ്ങൾ | ചിരിക്കുവാനും ചിന്തിക്കുവാനും പറ്റിയ കവിതകളുടെ കർത്താവ് |
| സി.ജെ. മണ്ണുംമൂട് | ബാലവാടി<br>(കുട്ടിക്കവിത-NBS)<br>ഞാവൽപ്പഴം<br>മല്ബറിപ്പഴങ്ങൾ<br>തലാബ | കാവ്യ ബാലവാടിയിൽ മധുരിക്കുന്ന പഴങ്ങൾ വളർത്തി |
| നാലാങ്കൽ | പൂക്കുട<br>ശ്രീകൃഷ്ണൻ | നല്ല കവിതൾ കൊണ്ടു നിറച്ച പൂക്കുട പിഞ്ചോമനകൾക്കു നല്കി |
| സേതുനാഥ് | മഴവില്ല് | മനോഹരമായ മഴവില്ല് കുട്ടികൾക്കു കാണിച്ചു കൊടുത്തു |
| ശ്രീകുമാരൻ തമ്പി | കുട്ടിയും കാട്ടാറും<br>(ബാലയുഗം)<br>ദേശഭക്തിഗാനങ്ങൾ | സിനിമയിൽ മാത്രമല്ല ബാലസാഹിത്യത്തിലും ഹൃദ്യമായ ഗാനങ്ങൾ രചിച്ചു. |
| കുഞ്ഞുണ്ണി മാഷ് | അക്ഷരത്തെറ്റ്<br>കിങ്ങിണിക്കവിതകൾ<br>കളി വണ്ടി<br>കൂത്തും പിണ്ണാക്കും<br>(ബാലയുഗം 70 ഏ)<br>കുഞ്ഞുണ്ണി മാഷുംകുട്ട്യോളും | വളരെ വലിയ മനസ്സുള്ള കുഞ്ഞുണ്ണി മാഷ് കുട്ടികളുടെ ഇഷ്ടപ്പെട്ട കൂട്ടുകാരൻ തന്നെ |
| സിപ്പി പള്ളിപ്പുറം | മഴപ്പാട്ട്<br>ഓണപ്പാട്ട്<br>പച്ചക്കറിപ്പാട്ട്<br>(ബാലഭൂമി 98 VI.16)<br>100 നഴ്സറി പ്പാട്ട്<br>അഭിനയഗാനം | അതീവസുന്ദരമായ അനവധി ബാലകവിതകൾ പ്രസിദ്ധീകരിച്ചു |
| പി.ഐ. ശങ്കര നാരായണൻ | കഥാകവിത<br>കടം കവിത<br>പലഹാരപ്പാട്ട്<br>കൊമ്പന്റെ വമ്പ്<br>പൂജ്യം = പൂജ്യം<br>(തളിര് 96 മേയ്) | ബാലസാഹിത്യ രംഗത്ത് നിരവധി നല്ല കൃതികൾ രചിച്ചു |
| ഗോപാലകൃഷ്ണൻ | അമ്മൂമ്മ | അമ്മൂമ്മ കവിതകളിലൂടെ |

| | | |
|---|---|---|
| കോലഴി | ഊഞ്ഞാൽ<br>പൂമ്പാറ്റ | കുഞ്ഞു മനസ്സുകളിൽ<br>ആനന്ദം അങ്കുരിപ്പിച്ചു. |
| ശൂരനാട് രവി | അരിയുണ്ട<br>ആനവാൽ<br>ആനപ്പാട്ട്<br>(പൂമ്പാറ്റ 97 ജനു 16)<br>ആനക്കവിത<br>അപ്പൂപ്പൻ മാവ് | അസംഖ്യം ബാലകവിതകൾ<br>പ്രസിദ്ധീ കരിച്ചു. ഇപ്പോഴും<br>ബാല മനസ്സുകളിൽ നുറുങ്ങു<br>കവിതകളെഴുതുന്നു. |
| ശാസ്താം കോട്ട ഭാസ് | വണ്ടി വരുന്നു<br>(ബാലകവിതകൾ 1992) | വണ്ടിയിൽ നിറയെ കുട്ടികൾ<br>ക്കിഷ്ടപ്പെട്ടവയുമായി വരുന്നു |
| ശാസ്താംകോട്ട രവി | പട്ടം<br>കിലുക്കാംപെട്ടി<br>നത്തുമൊത്തമത്രെ? | നത്തും പട്ടവും കിലുക്കാം<br>പെട്ടിയുമെല്ലാം കുട്ടികൾക്കു<br>ഇഷ്ടപ്പെടുന്നവ തന്നെ |
| ചവറ കെ.എസ്. പിള്ള | മാമ്പഴം<br>തേൻപഴം<br>ചെണ്ട<br>തീവണ്ടി<br>(ബാലഭൂമി 97 ഫെ 1) | കുട്ടികൾക്കു വേണ്ടി ഒട്ടേറെ<br>കവിതകൾ രചിച്ചിട്ടുണ്ട് |
| പെരുമ്പുഴ<br>ഗോപാലകൃഷ്ണൻ | തുടി തുടങ്ങിയ<br>നിരവധി ബാല<br>സാഹിത്യ കൃതികൾ | ബാലകവിതകളും<br>ഗാനങ്ങളും കുട്ടികൾക്കു<br>രുചിക്കും വിധം രചിച്ചു. |
| അയ്മനം<br>അച്യുതൻപിള്ള | പുത്തരിയങ്കം | വടക്കൻ പാട്ടിനെ<br>ഇഷ്ടപ്പെടുന്ന കുട്ടികൾക്കു<br>വേണ്ടി സൃഷ്ടി നടത്തി |
| മുത്തലപുരം<br>മോഹൻദാസ് | രാരാരോ<br>കൊക്കരക്കോ<br>പൂവാലി.......<br>പോസ്റ്റുമാൻ<br>മരങ്ങോടൻ<br>അടിയുടെ സുഖം | തളിര് 1995 ഡിസംബർ<br>ബാലഭൂമി 1997 ആഗസ്റ്റ് 16<br>ബാലഭൂമി 1996 സെപ്റ്റംബർ<br>1 തളിര് 1997 ജനുവരി<br>ബാലഭൂമി 1997 മാർച്ച് 16<br>ബാലഭൂമി 1998 ജൂൺ 1 |
| മുതുകുളം<br>ഗംഗാധരൻ പിള്ള | മയിൽപ്പീലി<br>മുക്കുറ്റിപ്പെണ്ണ്<br>ഓമനക്കുട്ടൻ<br>സിംഹം<br>എലി<br>(ബാലയുഗം)<br>കടുവ<br>(ബാലയുഗം 71 ജ) | തളിര് 1997 മേയ്<br>തളിര് 1996 മേയ്<br>ബാലയുഗം 1971 മാർച്ച്<br>ബാലയുഗം 1972 ഏപ്രിൽ<br>ബാലയുഗം 1971 നവംബർ<br>ബാലയുഗം (71 നവം.) |
| ഉമ്മന്നൂർ<br>ഗോപാലകൃഷ്ണൻ | പുണ്യം<br>സൂര്യൻ<br>കൂട്ടായി<br>ചിരവയുംചിരട്ടയും<br>അമ്പട ഞാനേ | തളിര് 1995 ഡിസംബർ<br><br>ബാലഭൂമി 1997 ഫെ:16<br>ബാലഭൂമി 1996 സെ:16<br>ബാലഭൂമി 1996 ഒക്: 16 |
| ശ്രീപാദം | അയ്യട മനമേ | |

| | | |
|---|---|---|
| | ആനമുട്ട | |
| | കിളിപ്പാട്ടുകൾ | |
| | ചക്കമോഷണം | |
| | തക്കിട തരികിട | ബാലഭൂമി 1996 ജൂൺ 1 |
| ബിമൽ കുമാർ രാമങ്കിരി | ഉപകാരം | |
| | കോഴിപ്പത്തിരി | ബാലരമ 97 ജനുവരി 16 |
| | വമ്പൻ കൊമ്പൻ | ബാലരമ 97 ജനുവരി 16 |
| | മീനും പൊന്മാനും | |
| പുലിയൂർ രവീന്ദ്രൻ | ദൈവത്തിന്റെ കോഴി | കവിതാസമാഹാരം DCB (36 പേജ്, 25 രൂപ) |
| പുഷ്പാംഗദൻ | ചെല്ലച്ചിലങ്ക | കവിതാ സമാഹാരം –(കറന്റ്) |
| | കാക്കക്കൂട് (കഥാകവിത) | പൂമ്പാറ്റ 1997 ജനുവരി 16 |
| | മടിയന്റെ പേടി ......... | തളിര് 1998 ഫെബ്രുവരി NBS |
| സതികുമാർ | ബബ്ൾഗം | നാടൻ പാട്ട് – കുസൃതിക്കവിത (40 പേജ് 30 രൂപ) |
| ജിനൻ ഇ. | ഇതാരാ | ബാലഭൂമി 1997 ഏപ്രിൽ 1 |
| ചന്ദ്രൻ AV ചെറുകുന്ന് | കളിവണ്ടി | തളിര് 1997 മാർച്ച് |
| | ലനിൻ | ബാലയുഗം 73 ഒക്ടോബർ |
| ആനന്ദൻ ചെറായി | പഴം | ബാലഭൂമി 1997 നവംബർ 1 |
| | പശുവേത് (കിണ്ടി) | ബാലഭൂമി 1997 മാർച്ച് 16 |
| | കടംപാട്ട് | |
| | വഞ്ചി | ബാലഭൂമി 1997 മാർച്ച് 1 |
| ആനാപ്പുഴ മുരളീധരൻ | ക്ഷേത്രത്തിൽ | മുത്തശ്ശി 1997 ജൂലൈ |
| | മുല്ലയും മകളും | തളിര് 1997 ഏപ്രിൽ/ഒക്ടോ |
| | തറാം തറാം | ബാലഭൂമി 96 IX 16 |
| | മിന്നാമിനുങ്ങേ | തളിര് 1996 ആഗസ്റ്റ് |
| നവനീത | ഹിപ്പോ | |
| | കോഴിക്കള്ളൻ മമ്മൂഞ്ഞ് | കളിക്കുടുക്ക1997 ജനു1 |
| ബാലേന്ദു | കൊക്കരക്കോ | ബാലരമ 1997 ജനുവരി 16 |
| | വെള്ളമുണ്ട് | തളിര് 1997 സെപ്റ്റംബർ |
| വത്സൻ കല്ലായി | തത്തമ്മ | ബാലഭൂമി 1996 നവം 1 |
| | അമ്മാവനുംകുടുമയും | ബാലഭൂമി 1997 ഫെ 1 |
| | അപ്പൂപ്പൻ താടി | ബാലഭൂമി 1997 X 1 |
| | തീവണ്ടി | ബാലഭൂമി 1997 X 16 |
| കുമ്പളം വിക്രമൻ | മുത്തശ്ശിക്കഥ | പൂമ്പാറ്റ 1997 ജനുവരി 16 |
| തങ്കപ്പൻ. കെ | അഭിവാദ്യം | തളിര് 1997 ഫെ: |
| | മാവേലിപ്പാട്ട് | തളിര് 1996 നവം: |
| | അമൃതയാമമ്മേ | തളിര് 1997 ആഗ: |
| തങ്കച്ചൻ | കുട്ടന്റെ കളിപ്പാട്ടം | ബാലഭൂമി 1997 ഏപ്രിൽ 1 |
| നോയൽ രാജ് | ഓടിക്കോ ................... | ബാലഭൂമി 1997 നവ: 16 |
| | സമ്മാനം ..................... | ബാലകവിതകൾ 1992 |
| കണ്ടച്ചിറ ബാബു | പൂച്ചക്കല്യാണം | കുട്ടിക്കവിതകൾ– കറന്റ് |

| | | |
|---|---|---|
| ACN | മലർ | ബാലഭൂമി 1996 മേയ് 1 |
| T.K. മാറിടം | വമ്പൻ | തളിര് 1995 ഡിസംബർ |
| O. ദിവാകരൻ | ഒരു മയിൽപ്പീലിയും രണ്ടു കണ്ണുകളും | തളിര് 1996 മേയ് |
| K. രവീന്ദ്രൻ | ഉണ്ണിയ്ക്കുവേണ്ടി | തളിര് 1995 ഡിസംബർ |
| K. സുകുമാരൻ | ആനമൂട്ട് (മത്തങ്ങ) | ബാലഭൂമി 1997 മാർച്ച് 1 |
| | തോണി ..................... | ബാലഭൂമി 1996 ആഗസ്റ്റ് 16 |
| D. സന്തോഷ് വെള്ളിയോട് | കുരങ്ങച്ചന്റെ അഹങ്കാരം | |
| | ഒച്ചുകൾ: ഒരു പഠനം | മാതൃഭൂമി വാരാന്തപ്പതിപ്പ് 98 VIII 15 |
| രാമചന്ദ്രൻ | മാക്രിക്കുട്ടൻ | ബാലഭൂമി 98 VII 16 |
| | | അണ്ണാൻ ബാലഭൂമി 98 VII 1 |
| V. ശിവദാസൻ | കൊച്ചമ്മ | കുട്ടികളുടെദീപിക 1998 മാർച്ച്1 |
| ദിനകരൻ | എന്തു രസം? | ബാലഭൂമി 1996 ജൂൺ 1 |
| | ഓണം വരണേ | ബാലഭൂമി 1997 IX 1 |
| S. രമേശൻ | പുതുവർഷപ്പുലർകാലം | തളിര് 1998 ജനുവരി |
| N.K.ദേശം | കാഞ്ഞിരം (ബാലകവിതകൾ) | N.B.S 1992 |
| | കാറ്റും ആലും പുല്ലും | " |
| | ഒരു കൂടിക്കാഴ്ച | ബാലരമ |
| A.K.കുറ്റിപ്പുഴ | പൂമ്പാറ്റ | ബാലകവിതകൾ – 1992 |
| | അച്ഛന്റെ കുട | |
| T.K.അച്യുതൻ | ഊഞ്ഞാലാട്ടം | ബാലകവിതകൾ – 1992 |
| M.K.ശശികുമാർ | കൊല്ലത്തേക്കൊരുവള്ളം പടക്കം | ബാലകവിതകൾ–1992 |
| P.K.ഗോപി | കുരുവിക്കൂട് | ബാലകവിതകൾ – 1992 |
| K.R. പ്രഭ | കാശിയും വാശിയും | 1994 ൽ സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏതാനും കുട്ടിക്കവികതകൾ പ്രസിദ്ധീകരിച്ചു. അക്ഷര കൈരളി – 41 (പ്രീപ്രൈമറി) |
| K.N. പറമ്പോൽ | പ്രഭാതം | തളിര് 1995 ഡിസംബർ |
| K.V. രാമനാഥൻ | കുഞ്ഞിക്കിളിയോട് | ബാലകവിതകൾ–1992 |
| K.K.പൊൻമേലേത്ത് | കൂട്ടുകാരി | തളിര് 1997 മേയ് |
| | മാവേലി പണ്ട് ഭരിച്ച കാലം | തളിര് 1997 ഡിസം |
| K.V. രാമകൃഷ്ണൻ | ഉറുമ്പിന്റെ പല്ല് | |
| മധു ആലപ്പാട് | കിണ്ണം | തളിര് 1997 ഒക്ടോബർ |
| സുഗുണൻ ചൂർണ്ണിക്കര | പൂക്കളുടെ തർക്കം | ബാലകവിതകൾ – 1992 |
| ഗോതുരത്ത് ജോസ് | കൊട്ടാരം | ബാലഭൂമി 1996 ആഗസ്റ്റ് 1 |
| | തുമ്പിയോട് | മുത്തശ്ശി 1997 ഫെബ്രുവരി |
| ചന്തിരൂർ താഹ | പാത്തുമ്മ | ബാലഭൂമി 1996 ജൂൺ 1 |
| | ഉത്സവം | ബാലഭൂമി 1996 ജൂൺ 16 |

| | | |
|---|---|---|
| മടവൂർ സുരേന്ദ്രൻ | അനവധി ബാലകവിതകൾ | പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു. |
| മടവൂർ രാധാകൃഷ്ണൻ | ചെണ്ടമിടുക്ക് | മുത്തശ്ശി 1997 ഫെബ്രുവരി |
| റോയി. ബി. തച്ചേരി | കുയിലിനോട് | ബാലകവിതകൾ – 1992 |
| റഹ്മാൻ മാഞ്ഞാലി | കിളിപ്പത്ത് | ബാലകവിതകൾ – 1992 |
| മുയ്യം രാജൻ | പട്ടം, ആശ | ബാലകവിതകൾ – 1992 |
| M.V. കുറ്റ്യാട്ടൂർ | പൂക്കാലം | ബാല കവിതകൾ–1992 |
| M.T. രവീന്ദ്രൻ | കട്ടുറുമ്പും കാട്ടുകൊമ്പനും | ബാലകവിതകൾ–1992 |
| M.N. നായർ മണലിക്കര | മതിമതി | ബാലകവിതകൾ–1992 |
| V.M. രാജമോഹൻ | തുമ്പപ്പൂ | ബാലകവിതകൾ – 1992 |
| L.N. ഗോകുലൻ | ഓലപ്പീപ്പി<br>പയ്യൻ | ബാലകവിതകൾ – 1992 |
| T.P. ശശിധരൻ | വമ്പൻ കൊമ്പൻ | |
| V.T. ലാസർ | വൃശ്ചിക കാറ്റിനോട് | ബാലകവിതകൾ –1992 |
| M.C. പറമ്പേൽ പരമേശ്വരൻ | കടങ്കവിത | തളിര് 1997 ഫെബ്രുവരി |
| K.N. കുടമാളൂർ | മഞ്ചാടിക്കുരു | ബാലയുഗം 1970 ഏപ്രിൽ |
| | തത്തമ്മയുടെ കാത്തിരിപ്പ് | പൂമ്പാറ്റ 1967 മാർച്ച് |
| K.T. മാത്യു | തവളയും പുളവനും | ബാലരമ 97 ജനു 16 |
| ശ്രീമൻ നമ്പൂതിരി | ആന | ബാലകവിതകൾ – 1992 |
| ശ്രീമൻ കാട്ടുകുളങ്ങര | അയ്യയ്യാ അയ്യയ്യോ | ബാലകവിതകൾ–1992 |
| ശ്രീധരൻ മറ്റക്കുഴി | വിത്തും കൈക്കോട്ടും | ബാലകവിതകൾ–1992 |
| ശ്രീധരൻ പത്തുപള്ളിൽ | തെറ്റും ശരിയും | തളിര് 1997 മാർച്ച് |
| ശ്രീജിത്ത് വടക്കുംതല | പേനക്കുട്ടി<br>അടിപിടി | ബാലകവിതകൾ – 1992 |
| തിരുമേനി മയ്യനാട് | പോസ്റ്റ്മ്മാൻ | ബാലകവിതകൾ – 1992 |
| നിലേശ്വരം രാമൻ കുഞ്ഞി | ചാച്ചാ നെഹ്റു<br>പച്ചക്കുതിര<br>പിരിയാത്തകൂട്ട്<br>ഗുരുവുംശിഷ്യനും | കുട്ടി:ദീപിക 1997 IX 15<br>ബാലഭൂമി 1997 X 16<br>തളിര് 1998 ഫെ:<br>ബാലകവിതകൾ – 1992 |
| നിലമ്പൂർ മനോമോഹനൻ | ഉറുമ്പ്<br>കുഞ്ഞിക്കാറ്റ് | ബാലയുഗം 1971 മാർച്ച്<br>ബാലകവിതകൾ–1992 |
| നീലേശ്വരം സദാശിവൻകുഞ്ഞി | ശിശുദിനം | കുട്ടി:ദീപിക 97നവ: 15 |
| നീലമ്പേരൂർ മധു | വിജയ വീഥി<br>കുഞ്ഞിക്കാറ്റ് | <br>ബാലയുഗം |
| ഇന്ദിര. ബി | കുട്ടിക്കൊമ്പനും കുട്ടിയും | തളിര് 1996 ആഗസ്റ്റ് |
| സന്ധ്യ. ബി | മാമ്പഴക്കാലം(കഥാകവിത) | മുത്തശ്ശി 1997 ഫെ: |
| ശശികല. എസ് | പത്താംതരത്തിന്റെ പത്രാസ് | തളിര് 1997 മാർച്ച് |
| സുശീല. ജി.വി | എൻ കുഞ്ഞ് | കളിക്കുടുക്ക 1997 ജനുവരി 1 |
| വത്സമ്മ വി.റ്റി | തുമ്പിയോട് | കളിക്കുടുക്ക 1997 ജനുവരി 1 |

| | | |
|---|---|---|
| ഷീബ | തണൽ വൃക്ഷം | തളിര് 1997 മാർച്ച് |
| ശാരു | കാക്കക്കൂട് | |
| സുജ കണ്ണപ ം | മുന്നറിയിപ്പ് | തളിര് 1996 നവംബർ |
| | വറ്റുന്ന ഉറവകൾ | തളിര് 1997 മാർച്ച് |
| ലിപിന പവിത്രൻ | മുത്തം | മുത്തശ്ശി 1997 ഫെ: |
| രശ്മി. എൻ. പിള്ള | വട വട | ബാലഭൂമി 1996 മേ: 16 |
| ലളിതാ ഗോപിനാഥ് | ചെണ്ടയും ചിണ്ടനും | |
| | ഉരലമ്മാവുനും ഉലക്കയണ്ണനും | |
| ഉഷ കുമാരനല്ലൂർ | കുട്ടനും പട്ടവും | ബാലകവിതകൾ-1992 |
| മേരി സെലിൻ | ഉപകരണങ്ങൾ | കളിക്കുടുക്ക 1997 ജനുവരി 1 |
| | മാക്രിപ്പള്ളിക്കൂടം | ബാലഭൂമി 1998 ഫെ: 16 |
| സജിനി പവിത്രൻ | ആനവരുന്നേ | ബാലകവിതകൾ – 1992 |
| പാർവതി സുന്ദർ | വടിപിടിക്കും മുത്തശ്ശി | മുത്തശ്ശി 1997 ജൂലായ് |
| ജയശ്രീറാം | വർണ്ണച്ചിറക് | മുത്തശ്ശി 1997 ജൂലായ് |
| ഗ്രേസി കൊള്ളന്നൂർ | ആദരാഞ്ജലി | കുട്ടി:ദീപിക 1995 നവംബർ 16 |
| കുമാരി ദാമോദരൻ | പാവക്കല്യാണം | ബാലഭൂമി 96 ഒക് 16 |
| പ്രീജ സക്കറിയാ | ഒന്നു മുതൽ പത്തു വരെ | തളിര് 1997 മേയ് |
| പാർവതി ജയ | നക്ഷത്രം | ബാലഭൂമി 1998 ഫെബ്രുവരി 1 |
| സൂര്യ.എസ്.കൊല്ലം | അണ്ണാറക്കണ്ണൻ | തളിര് 1995 ഡിസംബർ |
| ശാരിക. റ്റി. എസ് | പൊൻപട്ടം | ബാലഭൂമി 1998 ഫെബ്രുവരി 1 |
| | തട്ടുപുടിതത്തോം | ബാലഭൂമി 1997 നവംബർ 16 |
| ഉമാദേവി. ആർ | ഭാരതാംബ | കുട്ടി: ദീപിക 1997 നവംബർ 15 |
| ജലജ. ബി. ആനിക്കാട് | അണ്ണാറക്കണ്ണൻ | കുട്ടി: ദീപിക 1997 നവംബർ 15 |
| ദിവ്യാ വിജയൻ<br>(Std VI റാന്നി) | പപ്പടം | തളിര് 1997 മാർച്ച് |
| ആതിര ആർ.എസ്<br>(Std . IV) | നഴ്സറി | തളിര് 1997 ആഗസ്റ്റ് |
| നബീസ<br>അബൂബേക്കർ (12) | ഘടികാരം | ബാലഭൂമി 1996 ഒക്ടോബർ 1 |
| സുഹറ ബി<br>ഓണത്ത് | കൊച്ചു തുമ്പി | ബാലയുഗം 73 ഒക്ടോബർ |
| സാവിത്രി | വല്യപ്പൂപ്പൻ | ബാലയുഗം 1972 മേയ് |
| സുബൈറ | കുപ്പിവള | ബാലയുഗം |
| അഞ്ജന. കെ.എസ്<br>(Std . I) | മിന്നാമിനുങ്ങ് | കുട്ടി: ദീപിക 97 നവ: 16 |
| മഞ്ജുള ആർ.കെ<br>(Std. VIII) | 'ഞ്ച്' മ്മൂമ്മ | ബാലഭൂമി 97 ജൂലായ് 1 |
| നിഷ. ആർ<br>(പ്രായം 14 വയസ്സ്) | മൂക്കും നാക്കും | ബാലഭൂമി 1997 ഒ: 1 |
| നിഷ റ്റി.എം.(വയസ് 12) | പമ്പകടക്കും തത്തമ്മ | ബാലഭൂമി 98 ജനുവരി 16 |
| നീത . A.S. (Std IX) | പൊലിഞ്ഞ ദീപം | തളിര് 1998 ഫെബ്രുവരി |

| | | |
|---|---|---|
| പ്രവീണ. ബി | ജനുവരി വെളിച്ചം | തളിര് 1998 ജനുവരി |
| ഷൈനി (Std VIII) | പൂമ്പാറ്റ | തളിര് 1997 മാർച്ച് |
| ലത. V | നുണപ്പാട്ട് | ബാലഭൂമി 97 X 1 |
| ദീപ വിലാസിൻ | മഴപ്പാട്ട് | ബാലഭൂമി 98 VI 16 |
| ദേവകി കോടനാട് | മാവേലിപോയപ്പോൾ | ബാലരമ |
| കുമാരനല്ലൂർ ത്രീവി | തീവണ്ടി | തളിര് 1996 മേയ് |
| കടുങ്ങല്ലൂർ നാരായണൻ | നമ്മുടെ നാട് | ബാലകവിതകൾ – 1992 |
| കണ്ണങ്ങനാട് അച്യുതൻ | വെള്ളിക്കിണ്ണം | ബാലകവിതകൾ – 1992 |
| മലയത്ത് | ചെന്താമര | തളിര് 1998 ഏപ്രിൽ |
| അപ്പുണ്ണി | കാഴ്ചബംഗ്ലാവിലെ കരടി | തളിര് 1998 ജനു |
| | ആട്ടിൻ കുട്ടി | തളിര് 1997 മേയ് |
| | രാവും പകലും | തളിര് 1997 ജൂലൈ |
| കല്ലുവാതുക്കൽ രഘുനാഥ് | ഒരു കുരുവിയുടെ മോഹം | തളിര് 1995 ഡിസംബർ |
| ചാത്തന്നൂർ സോമൻ | കൊത്ത കല്ലോടൻ വായോ | ബാലകവിതകൾ –1992 |
| ചേപ്പാട് ഭാസ്ക്കരൻ നായർ | ജവഹർ സ്മരണ | കുട്ടി: ദീപിക 1997 നവംബർ 15 |
| | സൂര്യൻ | തളിര് 1997 ഫെബ്രുവരി |
| | ചിരവയും ചിരട്ടയും | |
| | ചിത്രശലഭം | ബാലയുഗം 1971 ജനുവരി |
| | കുഞ്ഞു ചിരിച്ചാൽ | ബാലയുഗം 1970 ഏപ്രിൽ |
| ചേപ്പാട് സോമനാഥൻ | വണ്ടത്താനേ | |
| | കുഞ്ഞിപ്പൂച്ചേ | ബാലകവിതകൾ – 1992 |
| പുല്ലാർകാട് ബാബു | വാമൊഴി വരമൊഴി | ബാലകവിതകൾ – 1992 |
| പാർപ്പാകോട് വിക്രമൻ | മാമലനാടേ | ബാലകവിതകൾ – 1992 |
| ഭാനു പറങ്ങോട് | പാവം കഴുതച്ചേട്ടൻ | ബാലകവിതകൾ – 1992 |
| ശങ്കു ചേർത്തല | പൂവും കുഞ്ഞും | ബാലകവിതകൾ – 1992 |
| അപ്പൻ തച്ചേത്ത് | അരുത് | ബാല കവിതകൾ – 1992 |
| | ഉദയാസ്തമയങ്ങൾ | |
| മോഹൻ നടുവിൽ | വേലകളി | ബാല കവിതകൾ – 1992 |
| വസീറലി കൂടല്ലൂർ | കടങ്കവിത | ബാലകവിതകൾ – 1992 |
| വത്സൻ അഞ്ചാം പീടിക | കിന്നാരം | ബാല കവിതകൾ – 1992 |
| ഉത്രാടൻ പനയറക്കുന്നു | പൂവിനോട് | തളിര് 1996 മേയ് |
| ഉണ്ണികൃഷ്ണൻ കാഞ്ഞിരത്താനം | എത്രയുണ്ടിനി താമ്പാളത്തിൽ? (ഗണിത കവിത) | തളിര് 1996 മേയ് |
| സുന്ദർ വാഴക്കോട് | നഷ്ടം | തളിര് 1995 ഡിസംബർ |
| കുസുംഷലാൽ ചെറായി | കണ്ടുപിടിക്കുവിൻ | ബാലകവിതകൾ–1992 |
| ആലപ്പുഴ രാജശേഖരൻ | ഒറ്റക്കണ്ണൻ | ബാലകവിതകൾ – 1992 |

| | | |
|---|---|---|
| ഭരതന്നൂർ ഗോപി | ചിത്രശലഭം | ബാല കവിതകൾ – 1992 |
| വെട്ടിപ്പുറം ഗോപി | പ്രഭാതഗീതം | ബാലകവിതകൾ – 1992 |
| കവിയൂർ | പ്രാർത്ഥന | കുട്ടി:ദീപിക 1997. XI 15 |
| രാജശേഖരൻ | കരിവേണ്ട | കുട്ടി:ദീപിക 1997 XII 15 |
| ചാറാച്ചിറ ജ്ഞാനേശ്വർ | നിഴൽ | ബാലകവിതകൾ – 1992 |
| പൂയപ്പള്ളി തങ്കപ്പൻ | മുറ്റത്തെ മുല്ല | ബാലകവിതകൾ – 1992 |
| പന്മന | ഊഞ്ഞാൽ | ബാലജനങ്ങളെ നല്ല |
| രാമചന്ദ്രൻ നായർ | പൂന്തേൻ | മലയാളം പഠിപ്പിക്കാൻ |
| | മഴവില്ല് | നിരവധി കൃതികൾ രചിച്ചു |
| ഉമയനല്ലൂർ | സഞ്ചിമൂപ്പൻ | |
| കാഞ്ഞിരമറ്റം | കടങ്കവിത ഉരൽ | ബാലഭൂമി 97 IX 16 |
| സുകുമാരൻ | കടങ്കവിത ആമ | ബാലഭൂമി 97 IX 16 |
| | തമാശപ്പാട്ട് | ബാലഭൂമി 97 ഏപ്രിൽ 16 |
| | മുത്തശ്ശി | ബാലകവിതകൾ – 1992 |
| അവിണിശ്ശേരി | വെളിച്ചപ്പാട് | പൂമ്പാറ്റ 1967 മാർച്ച് 1 |
| | ബ്രാഹ്മിണിപ്പാട്ടുകൾ | |
| ജോർജ്ജ് കോശി മൈലപ്ര | " ങീ–" | |
| തോമസ് | ചങ്ങാതികൾ | ബാലകവിതകൾ – 1992 |
| പള്ളിപ്പറമ്പൻ | | |
| പീറ്റർ ആലക്കല്ല് | തുമ്പീം കൊമ്പനും | പൂമ്പാറ്റ 1997 ജനു. 16 |
| ബേസിൽ ഇഞ്ചൂർ | ചേട്ടായി | പൂമ്പാറ്റ 1997 ജനു. 16 |
| സെബാസ്റ്റ്യൻ പള്ളിത്തോട് | നിറങ്ങൾ | തളിര് 1998 ഫെബ്രുവരി |
| | കണ്ണുകൾ | തളിര് 1997 ഒക്ടോബർ |
| ജിജോ സിറിയക് | ചുറ്റിക | ബാലഭൂമി 1998 ഏപ്രിൽ |
| ഇടമറുക് റ്റി.സി.ജോസഫ് | കുട്ടികളുടെ ഹിയാവത | |
| കിളിമാനൂർ വിശ്വം | കസ്തൂരിമാൻ, മുത്തുമഴ | |
| എ.അയ്യപ്പൻ | ഉത്സവം | ബാലയുഗം 1970 ഏപ്രിൽ |
| അരുൺ പീറ്റർ | പാവച്ചേച്ചി | ബാലഭൂമി 1997 ഏപ്രിൽ 16 |
| മോഹനകൃഷ്ണൻ കാലടി | ആന | ബാലഭൂമി 96 നവംബർ 1 |
| | വേനൽ മഴ | 98 VII 19 ലെ മാതൃഭൂമി വാരാന്തപ്പതിപ്പിൽ |
| ഭാർഗ്ഗവൻ പിള്ള | പാണപ്പാട്ടുകൾ | ബാലഭൂമി 1996 ഒക്ടോബർ 16 |
| | കുമിളക്കൊട്ടാരം | |
| സത്യചന്ദ്രൻ | മലയാളം | തളിര് 1997 സെപ്റ്റംബർ |
| ധീരപദൻ | പൂവിനു വിരിയാൻ മോഹം | ബാലയുഗം1971 നവ:21 |
| വത്സരാജ് | തത്തയും വിത്തും | ബാലഭൂമി 1997 മേയ് 1 |
| സഹായ ദാസ് .എ | നിന്നോട് ഞാനും കൂടട്ടെ | തളിര് 1998 ഏപ്രിൽ |
| ജിനേഷ്. എസ് | വയറൻ | ബാലഭൂമി 1998 ഫെബ്രുവരി 1 |
| സോമൻ അന്നൂർ | മാനത്തെ പള്ളിക്കൂടം | ബാലഭൂമി 1996 ആഗ: 1 |
| കിഷോർ | നഴ്സറി ഗാനം | മുത്തശ്ശി 97 ഫെബ്രുവരി |
| അനിൽ കുമാർ. കെ.വി. | മഴയില്ലെങ്കിൽ | തളിര് 1997 മേയ് |

| | | |
|---|---|---|
| അബ്ദുള്ള പേരാമ്പ്ര | പത്തിരി ഞ്യാവൂ<br>തത്തമ്മ | ബാലഭൂമി 1998 ജൂൺ1 |
| അബ്ദുൽ ജലീൽ | വല്യമ്മ | ബാലഭൂമി 1998 മേയ് 1 |
| തരവത്ത് അമ്മാളു അമ്മ | ബാലബോധിനി | |
| രാജൻ മൂത്തകുന്നും | ഇലത്താളം<br>ആരോഗ്യം | കുട്ടി:ദീപിക 98 മാർച്ച് 1<br>കുട്ടി:ദീപിക 97 നവംബർ 15 |
| കൃഷ്ണൻ മുത്തേടം.വി | ഉണ്ണാത്തൊരുണ്ണി<br>ഗുണപാഠം | <br>തളിര് 1997 മേയ് |
| സുരേഷ് മണ്ണാറശാല | കുഞ്ഞുണ്ണിമാഷ് | കുട്ടി:ദീപിക 1998 മാർച്ച് 1 |
| രാജീവ് മേമുണ്ട | പൊട്ടാത്ത ബലൂൺ | തളിര് 1998 ഫെബ്രു. |
| ദേവദാസ് ചേന്ദമംഗലം | സ്നേഹം<br>മാക്രിയും ബ്രോക്കറും | തളിര് 1997 മേയ്<br>ബാലഭൂമി 96 ഒക് 16 |
| വാസുദേവൻ നായർ. ജി | കൊമ്പൻ ചെല്ലി | തളിര് 1995 ഡിസം. |
| രാധാകൃഷ്ണൻ വയല | കൗശലം | മുത്തശ്ശി |
| തിരുമൂലപുരം<br>നാരായണൻ | തിരുവവതാരം<br>കടങ്കവിത | കുട്ടി:ദീപിക 1997 ഡിസംബർ 15<br>മുത്തശ്ശി 1997 ഫെബ്രുവരി |
| മങ്കൊമ്പ് | അമ്മയും കുഞ്ഞും | ബാലയുഗം 1970 ഏപ്രിൽ |
| രാമദാസ് | ആമ്പൽ<br>തൈവാഴ | ബാലയുഗം 1971 മാർച്ച്<br>ബാലയുഗം 1971 ഡിസംബർ |
| വെട്ടിയാർ നാണു | താക്കീത് | മുത്തശ്ശി 1977 ജൂലൈ |
| ചെങ്ങന്നൂർ കൃഷ്ണൻ കുട്ടി | ക്രിസ്മസ് | കുട്ടി:ദീപിക 1997 ഡിസംബർ 15 |
| കല്ലിയൂർ മധു | കൺമണി | ബാലയുഗം 1970 ഏപ്രിൽ |
| പകൽക്കുറി വിശ്വൻ | ആരു വിളിക്കും<br>വീട്ടുമൃഗങ്ങൾ | |
| തകഴി ശങ്കരനാരായണൻ | പത്തുവരെ | |
| തേവന്നൂർ മണിരാജ് | കാരണവർ | (ബാലരമ 1997 ജനുവരി 16) |
| വേലൂർ<br>പരമേശ്വരൻ നമ്പൂതിരി | ഉത്തരം പറയുക<br>വിദ്യാധനം | മുത്തശ്ശി 97 ജൂലായ്<br>മുത്തശ്ശി 97 ജൂലായ് |
| ആറ്റുവാശ്ശേരി | തുമ്പി | മുത്തശ്ശി 97 ജൂലായ് |
| രമേഷ് ബാബു | മാനക്കൊട്ടാരം | ബാലഭൂമി 1998 മാർച്ച് 1 |
| രാജേന്ദ്രൻ കുരീപ്പുഴ | ചന്തയിൽ പോകുമ്പോൾ<br>ഉത്തമൻ .......................... | മുത്തശ്ശി 1997 ഫെ:<br>മുത്തശ്ശി 1997 ജൂലൈ |
| പുരുഷൻ ചെറായി | ഗുണപാഠം | കുട്ടി:ദീപിക 1998 ജൂൺ 1 |
| വിനു പ്രണവം മുണ്ടോത്ത് | മുത്തശ്ശി | മുത്തശ്ശി 1997 ഫെബ്രുവരി |
| ശ്രീധരൻ മണ്ണാറക്കാട് | കുറത്തി | പൂമ്പാറ്റ 1967 മാർച്ച് |
| സുദർശനൻ കൈനകരി | ശാന്തി<br>ജാഥ | കുട്ടി:ദീപിക 1997 ഡിസംബർ 15<br>കുട്ടി:ദീപിക 1997 ഡിസംബർ 1 |
| വിജയൻ ചിറയിൻ കീഴ് | കുയിലിനോട് | തളിര് 1997 മേയ് |
| ശശി പണ്ടകശാല | കാക്കയും കരടിയും | |
| സജി തങ്കപ്പൻ | ക്രോം ക്രോം | ബാലഭൂമി 1996 ജൂൺ 16 |
| പുതുശ്ശേരി രാമചന്ദ്രൻ | കുയിൽ | ബാലയുഗം 1971 മാർച്ച്<br>(തമിഴ് – പരിഭാഷ) |
| തൃക്കൊടിത്താനം<br>ഗോപിനാഥൻ നായർ | വണ്ടേ വണ്ടേ വന്നാലും | ബാലയുഗം 1972 മേയ് |

| | | |
|---|---|---|
| ഹരീന്ദ്രനാഥ കുറുപ്പ് | പ്രതിമയിൽ | ബാലരമ |
| പൂവച്ചൽ ഖാദർ | അരുവിയും കുരുവിയും | ബാലയുഗം 1971 ഏപ്രിൽ |
| | കുയിൽ | ബാലയുഗം 1972 മേയ് |
| പയ്യന്നൂർ | തളിരിട്ട | ബാലയുഗം 1971 മേയ് |
| ബാലകൃഷ്ണൻ | മാവേലി | ബാലരമ |
| | ശീവേലി | ബാലയുഗം 1971 മേയ് |
| പാറങ്കോട്ട് ഗോപിനാഥൻ | കുസൃതിക്കുട്ടി (പരിഭാഷ) | (1972 മെയ്, ബാലയുഗം) |
| | (Naughty Boy :John Keats) | |
| ബ്രഹ്മമംഗലം കൃഷ്ണൻ | അമ്മയും കുഞ്ഞും | |
| | മഴവില്ല് | •(ബാലയുഗം) 74 മേയ് |
| | വഞ്ചി | |
| വൈക്കം ശശി | എന്റെ ബാല്യം | ബാലയുഗം |
| | ചക്കരത്തുമ്പീ വന്നാട്ടെ | ബാലയുഗം |
| മുല്ലനേഴി | പകലിരുട്ട് | തളിര് 1997 സെപ്റ്റംബർ |
| കാവാലം നാരായണപ്പണിക്കർ | കൊമ്പും കുളമ്പും | |
| | കണ്ണീർ മങ്ക | |
| ആര്യാട് വാസുദേവൻ | കരിവണ്ട് | ബാലയുഗം 72 ഏ |
| അണ്ണല്ലൂർ വാസുദേവൻ | കറുമ്പിപ്പയ്യ് | ബാലയുഗം 1971 68 |
| പെരുമ്പളം ശ്രീധരൻ | ഉപഗ്രഹത്തിന്റെ ഉപക്രമം | ബാലരമ |
| മുരളി എടവനക്കാട് | അപ്പൂപ്പൻ താടി | ബാലയുഗം |
| ചെറിയാൻ കുനിയത്തോടത്ത് | മാലകൾ | ബാലരമ |
| | പൂന്തൊട്ടിൽ | ബാലരമ |
| ചേരിക്കിലേത്ത് | ദു:ഖപുഷ്പം | ബാലയുഗം 1971 നവംബർ |
| ബാലകൃഷ്ണൻ | കള്ളൻ | ബാലയുഗം 1971 മേയ് |
| | പരമാണു | ബാലയുഗം 1971 മാർച്ച് |
| പുത്തൻവേലിക്കരസുകു | കൂണുകൾ | ബാലരമ |
| | വല്യമ്മ | ബാലയുഗം 1973 ഒക് |
| നാട്യമംഗലം ശിവരാമൻ | ക്ഷമ | ബാലയുഗം 71 നവംബർ |
| ബാലചന്ദ്രൻ മുല്ലശ്ശേരി | ഞാനും വരുന്നു | 1971. XI 14 |
| രാമചന്ദ്രൻ ചമ്പാട്ട് | കുഞ്ഞിൻ മൃദുമൊഴിയോ? | ബാലയുഗം 1971 നവംബർ 14 |
| R. മാധവൻ | പൊൻമുട്ട (കഥാകവിത) | ബാലയുഗം 1973 ഒക്: |
| V.സുന്ദരേശൻ | പൊന്നോണത്തുമ്പി | ബാലയുഗം |
| K.മഹേശ്വരൻ തിരുവല്ല | സർഗസംഗീതം | ബാലരമ |
| K.V. ദേവ് | ഒന്നാം കുന്ന് | ബാലയുഗം 1971 ഏപ്രിൽ |
| KPC. ചെറായി | കുട്ടിയും മാരിവില്ലും | ബാലരമ |
| EPR. വേശാല | ഞാനും ബലിയും | ബാലയുഗം 1971 ഡിസംബർ |
| ECK. മഞ്ചേരി | കവിത | ബാലയുഗം |
| VN. തുളസി | സൂചിമുഖിയോടഭിമുഖം | ബാലയുഗം |
| MS. കുമാർ | സത്യം | ബാലരമ 1973 |
| P.P. കൃഷ്ണൻ | പുലരി | ബാലയുഗം 1971 ഡിസംബർ |
| M.D. രാജേന്ദ്രൻ | ഒരു മോഷണം | ബാലയുഗം 1970 ആഗസ്റ്റ് |
| | ഏഴും കടലും | |

| | | |
|---|---|---|
| | കടന്നു ചെന്നാൽ | ബാലയുഗം 1971 മാർച്ച് |
| | പൊൻമുട്ടയുടെ കഥ | ബാലയുഗം 1971 നവംബർ |
| R.K. രവിവർമ്മ | മഞ്ചാടിക്കുരു | ബാലയുഗം 1973 ഒക്ടോബർ |
| N.K. ദാസ് ഒറ്റപ്പാലം | ചക്കിയും കുട്ടിയും | ബാലയുഗം 1973 ഒക്ടോബർ |
| K.P. ബൻ പട്ടകടവ് | എന്റെ ഭാഗ്യം | ബാലയുഗം |
| T.A. രമേശ് | എന്നിലെ പ്രഭാതം | 1971 XI 14 |
| T.G. വിജയ വാരിയർ | പൊൻ പണം | ബാലയുഗം |
| ഒളപ്പമണ്ണ | ആനമുത്ത് | |
| ഇടശ്ശേരി | ഒരു പിടി നെല്ലിക്ക | |
| | കറുത്ത ചെട്ടിച്ചികൾ | |
| കുറ്റിപ്പുറത്തു | | |
| കേശവൻ നായർ | പ്രപഞ്ചം | |
| വെൺമണി | | |
| അഫൻ (1817 – 90) | രാമേശ്വര യാത്ര | |
| മഹൻ (1844–92) | കവി പുഷ്പമാല | |
| ലാൽ ഷീജ | ആരിവൾ?(കടംകവിത) | തളിര് 1998 ഫെബ്രുവരി |
| രത്ന | ചാച്ചാജി | കുട്ടി: ദീപിക 97 നവംബർ 15 |
| ജയ | ജവഹർലാൽ | കുട്ടി: ദീപിക 97 നവംബർ 15 |
| സൗദ PTK. (Std VIII) | പുതുവർഷം | തളിര് 1997 ജൂലായ് |
| ഹിത P.V | പുലരി | തളിര് 1997 ജൂലായ് |
| വിജിന .K. (Std VIII) | എങ്ങോട്ടാണീ യാത്ര | തളിര് 1997സെപ്റ്റംബർ |
| നിഷ്ണ G.നാഥ് (Std III) | വിരുന്നു വന്ന അത്ഭുതം | തളിര് 1997 മേയ് |

## അനുബന്ധം – V

# ബാലസാഹിത്യം : സ്വന്തം കൃതികൾ

### അമ്മ

അമ്മയ്ക്കൊരുമ്മയെന്നും
സമ്മോദമോടെ നല്കാം
സമ്മതിച്ചീടേണമെന്നും
അമ്മിഞ്ഞി തന്നീടാമെന്ന്.

### മുത്തശ്ശി

അല്ലയോ മുത്തശ്ശീ കഥ പറയൂ
നല്ലൊരു രസികൻ കഥ പറയൂ.
മാനിന്റെ മയിലിന്റെ കഥ വേണം
മാലോകർ മാനിക്കും കഥ വേണം.

### കളി–കാര്യം

കളിയും കാര്യവും
കാര്യവും കളിയും
കൂട്ടിയും കിഴിച്ചും
കഴിക്കുക കൂട്ടരേ ............!

### കള്ളകാക്ക

കാ – കാ– പാടുന്ന കള്ളകാക്കേ
നാടാകെ ചുറ്റിയിട്ടെന്തു കിട്ടി?
നെയ്യപ്പം തട്ടി, മീനൊന്നു കിട്ടി
കുഞ്ഞിന്റെ പൊക്കിളും കൊത്തി.

### മണ്ടൻ മന്ത്രി

കാറിൽ പറക്കുന്ന മണ്ടൻ മന്ത്രീ
ബാറിലെ വിശേഷമെന്തെല്ലാം?
കല്ലേറു കിട്ടി, തല്ലേറെ കിട്ടി
ഇല്ലിനി നാട്ടിലീ വോട്ടു തെണ്ടാൻ.

### ജീവൻ

നക്ഷത്ര ലക്ഷങ്ങൾ മാനത്ത്
വൃക്ഷലതാദികൾ താഴത്ത്
പക്ഷി മൃഗാദികളങ്ങുമിങ്ങും
അക്ഷയ ജീവനുണ്ടെന്നുമെങ്ങും.

### പേടി

പണ്ടത്തെ പേടി പാമ്പ് !
ഇന്നത്തെ പേടി ബോംബ്
അന്നത്തെ രോഗം "ഹാർട്സ്"
ഇന്നത്തെ രോഗം "എയ്ഡ്സ്"!

### മടി

പാറിപ്പറക്കുന്ന പനംതത്തേ
പാടുവാൻ മടിക്കുന്നതെന്തേ?
പാടങ്ങൾ പോയ് മറഞ്ഞുവെന്നോ
കാടുകൾ നാടുകളാകുന്നെന്നോ?

### പൂച്ച

പമ്മിനടക്കും പൂച്ചക്കുഞ്ഞേ
തുമ്മിപ്പോയാൽ പേടിക്കുന്നോ?
എലികൾ വന്നു, പുലികൾ വന്നു
വാലിൽപ്പിടിച്ചാലെന്തു ചെയ്യും?

### ജനത

ജനത തന്നെ കഴുത
കഴുത തന്നെ നിയമം
കഴുകൻ ഭരിക്കും ലോകം
കിനാവു തന്നെ നാകം.

### നാളെ

നല്ല നാളെ നാണിക്കുന്നു
നാടു നീളെ നരഹത്യ
നേതാവിന്റെ നാവു നീണ്ടു
നല്ല നാളെ നീളെയായി.

### ചരിത്രം

മതത്തിന്റെ മന്ത്രം
രാഷ്ട്രീയത്തിൻ തന്ത്രം
ശാസ്ത്രത്തിന്റെ യന്ത്രം
മാനവന്റെ ചരിത്രം.

### മുത്തം

മുത്തശ്ശിക്കൊരു മുത്തം
മുന്തിരി ചേർത്തൊരു മുത്തം
കൊച്ചുമോളിവൾ നിത്യം
വെച്ചിട്ടുണ്ടിതു സത്യം.

### ഇര

കൊച്ചൊരു കൊക്കുപൊലെ
മെച്ചത്തിൽ നില്ക്കും കിളീ
സ്വഛമായെത്തും തിര
വച്ചൊരുയിരു കണ്ടോ?

### പിഞ്ചിളം

പിഞ്ചിളം കുഞ്ഞേ നിനക്കെന്തിനി
കുഞ്ചലം കിക്കിളി കൂട്ടാനോ?
നെഞ്ചകം ആനന്ദം കൊണ്ടു മൂടൂ
സഞ്ചിത കൗതുകം കൂട്ടൂ വേഗം.

### കറുമ്പി

കറുത്ത കുഞ്ഞേ, കറുമ്പിപ്പെണ്ണേ
കരുത്തു നിനക്കു തന്നതാരു?
കുരുത്തക്കേടു കാട്ടിടൊല്ലേ
കുരുന്നു കുഞ്ഞേ കുറുമ്പിപ്പെണ്ണേ!

### മണി

കൊല്ലത്തുണ്ടൊരു പെൺമണി
കണ്ടാൽ നല്ലൊരു കൺമണി
ഇല്ലത്തവളൊരു കൈമണി
പൊല്ലാപ്പല്ലവൾ പൊൻമണി

### സത്യം

ജനാധിപത്യം – "വിശുദ്ധ" മിഥ്യ
ധനാധിപത്യം – അതാണു സത്യം!
'ജനത' യെന്നാൽ 'കഴുത ' തന്നെ
കഴുകൻ നയിക്കും നിയമം സുലഭം!!

### ദൈവം

ദൈവത്തെ കണ്ടല്ലോ ഞാൻ
കൈവല്യമേറെയുള്ള
ദൈവത്തെ, കണ്ണാടിയിൽ
ദൈവത്തെ – എന്നെത്തന്നെ!

### മാറ്റം

മാറ്റത്തിനില്ല മാറ്റം
മാറ്റേണ്ടവയ്ക്കില്ല മാറ്റം
മാറ്റേണം മാനസ നാറ്റം
മാനവനുണ്ടാം നേട്ടം.

### ഇനിയും

ഇനിയും വരുമോ മാവേലി?
ഇനിയും വരുമോ പൊന്നോണം?
ഇനി മുതലൊന്നായിക്കൂടാനും
ഇടയാകുമോ കൂട്ടരേ ............?

### വണ്ടി

അച്ചെറുവണ്ടി എന്നുടെ വണ്ടി
കുതിച്ചു പാഞ്ഞു; കിതച്ചു നിന്നു
എഞ്ചിൻ വീണ്ടും നിരങ്ങി നീങ്ങി
എങ്ങോട്ടേയ്ക്ക്? അറിയില്ലാർക്കും!

### മുല്ല

മുല്ലപ്പൂവുകൾ, മുല്ലപ്പൂവുകൾ
മുറ്റം നിറയെ മുല്ലപ്പൂവുകൾ
നല്ല വെള്ള മുല്ലപ്പൂവുകൾ
നല്ല മണവും നല്കീടുന്നു.
മെല്ലെയൊന്നു പറിച്ചെന്നാൽ
തല്ലാനമ്മ വന്നീടും
നല്ല ചന്തം കണ്ടീടാൻ
മുല്ല ചെടിയിൽ നില്ക്കുമ്പോൾ!

### കാല്പ്പാട്

കണ്ടൂ ചിലരാ പുതമണ്ണിൽ
കാല്പാടൊത്തിരി കരിമണ്ണിൽ
വമ്പൻ രാക്ഷസൻ, അല്ലെങ്കിൽ
കൊമ്പൻ വീരൻ വന്നെന്നോ?
കരുതി പലരും പലതോതി
നേരതു കണ്ടില്ലവരാരും
കുസൃതിക്കുട്ടൻ ബൂട്സിട്ടു
ധൃതിയിലോടിയതാണല്ലോ!

### മാനസം

ശക്തി നേടാൻ വേണ്ടതെന്ത്?
യുക്തി തന്നെ – ചിന്തിച്ചീടാൻ
ഭക്തി ഭയമാക്കിടൊല്ലേ
വ്യക്തി സ്നേഹിച്ചീടുകെല്ലാം.
ബുദ്ധിയുള്ളോർ കാംക്ഷിച്ചീടും
സിദ്ധി, ശാന്തി തന്നിലുണ്ടു
വൃദ്ധി വേണം നന്മകളിൽ
ശുദ്ധി വേണം മാനസത്തിൽ.

### അമ്മയും കുഞ്ഞും

കുഞ്ഞു കരഞ്ഞു, കുഞ്ഞു കരഞ്ഞു
കുഞ്ഞു വിശന്നു വലഞ്ഞു
അമ്മ വരുന്നു, അമ്മ വരുന്നു
അമ്മിഞ്ഞിയും കൊണ്ടു വരുന്നു
താളത്തിൽ തായ പാടുന്നു
മേളത്തിൽ കൈ കൊട്ടുന്നു
ഉമ്മകൾ കിക്കിളി കൂട്ടുന്നു
ഉമ്മറമാകെ ഉത്സവമേളം!

### പൂവാലി

പൈങ്കരാലി പശുക്കുട്ടീ
പൂവാലി പശുക്കുട്ടീ
ചുട്ടിക്കാരി പശുക്കൂട്ടീ
ചെരിപ്പിട്ട പശുക്കൂട്ടീ,
തുള്ളിച്ചാടി ക്കളിക്കുമ്പോൾ
എന്നെക്കൂടെ ക്കൂട്ടാമോ?
പൈമ്പാൽ മുട്ടിക്കുടിക്കുമ്പോൾ
തുള്ളിപ്പാൽ തന്നിടാമോ?

### പ്രപഞ്ചം

ലക്ഷം ലക്ഷം നക്ഷത്രം
ദർശിക്കുന്നു നേത്രം
എങ്ങാണുത്ഭവ കേന്ദ്രം?
എങ്ങോട്ടേക്കീ യാത്ര?
എന്നാണവയുടെയന്ത്യം?
എന്താണാവോ ലക്ഷ്യം?
പ്രപഞ്ചം ബഹുവിചിത്രം!
ആരു രചിക്കും ചരിത്രം?

### ജീവിതം

ജീവിതമെന്നാലെന്ത്? ജീവികൾ ചോദിച്ചേക്കാം
പത്തോളമുത്തരങ്ങൾ കണ്ടെത്തി ജീവിച്ചിടാം:
ജീവിതം സ്നേഹം തന്നെയാസ്വദിച്ചീടാനത്രെ!
ജീവിതം സൗന്ദര്യത്താലാരാധ്യമാകവേണം,
സംഗീതമെന്നപോലെയാവോളമാലപിക്കാം,
സമ്മാനമായിട്ടതു സാനന്ദം സ്വീകരിക്കാം,
കർത്തവ്യം കൂടിയത്രേ, നിർവിഘ്നം നിർവഹിക്കാം,
ക്രീഡയായ്ക്കാണുന്നേരം നന്നായിക്കളിച്ചീടാം
പ്രശ്നമായ് തീർന്നിടുമ്പോൾ കാണണം പരിഹാരം,
ദുരിതമായാലുടൻ വിനോദം കണ്ടെത്തണം,
ഉഗ്രമാം വെല്ലുവിളി,യാണെങ്കിൽ തകർക്കണം,
വാഗ്ദാനമാണെന്നോർത്തു ജീവിതം
ധന്യമാക്കാം.

## കാലം

അടിയുടെ കാലം പോയി
കടിയുടെ കാലം വന്നു.
ഇടിയുടെ കാലം പോയി
വെടിയുടെ കാലം വന്നു.
അടി-കടി-ഇടി-വെടി
കൂടാതൊന്നു കഴിയേണ്ടേ?
മടിയുടെ കാലം വേണ്ട
മടയരൊട്ടും വേണ്ട.
ദേഷ്യം വേണ്ട, സ്നേഹം വേണം
ദോഷം വരുത്തരുതാർക്കും.
ഇണങ്ങുകയെന്നുമാരോടും
പിണങ്ങരുതങ്ങൊരുനാളും.
നന്മ ചെയ്യുക, നല്ലവരാകുക
തിന്മകൾ തകർക്കുകയെന്നും.
ജീവിതമെന്നാലെന്തെന്നോ?
സ്നേഹമാണെന്നോർക്കൂ ......!

## കപ്പൽ

അക്കപ്പൽ പാൽക്കപ്പൽ
ഇക്കപ്പൽ തീക്കപ്പൽ
അക്കടൽ പാൽക്കടൽ
ഇക്കടൽ തീക്കടൽ
പാൽക്കപ്പലെൻ കപ്പൽ
പാൽക്കടലെൻ കടൽ
തീക്കപ്പൽ നിൻ കപ്പൽ
തീക്കടൽ നിൻ കടൽ
തീക്കടൽ തിന്നുന്നു
തീക്കപ്പൽ മുങ്ങുന്നു
പാൽക്കടൽ പാടുന്നു
പാൽക്കപ്പൽ പായുന്നു.

## പെട്ടി

അപ്പെണ്ണിനുണ്ടൊരു പെട്ടി
കുപ്പിവളകളുള്ളൊരു പെട്ടി
പെട്ടിയിൽ നിറയെ മുത്തുമണി
പൊട്ടാത്തയായിരം രത്നമണി.
പെട്ടിയിലുള്ളവയ്ക്കെണ്ണമില്ല
പെട്ടിക്കു നല്ലൊരു പൂട്ടുമില്ല
അപ്പെണ്ണു നല്ലൊരു കോടീശ്വരി
അപ്പെണ്ണ് വിശ്വരാജേശ്വരി.
നക്ഷത്രപ്പൂക്കളെത്രയെത്ര!
ചന്ദ്രക്കലയും വിചിത്രമല്ലോ!
സ്വത്തവൾ കാത്തു സൂക്ഷിക്കുന്നു
മൊത്തമായവ ഇന്നുമെന്നും
നീലവീരാളിപ്പട്ടു കൊണ്ടോ
മാണിക്യക്കൂട്ടങ്ങൾ മൂടിടുന്നു
ഇടി-മിന്നലായുധം വച്ചുകൊണ്ടു
പടിക്കൽ കാവലിരുന്നിടുന്നു.

## മണ്ടൻ ഞണ്ട്

ഞണ്ടൊരു മണ്ടൻ
കണ്ടാലോടും
കുണ്ടിലൊളിക്കും
പേടിത്തൊണ്ടൻ.
അങ്ങോട്ടോടും
ഇങ്ങോട്ടോടും
മുമ്പോട്ടോടും
പിമ്പോട്ടോടും
അവിടെ തോണ്ടും
ഇവിടെ തോണ്ടും
കുഴികൾ കുഴിക്കും
കിറുക്കൻ ഞണ്ട്.
വെള്ളം വന്നാൽ
കള്ളൻ കണക്കെ
പതുങ്ങിയിരിക്കും
പമ്മി നടക്കും.
കായൽക്കരയിൽ
കടലോരത്തിൽ
കൂട്ടം കൂടി
തെണ്ടി നടക്കും
മണ്ണുകുഴിക്കും
കണ്ണു മിഴിക്കും
ഒളിഞ്ഞുനോക്കും
ഒഴിഞ്ഞുപോകും..........
നറുങ്ങിണി
പിറുങ്ങിണി
പത്തുകാലൻ
പാത്തു നടക്കും,
കിട്ടുന്നവരെ-
യിട്ടു കടിക്കും
ഞണ്ടേ നീയൊരു
മണ്ടശിരോമണി.

## ആരാണു മണ്ടൻ?

കിട്ടനും കുട്ടനും കുട്ടിയും
കത്തികൾ കടിച്ചു പിടിച്ചു
നദിക്കരെയെത്താൻ നീന്തി.
"കുട്ടാ, കത്തികളയല്ലേ – കേട്ടോ?"
കിട്ടൻ വിളിച്ചു പറഞ്ഞു.
"പ്ലൂംoooo" കത്തിവെള്ളത്തിൽ താണു
ഇല്ല, ഞാൻ മിണ്ടൂല്ല – കിട്ടാ.........."
"പ്ലൂംoooooo" കുട്ടന്റെ കത്തിയും വീണു.
"ഞാനക്കരെച്ചെന്നേ മിണ്ടൂ......"
കുട്ടിയും വിളിച്ചു പറഞ്ഞു.
അക്കത്തിയും മെല്ലമേ മുങ്ങി
കത്തിയില്ലാതവരക്കരെയെത്തി.
തർക്കിച്ചു മൂവരുമുച്ചത്തിൽ:
"ആരാണു മണ്ടൻ?" നീയാണു മണ്ടൻ!
തർക്കത്തിൽ ജയിച്ചതാരോ?
കത്തിയില്ലാത്തതും ഭാഗ്യം!
ആരാണു മണ്ടൻ? ആരാണു? ചൊല്ലു;
ആരാകിലും നിങ്ങളായിടൊല്ലേ!

## വലിയ ഒന്ന്

ലോകത്തുള്ള മനുഷ്യരെല്ലാം
ചേർന്നൊന്നായിരുന്നെങ്കിൽ
ആ ആളെന്തൊരു വലിയ
മനുഷ്യനാകുമായിരുന്നു!
ലോകത്തുള്ള മരങ്ങളെല്ലാം
ചേർന്നൊന്നായിരുന്നെങ്കിൽ
അതെന്തൊരു വലിയ മരമാകുമായിരുന്നു!!

ലോകത്തുള്ള കോടാലികളെല്ലാം
ചേർന്നൊന്നായിരുന്നെങ്കിൽ
അതെത്ര വലിയ
കോടാലിയാകുമായിരുന്നു!!!
ലോകത്തുള്ള കടലെല്ലാം
ചേർന്നൊന്നായിരുന്നെങ്കിൽ
അതെത്ര വലിയ കടലാകുമായിരുന്നു!!!
ആ വലിയ മനുഷ്യൻ ആ വലിയ
കോടാലിയെടുത്തു
ആ വലിയ മരം വെട്ടി ആ വലിയ
കടലിലിട്ടാൽ.........
അപ്പോൾ എന്തൊരു വലിയ
ശബ്ദമാണുണ്ടാവുക?
ആക്കാഴ്ച കാണാൻ, ഒച്ച
കേൾക്കാനാരാണുണ്ടാവുക?

## പട്ടം

കാറ്റത്തൊരുനാൾ
പട്ടം പറത്താൻ
മുട്ടൻ കുട്ടി
ചട്ടം കെട്ടി.
കുട്ടികളെത്തി
പട്ടം പറത്തി
പട്ടം പൊട്ടി
വട്ടം ചുറ്റി
മൊട്ടത്തലയിൽ
തട്ടി വീണു.
പൊട്ടും തൊട്ടു
കുട്ടിപ്പെണ്ണു
തൊട്ടു നിന്നു
പൊട്ടിച്ചിരിച്ചു
കുട്ടിസേന
കൂട്ടം കൂടി
കൊട്ടിപ്പാടി
വീട്ടിൽപോയി.

## പീലിക്കണ്ണുകൾ

പണ്ടൊരു നാട്ടിൽ
ഉണ്ടായിരുന്നു
പാലു പോലെ
വെളുത്തൊരു പശു.
യവന നാട്ടിൽ
ജൂണോ ദേവി
കണികണ്ടിടും
കാമധേനു!
ഒരു നാൾ ദേവൻ
ജൂപിറ്ററിൻ
കണ്ണിൽപ്പെട്ടു
കണ്ടു കൊതിച്ചു.
കൊതിയൻ ദേവൻ
കണ്ടുപോയാൽ
കൈക്കലൊക്കും,
ദേവി പേടിച്ചു.
ജൂണോ ദേവി
നൂറു കണ്ണൻ
ആർഗസിനെ
കാവലാക്കി.
ജൂപിറ്ററോടി
പാട്ടുകാരൻ
ഓർഫിലിസിൻ
സിദ്ധികൾ തേടി.
പാട്ടുകാരൻ
പാടിയപ്പോൾ
കാവൽക്കാര–
നുറക്കമായി.
കണ്ണുകളെല്ലാ–
മടഞ്ഞുപോയി
ആർഗസിന്റെ.........
കണ്ണുകൾ നൂറും.
പശുവിനെ
കൊണ്ടുപോയി
ജൂപിറ്ററിൻ
തൊഴുത്തിലാക്കി.
ജൂണോ ദേവി
കോപിച്ചലറി
ആർഗസിന്റെ
തൊണ്ണൂറ്റെട്ടു
കണ്ണുകളെടുത്തു
ആ വഴി വന്ന
ആൺമയിലിനു
വിളിച്ചു കൊടുത്തു.
മയിലാ കണ്ണുകൾ
വാലിൽ തിരുകി;
പീലിക്കങ്ങനെ
കണ്ണുകളുണ്ടായി.

## വേണം

ഇവിടെ വേണം
മാനവന്റെ മണ്ഡലം,
ഇവിടെ വേണം
വിജ്ഞാനത്തിൻ വിണ്ഡലം,
ഇവിടെ വേണം
ശാന്തിയുടെ ഭൂതലം,
ഇവിടെ വേണം
സ്നേഹത്തിൻ സമതലം,
ഇവിടെ വേണം
ഏകലോകദർശനം,
ഇവിടെ വേണം
യോഗക്ഷേമവർത്തനം,
ഇവിടെ വേണം
സ്നേഹ – സത്യ ഗീതകം,
ഇവിടെ വേണം
ഐശ്വര്യത്തിൻ പൂർണിമ.

## ശബ്ദങ്ങൾ

ഇടിയുടെ മുഴക്കം ട–ഢു; ടി – ഢിം
മഴയുടെ തുടക്കം ച–റു; പി – റു
നദിയുടെ ഒഴുക്ക് ഗ–ള; ഗ–ള
കിളിയുടെ നാദം കീ..... കൂ; ക്ലീ – ക്ലൂ
കാറ്റിൻ സ്വരവും സുഖകരം
കാട്ടിൽ കേൾപ്പുണ്ടിവയിന്നും!?
വീട്ടിൽ ടേപ്പിൻ ബഹളം പിന്നെ

നാട്ടിൽ കേൾപ്പതെന്തൊക്കെ?
ഹോ – ഹോ സൈറൺ വിളിയും
ഹൂ – ഹൂ ട്രയിനിൻ വിസിലും
കിണി കിണി സൈക്കിൾ മണിയും
കീ – കീ – കാറിൻ നാദവും
പോം – പോം ബസിൻ ഹോണും
പട – പട – ബൈക്കിൻ വെടിയും
കട– കട കാളവണ്ടികളും
ടക–ടക ബോട്ടിന്നൊച്ചയും
ജംബോജറ്റിൻ സീൽക്കാരവും
അംബോ ! ശബ്ദം പലവിധം !!
സൈ്വരതയാകെ തകരുന്നു...................
ബധിരത പകരം പകരുന്നു ........... !!!

### വിജയ മന്ത്രം

ഗ്രാമീണർ തൻ ഗാത്രം
സ്ത്രീകൾ തൻ സൂത്രം
മാർജ്ജാരൻ തൻ മിത്രം
പ്രപഞ്ചത്തിൻ ചിത്രം
നന്മ കാണാൻ നേത്രം
മനസ്സ് രമിക്കാൻ ക്ഷേത്രം
പാചകത്തിനു മൺ പാത്രം
പാരായണത്തിനു പല പത്രം
ശരിയോതീടാൻ ശാസ്ത്രം
വിജയത്തിനിവമാത്രം !

### ബാലിക

ബാലിക–മൂന്നക്ഷരം
ലോലിത, മനോഹരം!
സ്ത്രീയുടെ ബാല്യകാലം
ശ്രീയൊളി വിളനിലം!!
സംഗതി ശരിതന്നെ
സംശയം ലേശമില്ല
എങ്കിലുമെന്തുകൊണ്ടോ
എന്മനം ശങ്കിക്കുന്നു.
ബാലിക വളരുന്നു
വിലക്കിൻ വലയത്തിൽ
ബാലിക ഭയക്കുന്നു
കാരണമില്ലാതില്ല.
പുരുഷപ്രജ പോലെ
സ്വാതന്ത്ര്യം തനിക്കില്ല,
പെൺപ്രജ മനുവിന്റെ
സ്മൃതിയിൽ തന്നെയിന്നും.
പഠിച്ചു, പഠിച്ചവൾ
വിജ്ഞാന പീഠം കേറി
ഭരിച്ചു, ഭരിച്ചവൾ
ഉന്നത സ്ഥാനം നേടി.
എന്നിട്ടുമെന്തുകൊണ്ടോ
സമത്വം സ്ഥാപിച്ചില്ല
എങ്കിലും മുന്നേറുന്നു
വിവിധ രംഗങ്ങളിൽ..............
ബാലിക സൗന്ദര്യത്തിൻ
പ്രതീകം മാത്രമല്ല
സ്നേഹത്തിൻ, സേവനത്തിൻ
സജീവ മാതൃക താൻ.
പെൺപ്രജ പരാശക്തി
എങ്കിലും പരാശ്രയ
എന്നതു പരമാർത്ഥം
എന്നിതു മാറുമാവോ?
പൊൻ പണ്ടം, പട്ടു വസ്ത്രം
കൊണ്ടൊന്നും കാര്യമില്ല
പെൺപ്രജയർഹിക്കുന്ന
സമത്വം സ്ഥാപിക്കേണം.
വിവിധ വിവേചനം
വിവിധ വിലക്കുകൾ
നിരർത്ഥക നിയന്ത്രണം
നീക്കണം നാട്ടിൽ നിന്നും.
പാവങ്ങൾ പെൺകിടാങ്ങൾ
പരാതിപ്പെട്ടില്ലിന്നും
പാവന ജീവിതത്തെ
കണ്ണീരിൽ കഴുകുന്നു......................
ബാലിക– ത്രൈയക്ഷരി
മന്ത്രിക്ക മാലോകരേ
ലോകത്തിൽ മാനിക്കേണ്ടു–
മമൂല്യ നാമധേയം.

### കണ്ടു പഠിക്കുക

കുട്ടികളെത്തി, കുട്ടികളെത്തി
പൊട്ടിച്ചിരികളുയരുന്നൂ
മുറ്റത്തെങ്ങും മലർവാടി
കാറ്റില്ലാതവയാടുന്നൂ.
കൂട്ടം കൂടി വരുന്നല്ലോ
വട്ടം ചുറ്റി നിരന്നല്ലോ
പാട്ടും പാടി തുള്ളീടുന്നു
ആട്ടമാടി കളിച്ചീടുന്നു.
അവരുടെ ലോകം മായാലോകം
അദ്ഭുതലോകം–സാക്ഷാൽ സ്വർഗ്ഗം!
ആശിക്കുന്നതു കിട്ടുന്നേരം
ആനന്ദിക്കുമതിരില്ലാതെ..........!
പിണങ്ങും തമ്മിലിത്തിരിനേര–
മിണങ്ങുമുടനെ–യെന്തൊരു സ്നേഹം!
മറക്കാനാകും തെറ്റുകളെല്ലാം
പൊറുക്കാനാകും കുറ്റങ്ങളെല്ലാം.
പൂവുകളും പൂമ്പാറ്റകളും
പൂന്തേനും പൂഞ്ചോലകളും
പൂങ്കുയിലും പൂങ്കോഴികളും
പൂങ്കനിയും പൂങ്കാവനവും
പൂന്തിങ്കളും പൂന്താരകളും
പൂഴിമണ്ണും പൂച്ചക്കുഞ്ഞും
പുതുപുത്തൻ പുസ്തകവും
പിഞ്ചുകുഞ്ഞിനിഷ്ടം തന്നെ.
മികച്ചതെല്ലാം കൊടുത്തുനോക്കൂ
തിരിച്ചുതരുമൊത്തിരിയൊത്തിരി.........
ഇത്തിരിസ്നേഹം പകർന്നു കൊടുക്കാൻ
മൂത്തവരാരും മറന്നീടൊല്ലെ!
കണ്ടുപഠിക്കുക മാനവ സ്നേഹം
കുട്ടികളെ കണ്ടു പഠിക്കുക.
ജീവിതമെന്നാലെന്താണെന്ന്
അവരറിയുന്നു– അവർ മാത്രം!!

## ബാലലോകം

ബാലമഹത്വം
ലോകമഹത്വം!
ബാല മനസ്സ്
ലോല മനസ്സ്!!
കാട്ടു പൂവിൽ കളങ്കമില്ല
കുട്ടി മനസ്സിൽ കാപട്യമില്ല
ധൃതിയിലോടും
കുസൃതി കാട്ടും;
കണ്ണിനമൃതം
മണ്ണിനു സുകൃതം!
കരയാനറിയാം
ചിരിക്കാനറിയാം
പിണങ്ങും; പിന്നെ
ഇണങ്ങുമുടനെ.
മറക്കുമെല്ലാം
പൊറുക്കുമെല്ലാം
പഠിക്കും പോലെ
കളിക്കും ചേലിൽ!
മികച്ചതെല്ലാം
കൊതിക്കും കിട്ടാൻ.
ലഭിക്കും നേരം
പുഞ്ചിരി തൂകും.
പിഞ്ചുകുഞ്ഞിൻ
പുഞ്ചിരിതന്നെ
ദിവ്യ, മുലകിൽ
നവ്യ സമ്മാനം!
ശൈശവത്തിൻ
ശ്രീയൊളിപോൽ
സുന്ദരമായി
ഭൂമിയിലില്ലൊന്നും
കൊഞ്ചലു കേൾക്കാൻ
നെഞ്ചതിലാർക്കും
കൊതിയുണ്ടാകും
മതിയാകില്ലൊട്ടും.
നന്മകൾ തന്നുടെ
നാമ്പുകളാണിവർ
നല്ല നാളെയെ
നിർമ്മിക്കേണ്ടവർ.
ശിശു ജനത്തെ
ശാസിക്കാതെ
ശിക്ഷിക്കാതെ
ശരിയോതുക...........
പ്രകൃതിയെയവർ
പ്രേമിക്കട്ടെ,
ജീർണ്ണിക്കാതെ
ജീവിക്കട്ടെ....!

## ഉണ്ണിയുത്സവം

ഉത്സവം! ഉത്സവം!!
ദേശീയോത്സവം!!!
നവമ്പർ മാസം
പതിന്നാലിനും...
ഭാരതമാകെ
ഘോഷിക്കുന്നു
ജവഹർലാലിൻ
ജന്മജയന്തി.
ബാലജനത്തിൻ
ചാച്ചാജിയുടെ
ജന്മദിനത്തിൽ
ചിരിയുടെ പൂരം!
ആഡംബരവും
ആഘോഷങ്ങളും
ആചാരങ്ങളും
ആഹ്ളാദങ്ങളും
ആരാമത്തിലെ
രോമാഞ്ചങ്ങളെ
ആകർഷിപ്പൂ
ആനന്ദിപ്പൂ
ഉണ്ണികളുടെ
പ്രീയങ്കരനാം
നെഹ്റുജിയുടെ
പ്രീയ തോഴരെ
നന്നായ് വളർത്താൻ
വളർത്തിയുയർത്താൻ
പൂമൊട്ടു വിടർത്താൻ
പൂമണം പരത്തീടാൻ
മന്നിതിൽ മാനവർ
ഒന്നായ്ത്തീരാൻ
കുഞ്ഞോമനകൾ
ഒന്നായ് വളരാൻ,
മനസ്സിൽ മധുരം
മേനിയിൽ ശക്തി
ശിരസ്സിൽ യുക്തി
നല്കാനാണീ മേള.
ബഹുജനങ്ങൾ
ബാലജനത്തെ
ഓമനിക്കാൻ
ഓർത്തീടാൻ.
ഉത്സവമേള
ഉണ്ണികൾക്കൊരു
ഉത്സാഹനാൾ
ഉണ്ടായിവന്നൂ.

## അക്ഷരക്കൊട്ടാരം

അക്ഷരം കൊണ്ടൊരു കൊട്ടാരം
അക്കൊട്ടാരം നിറയെ രത്നങ്ങൾ!
ആളെക്കാക്കും മാണിക്യങ്ങൾ!!
ആർക്കും കയറാം കൊട്ടാരത്തിൽ.........
അത്ഭുതലോകമക്കൊട്ടാരം
അറിവിൻ ലോകമക്കൊട്ടാരം
അറകളായിരമുണ്ടവിടെ
അറിയാനായിരമുണ്ടവിടെ
അക്ഷരസദ്യയുണ്ടീടാം
അക്ഷരമാലകളണിഞ്ഞീടാം
അക്ഷരലീല കളിച്ചീടാം
അക്ഷരമെത്തയിലുറങ്ങീടാം.
കഥകളവിടെ കണ്ടീടാം
കവിതകളവിടെ കേട്ടീടാം
കനകത്തേക്കാൾ കമനീയം

കക്കാനാർക്കും കഴിയില്ല.
മനുഷ്യനു മുത്താണക്ഷര ജാലം
മനസ്സിനു മധുരം പകർന്നീടും
മതിയാവില്ല മരണം വരെ
മണിമുത്താമക്ഷര മാലകൾ!

**വാഴ്ത്തിപ്പാടി**

പക്ഷികൾ പറന്നൂ
വൃക്ഷങ്ങൽ നിരന്നൂ
നക്ഷത്രങ്ങൾ മിന്നി
ലക്ഷങ്ങൾ വാനിൽ..........
മീനുകൾ നീന്തീ
മാനുകളോടി
മയിലുകളാടി
മുയലുകൾ ചാടി
പാമ്പുകളിഴഞ്ഞൂ
പൂച്ചകൾ കരഞ്ഞൂ
പട്ടികൾ കുരച്ചൂ
പുലികളലറി
കുയിലുകൾ പാടി
കുറു നരി കൂവീ
കളികൾ നിർത്തീ
കുട്ടികളെത്തി
കാര്യം കണ്ടവർ
കൗതുകപൂർവ്വം
ചുറ്റും നോക്കി
വാഴ്ത്തിപ്പാടി.

**പഠനം കഠിനം**

പഠനം, പഠനം, പഠനം, നന്ന്
പഠനം നല്ലൊരു കാര്യം തന്നെ
പക്ഷെ പാവം കുട്ടികളെയൊന്നു
രക്ഷിക്കേണ്ട സ്ഥിതിയാണിന്നു.
പുസ്തക ഭാരം പേറി വലിഞ്ഞു
മസ്തക പേശിയാകെ വലിഞ്ഞു
ഹസ്ത ബലവും കുറഞ്ഞീടുന്നു
സ്വസ്ഥതയാകെ മറഞ്ഞീടുന്നു.
വെളുക്കും മുമ്പേയുണർന്നീണം
കുളിക്കും മുമ്പേ കഴിച്ചീടേണം
കളിക്കും മുമ്പേ പഠിച്ചീടേണം
വിളിക്കും മുമ്പേ പോയിടേണം,
അച്ഛനനോടൊന്നുരയ്ക്കും മുമ്പേ
അമ്മയെയൊന്നു പുണരും മുമ്പേ
അക്കയെയൊന്നിണക്കും മുമ്പേ
അനുജത്തിയെക്കണ്ടും മുമ്പേ,
വീടുവിടണം സ്കൂളിൽ പോകാൻ
വൈകുന്നേരം ട്യൂഷനു പോണം
വീട്ടിൽ വന്നാൽ ഹോംവർക്കേറെ
റ്റീ.വി കാണാനില്ലൊരു നേരം.
അമ്മേടെ മടിയിലിരുന്നീടാൻ
ഉമ്മവയ്ക്കാൻ കെട്ടിപ്പുണരാൻ
കൊഞ്ചി കുഴിയാനാവില്ലല്ലോ
കിഞ്ചന വർത്തമാനവുമില്ല.
പഠനം നടക്കും വേളകളിൽ
പലരും പൊഴിഞ്ഞു പോയീടുന്നു
പലരും പല പണി ചെയ്തീടുന്നു
പലവിധ പീഢനം സഹിച്ചിടുന്നു.
ശല്യം തന്നെ വീട്ടിൽ – സ്കൂളിൽ
ശല്യം തന്നെ നാട്ടിൽ മുഴുവൻ
മൂല്യം മുഴുവൻ ചോർന്നീടുന്നു
ബാല്യം പോലും കവർന്നീടുന്നു.
കഠിനം, കഠിനം ബാലജനത്തിനു
പഠനം മൂലം ശിക്ഷകളേറിടുന്നു
വാത്സല്യവും വിഗണിക്കുന്നു
വാത്സല്യക്കുരുന്നു വാടീടുന്നു.
അച്ഛനുമമ്മയും സ്നേഹിക്കേണം
അധ്യാപകരും ദയകാട്ടേണം
അധികാരികളും ചിന്തിക്കേണം
അരുമകളെ രക്ഷിക്കേണം.

**അക്ഷരഖനി**

അക്ഷരം കണ്ടെത്തിയ
ആദ്യയാളാരാണാവോ?
അക്ഷര ഖനിയിന്നും
അക്ഷയനിധിതന്നെ !
നക്ഷത്ര ലോകത്തിലെ
പ്രകാശഗോളമെത്ര
ലക്ഷങ്ങളുണ്ടെന്നാരും
കൃത്യമായ് യെണ്ണീട്ടില്ല,
അക്ഷരമെത്രയെന്നു
ക്ലിപ്തമായറിഞ്ഞീടാം
അക്ഷയനിധിയെത്ര !
നേട്ടങ്ങളെത്രയെത്ര !!
തൂവലുമൊരു കാലം
തുണയായെത്തി, പക്ഷെ
തൂലിക പലതരം
വന്നെത്തി പലപ്പോഴായ്.........
തൂമ്പയെ തഴഞ്ഞവർ
കുറിച്ചു തങ്കത്താളിൽ
തങ്ങൾതൻ സർഗചിന്ത
സാഹിത്യം-പൊൻപേനയാൽ
അക്ഷരം പഠിച്ചപ്പോ-
ളത്ഭുതലോകം കണ്ടു
അജ്ഞത മാറ്റിയപ്പോൾ
ജീവിത ലക്ഷ്യം കണ്ടു.
കല്ലിലും തുകലിലും
കണ്ടു നാം ചിത്രലിപി
എല്ലാർക്കും ലഭ്യമായി
കടലാ, സമീല്യമായ്.........
അക്ഷരം മാത്രംപോരാ-
യതിന്റെയുള്ളിലുള്ള
ലക്ഷ്യവും കണ്ടെത്തണം
ജീവിതം ജയിച്ചീടാൻ.
അറിവിൻ ഖനിയതിൽ
കടന്നു കയറുന്നോർ
നിറയെ യെടുക്കട്ടെ
നിർലോപം നിധിയെല്ലാം
അക്ഷരമത്യത്ഭുത
മാസ്മര വിദ്യയല്ലോ
അക്ഷയ നിധി നിത്യം
നിറഞ്ഞു തന്നെ നില്ക്കും

## അനുബന്ധം – VI

# പ്രബന്ധകാരന്റെ ലഘു ജീവചരിത്രം

## എഫ്. ലായ്

1932 മാർച്ച് 25 ന് ജനനം. സ്ഥലം തിരുവനന്തപുരം പേട്ട. ഒന്നാം വയസ്സിൽ അമ്മ അന്തരിച്ചു. പിതാവ് പത്രപ്രവർത്തകൻ ഉപേക്ഷിച്ചു. ബാല്യകാലം നീണ്ടകരയിൽ പോറ്റമ്മയോട് – മുത്തശ്ശിയോട് – ഒപ്പം. വിദ്യഭ്യാസം ശക്തികുളങ്ങര സെന്റ് ജോസഫിലും കൊല്ലം സെന്റ് അലോഷ്യസിലും. 1948 ജൂൺ 18 ന് പക്ഷാഘാതം, സംപൂർണ്ണ രോഗശയ്യാവലംബി. രോഗഗ്രസ്ത ശരീരം ഒഴികെ സകലതും നഷ്ടപ്പെട്ടു. രക്ഷാകവചം ഇച്ഛാശക്തി. 1953 വരെ തിരുവനന്തപുരം MCH കളിൽ ചികിത്സ, ഭാഗിക രോഗവിമുക്തി. 1950 ഡിസംബർ 23 ന് BLITZ ന്റെ അവസാന പേജിൽ കെ.എ.അബ്ബാസ് "A brave boy Writes" എന്നെഴുതി. മിക്ക മലയാള പത്ര–വാരിക–മാസികകളിലും ധാരാളം രചനകൾ പ്രസിദ്ധീകരിച്ചു. ബാലാരാമം, ജനഹിതം, തിരമാല, അപ്സര, സാഹിത്യസാഗർ മാസികകൾ പ്രസിദ്ധീകരിച്ചു. 1953 ൽ ബാലസമാജം രൂപീകരിച്ചു. അസംഖ്യം കലാ–കായിക വിനോദ മത്സരങ്ങൾ നടത്തി. 1960–ൽ സാമൂഹ്യ സേവാസമിതിയിലും 80–ൽ പരം ഇതര സന്നദ്ധ സംഘടനകളിലും സജീവസേവനം. Akerla, DSV, IRA തുടങ്ങിയവയുടെ കൊല്ലം ജില്ലാ പ്രസിഡന്റ് എന്ന ഭാരവാഹിത്വം. 1967 വരെ Meals for Millions ലൂടെ Nutro, MPF ബാലപോഷകഭക്ഷണം സൗജന്യ വിതരണം, ദുസ്സഹയാത്രാദുരിതം ദൂരീകരിക്കാൻ സ്വകാര്യ ഠൗൺ ബസ് സർവീസ് ചവറ വരെ നീട്ടാൻ യത്നിച്ചു. അര നൂറ്റാണ്ടിലേറെ കാലം ബാലജന–ബഹുജന ക്ഷേമത്തിനായി സ്വാർത്ഥരഹിത സേവനം. പ്രസിദ്ധീകരിച്ച സാഹിത്യ സൃഷ്ടികൾ:ലേഖനം 123, കവിത 96, കഥ 12, പ്രഹസനം 7, വിവിധയിനം 54. 1996 മുതൽ കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ ഫെലോഷിപ്പിൽ ബാലസാഹിത്യ ഗവേഷണം. 100 ൽപ്പരം ദേശീയ, ശാസ്ത്രീയ, ദൃശ്യ–ശ്രാവ്യ പ്രശ്നോത്തരികൾ നാടിന്റെ നാനാ ഭാഗത്തും നടത്തി. ഉപദ്രവിച്ചവർക്കും ഉപകാരം ചെയ്തു, ശത്രുക്കളെയും മിത്രങ്ങളാക്കാൻ ശ്രമിച്ചു. "നന്നായി ചിന്തിക്കുക, പ്രവർത്തിക്കുക, നല്ലവനാകുക നന്മ ചെയ്യുക" എന്നത് ജീവിതാദർശം. BPA, KVS ഹ്യൂമനിസ്റ്റ് ലീഗ്, എന്നീ സംഘടനകൾ സംസ്ഥാന തലത്തിൽ രൂപീകരിച്ചു. ബാലജനപ്രീതി ജീവിത വൈഷമ്യമകറ്റി, ആയുർദൈർഘ്യമേറ്റി. അവിവാഹിതൻ, സ്വകാര്യ ട്യൂഷൻ മാസ്റ്റർ, സ്ത്രീ വിമോചക പ്രചാരകൻ, സ്വതന്ത്രചിന്തകൻ.


വസതി: കൊല്ലം ജില്ലയിൽ നീണ്ടകര പാലത്തിന് ഒന്നര കിലോ മീറ്റർ വടക്ക് NH47 നു സമീപം പള്ളാക്കൽ ജംഗ്ഷനിൽ.

വിലാസം : ലയം, നീണ്ടകര–691582, കൊല്ലം.

### അനുബന്ധം – VII

# ഗവേഷണ പഠന സംശോധകങ്ങൾ

| | | | |
|---|---|---|---|
| I | കുഞ്ചൻ നമ്പ്യാരുടെ സ്യമന്തകം | | |
| II | കുമാരനാശാന്റെ ബാലകവിതകൾ | | |
| III | ഇരയിമ്മൻ തമ്പിയുടെ താരാട്ടു പാട്ട് | | |
| IV | ജി. ശങ്കരകുറുപ്പിന്റെ ബാലകവിതകൾ | | |
| V | കുഞ്ഞുണ്ണിക്കവിതകൾ | | |
| VI | കെ. ആർ പ്രഭയുടെ കുട്ടിക്കവിതകൾ | | |
| VII | തെരഞ്ഞെടുത്ത ബാലകവിതകൾ–1992 | | |
| VIII | എൻ.ബി.എസ്സിന്റെ സമ്മാനപ്പെട്ടികൾ | | |
| IX | ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ | | |
| X | മലയാളത്തിലെ നാടൻ പാട്ടുകൾ | | |
| XI | മലയാള ചലച്ചിത്ര ഗാനങ്ങൾ | | |
| XII | ബാലയുഗം | – | ബാലമാസിക |
| XIII | ബാലരമ | – | ബാലദ്വൈവാരിക |
| XIV | ബാലമംഗളം | – | " |
| XV | ബാലഭൂമി | – | " |
| XVI | മുത്തശ്ശി | – | ബാലമാസിക |
| XVII | യുറീക്ക | – | " |
| XVIII | പൂമ്പാറ്റ | – | " |
| XIX | തളിര് | – | " |
| XX | കുട്ടികളുടെ ദീപിക | – | ബാലദ്വൈവാരിക |
| XXI | കളിക്കുടുക്ക | – | ശിശുദ്വൈവാരിക |



# ബാലാരാമം

(ഗവേഷണപഠനം)

എഫ്. ലായ്

ഒരു സൈന്ധവ പ്രസിദ്ധീകരണം

# ബാലാരാമം

(ഗവേഷണപഠനം)

## എഫ്. ലായ്



Indic Digital Archive Foundation
gpura.org